TAB

# TRICHUR ARCHDIOCESAN BULLETIN

2022 ഡിസംബർ വാല്യം: 89 ലക്കം: 12




ആട്ടിടയന്മാർക്ക് ലഭിച്ച സന്ദേശം (ലൂക്ക 2.10)

## അഭിവന്ദ്യപിതാക്കന്മാർക്ക് ജന്മദിനാശംസകൾ






Trichur Archdiocesan Bulletin TAB
ESTD: 1934

**ഡിസംബർ 2022**

ലക്കം: 12 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary’s Orphanage Press

*Published from*
Archbishop’s House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



ഇടയലേഖനം 4
സർക്കുലർ 9
കച്ചേരിക്കാര്യം 14
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 17
സഹായമെത്രാന്റെ പരിപാടികൾ 18
നാളാഗമം 20
നാമകരണ നടപടികൾ 24
വൈദികർ 28
സന്യസ്തർ 31
സാമ്പത്തിക കാര്യാലയം 36
മതബോധനം 37
സ്ഥാപനങ്ങൾ 44
സംഘടനകൾ 65

# ഇടയലേഖനം

**മാർ ആൻഡ്രൂസ് താഴത്ത്**

2448/ 2022 PL-3
22.11.2022

മിശിഹായിൽ പ്രിയ ബഹു.വൈദികരെ, സമർപ്പിതരെ, സഹോദരി–സഹോദരന്മാരെ,

ക്രിസ്തുവിന്റെ ജനനത്തെ അറിയിച്ചുകൊണ്ട് മാലാഖ ആട്ടിടയരോട് പറഞ്ഞു: *'ഭയപ്പെടേണ്ട, ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു* (ലൂക്ക 2, 10–11). എല്ലാ ജനത്തിനും ശാന്തിയും സമാധാനവും നൽകുന്ന സദ്‌വാർത്തയാണ് ക്രിസ്തുമസ്സ്. മാലാഖമാരുടെ ഈ ശാന്തിഗീതം ആലപിച്ചുകൊണ്ടാണല്ലോ നാം എപ്പോഴും വി. കുർബാന ആരംഭിക്കുന്നതുതന്നെ. നമ്മുടെ അതിരൂപതയിലെ എല്ലാവർക്കും – പ്രിയപ്പെട്ട വൈദികർക്കും സന്യാസസമർപ്പിതർക്കും അത്മായസഹോദരങ്ങൾക്കും – ആദ്യമേത്തന്നെ ക്രിസ്തുമസ്സിന്റെ ശാന്തിയും സമാധാനവും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

ക്രിസ്തുമസ്സ് നൽകുന്നത് സദ്‌വാർത്തയാണ്. ഇന്ന് എന്നപോലെ ആദ്യ ക്രിസ്തുമസ്സിലും വാർത്തകളെ ആകർഷിക്കുന്നത് സെൻസേഷൻ ഉളവാക്കുന്ന വാർത്തകൾ തന്നെയായിരുന്നു. എന്നാൽ, ക്രിസ്തുവിന്റെ ജനനം നിഷേധാത്മകമായ വാർത്തയായിരുന്നില്ല; മനംമടുപ്പിക്കുന്ന നിഷേധങ്ങളുടെ മധ്യത്തിലും പ്രത്യാശനൽകുന്ന വാർത്തയായിരുന്നു: *"നമുക്ക് ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു*

*അവതീർണ്ണനായിരിക്കുന്നു*". നമുക്ക് ചുറ്റിലുമുള്ള വെല്ലുവിളികൾ നമ്മുടെ ആത്മവീര്യം നഷ്ടപ്പെടുത്തുന്നുണ്ടാകാം. അനുദിനചിലവുകൾ വർദ്ധിച്ചതിനാൽ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവരുണ്ട്. ഭാവിയിലേക്ക് ലക്ഷ്യം വച്ച് മുന്നേറുന്ന യുവതയുടെ മുമ്പിൽ അരക്ഷിതത്വത്തിന്റെ കാർമേഘം ഉയരുന്നുണ്ട്. തൊഴിലിടങ്ങളിലും സർക്കാർ സംവിധാനങ്ങളിലും പ്രത്യാശ നഷ്ടപ്പെട്ടവർ നിരവധിയാണ്. രോഗങ്ങളും വ്യാധികളും അലട്ടുന്നവരുണ്ട്. പാരിസ്ഥിതിക വ്യതിയാനങ്ങളും മൃഗശല്യവും നമ്മുടെ കർഷകരെയും മറ്റ് പല പദ്ധതികൾ മത്സ്യതൊഴിലാളികളെയും വഴിയാധാരമാക്കുന്നുണ്ട്. കുട്ടികൾക്കുമുണ്ട് അവരുടേതായ പരിദേവനങ്ങൾ. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിലും അനേകം പ്രതിസന്ധികളുണ്ട്. ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ അവയവങ്ങളായി വിവിധ സഭാശുശ്രൂഷകൾക്കുള്ള വിളി സ്വീകരിച്ചിരിക്കുന്നവരെ വിശ്വാസത്തിലും സ്നേഹത്തിലും ചേർത്തു നിർത്തുവാനുള്ള വെല്ലുവിളികൾ, സഭാസംവിധാനങ്ങളെയും വിശ്വാസജീവിതത്തെയും ഇകഴ്ത്തിക്കാണിക്കുന്ന നിരീശ്വരത്വത്തിന്റെയും മതതീവ്രവാദത്തിന്റെയും സെക്യുലറിസത്തിന്റെയും നവംനവങ്ങളായ രൂപങ്ങൾ, കോവിഡാനന്തര സഭയിലെ വിശ്വാസകാര്യങ്ങളിലും സഭാജീവിതത്തിലുമുള്ള താൽപര്യമില്ലായ്മ, ക്രിസ്തീയബോധ്യങ്ങളുടെയും സഭാസ്നേഹത്തിന്റെയും കുറവ് തുടങ്ങിയ നിരവധിയായ വെല്ലുവിളികളാണ് സഭ നേരിട്ടുകൊണ്ടിരിക്കുന്നത്.

ക്രിസ്തുമസ്സിന് ഒരുക്കമായുള്ള ഇരുപത്തിയഞ്ച് നോമ്പ് കർത്താവിലേക്ക് കണ്ണുകളുയർത്താനുള്ള പ്രാർത്ഥനയുടെ ദിനങ്ങളാണ്. സങ്കീർത്തകന്റെ ഹൃദയവിചാരങ്ങൾ ഈ ഒരുക്കദിനങ്ങളിൽ നമ്മെ നയിക്കട്ടെ. "*അങ്ങയുടെ രക്ഷയ്ക്കുവേണ്ടി കാത്തിരുന്നു ഞാൻ തളർന്നു; ഞാൻ അങ്ങയുടെ വാഗ്ദാനത്തിൽ പ്രത്യാശ വയ്ക്കുന്നു*" (സങ്കീ. 119,81). അവിടുത്തെ രക്ഷക്കുവേണ്ടിയുള്ള കാത്തിരിപ്പ് അവിടുത്തേക്കുവേണ്ടിയുള്ള കാത്തിരിപ്പുതന്നെയാണ്. "*രാത്രിയിൽ എന്റെ ഹൃദയം അങ്ങേക്കുവേണ്ടി ദാഹിക്കുന്നു, എന്റെ ആത്മാവ് അങ്ങയെ തേടുന്നു. എന്തെന്നാൽ, അങ്ങയുടെ കൽപന ഭൂമിയിൽ ഭരണം നടത്തുമ്പോൾ ഭൂവാസികൾ നീതി അഭ്യസിക്കുന്നു*" (ഏശ. 26,9).

നൂറ്റാണ്ടുകൾ നീണ്ട മനുഷ്യകുലത്തിന്റെ കാത്തിരിപ്പിനും പ്രാർത്ഥനകൾക്കും നെടുവീർപ്പുകൾക്കുമുള്ള ഉത്തരമായാണ് സർവ്വ അന്ധകാരത്തെയും ഇല്ലാതാക്കാൻ നീതിസൂര്യനായ പുത്രൻതമ്പുരാൻ, കർത്താവായ ക്രിസ്തു, പാതിരാവിനെ പ്രകാശിപ്പിച്ച് ബത്‌ലഹെമിലെ പുൽക്കൂട്ടിൽ പിറന്നു വീണത്. കർത്താവിന്റെ ഭരണം ഈ ലോകത്ത് നിറവേറാൻ അവിടുത്തെ കല്പനകൾ ഭരണം നടത്തണമെന്ന് ഇസ്രായേൽ ജനം ആഗ്രഹിച്ചു കാത്തിരുന്നു. അവിടുത്തെ വചനം ഈ ഭൂമിയിൽ നിരന്തരം വസിക്കണമെന്ന് അവർ പ്രാർത്ഥിച്ചു. എന്നാൽ, മനുഷ്യന്റെ സ്വപ്നങ്ങൾക്കുമപ്പുറത്ത് വചനമാകട്ടെ ഒരു മനുഷ്യനായി ശരീരമെടുത്ത് നമ്മിലൊരുവനായി വന്നു വസിച്ചു (യോഹ. 1,14). എന്തിനുവേണ്ടി? നമ്മുടെ മനുഷ്യത്വത്തെ പാപത്തിൽ നിന്ന് വീണ്ടെടുക്കാൻ. ദൈവത്തിന്റെ അവാച്യവും വിസ്മയാവഹവുമായ ഈ രക്ഷാകരപദ്ധതിയെ നമുക്ക് പ്രകീർത്തിക്കാം. ഇന്നത്തെ നമ്മുടെ ജീവിതത്തിന്റെ അന്ധകാരങ്ങളുടെയും അരക്ഷിതത്വത്തിന്റെയും മധ്യത്തിൽ, നമ്മിലെ അന്ധകാരത്തെ അത്ഭുതാവഹമായി ഇല്ലാതാക്കുന്ന, നമ്മുടെ പ്രതീക്ഷയറ്റ ജീവിതങ്ങളിൽ രക്ഷയുടെയും പുതുജീവന്റെയും വർത്തമാനകാലത്തെ ഇടപെടലായി നമുക്ക് ക്രിസ്തുമസ് നൽകുന്ന ഈ സദ്വാർത്ത സ്വീകരിക്കാം.

നമ്മുടെ ജീവിതത്തിന്റെ പ്രത്യാശയറ്റ ഇരുണ്ട മേഖലകളിലേക്ക് നമുക്ക് കർത്താവിനെ വരവേൽക്കാം. നമ്മുടെ അജപാലനപ്രവർത്തനങ്ങളിൽ വിവിധ കാരണങ്ങളാൽ ഒരുതരം മടുപ്പും നിസ്സംഗതയും കടന്നുവന്നിട്ടുണ്ടാകാം. ഈ ക്രിസ്തുമസ് പുതിയ ഉണർവ് നമുക്ക് നൽകട്ടെ. അതിരൂപതാ അസംബ്ലിയുടെ ചുവട് പിടിച്ച് നാം അടുത്തവർഷം യുവജനശുശ്രൂഷയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. ലഹരിവസ്തുക്കളുടെ സുലഭത, ക്രമരഹിതമായ പ്രണയാഹ്വാനങ്ങൾ, വിവാഹേതരബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാമ്പസുകൾ, അക്രമങ്ങളെയും അനീതിയെയും ന്യായീകരിക്കുന്ന സംഘടനാപരിസരങ്ങൾ തുടങ്ങി നിരവധി പ്രതികൂലമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന അനേകം യുവജനങ്ങൾ നമ്മുടെ ഇടവകകളിലുണ്ട്. യുവജനങ്ങളിലുള്ള പ്രതീക്ഷ നഷ്ടപ്പെടുത്താതെ, മനസ്സ് മടുക്കാതെ നമ്മുടെ ഇടവകയിലെയും അതിരൂപതയിലെയും യുവജനങ്ങളെ നമുക്ക് ചേർത്തുപിടിക്കാം. അത്തരത്തിലുള്ള അനേകം പ്രവർത്തനങ്ങൾ ഈ വർഷാവസാനം നിങ്ങളുടെ ഇടവകയിലെ പാക്ടിന്റെ സഹായത്തോടെ പ്രതിനിധിയോഗം അംഗീകരിച്ച് നിങ്ങൾ

പ്രസിദ്ധീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

പ്രത്യാശ നഷ്ടപ്പെടാതെ നമ്മുടെ കുടുംബങ്ങളെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും സഭയുടെ മടിത്തട്ടിൽ, സഭാജീവിതത്തിലേക്ക് ഉൾച്ചേർത്ത് മുന്നോട്ടുനയിക്കാൻ എല്ലാ മാതാപിതാക്കളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. കൂദാശാനുഷ്ഠാനങ്ങളിലൂടെ, പ്രത്യേകിച്ച് വി. കുമ്പസാരവും വി. കുർബാനയും ക്രമമായി സ്വീകരിച്ചുകൊണ്ടുള്ള സഭാജീവിതത്തിലൂടെ നമ്മുടെ കർത്താവിന്റെ ഹിതം നാം തിരിച്ചറിയുകയും മക്കൾക്ക് അവരെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയാൻ പഠിപ്പിക്കുകയും പരി. അമ്മയെപ്പോലെ ദൈവഹിതത്തിന് ആമേൻ പറയാൻ പരിശീലിപ്പിക്കുകയും വേണം. അപ്പോൾ നമ്മുടെ ഭവനം യഥാർത്ഥത്തിൽ ബത്‌ലെഹം ആയി മാറും. ബത്‌ലെഹം അപ്പത്തിന്റെ ഭവനമാണ്. ദൈവഹിതമറിഞ്ഞ് കൂദാശകളിൽ പരിപോഷിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സ്വന്തം ഭവനമായി നമ്മുടെ ഭവനങ്ങൾ മാറട്ടെ.

നമ്മുടെ അതിരൂപതക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ നിങ്ങൾ മറക്കരുതേ. അതിരൂപതാപ്രവർത്തനങ്ങൾ ഏവർക്കും, പ്രതേകിച്ച് പാവപ്പെട്ടവർക്കും ആലംബഹീനർക്കും, പ്രത്യാശയുടെ ഇടമായി മാറാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. ഇതിനകം നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന അതിരൂപതയുടെ കാരുണ്യഫണ്ടിലേക്കുള്ള നിങ്ങളുടെ സംഭാവന നൽകാനുള്ള കവർ, നമ്മുടെ അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിൽ നിങ്ങളുടെ പങ്ക് നിർവഹിക്കുന്നതിന് നിങ്ങൾക്കുള്ള സുവർണാവസരമാണ്. നമ്മുടെ അതിരൂപതയുടെ ആതുരസേവന പ്രവർത്തനങ്ങളും ആതുരാലയങ്ങളും ഈ ദൗത്യമാണല്ലോ നിർവഹിക്കുന്നത്. ഈ ക്രിസ്തുമസ് കാലത്ത് അവ സന്ദർശിക്കുവാനും നിങ്ങളുടെ കാരുണ്യത്തിന്റെ കരം നീട്ടുവാനും പരിശ്രമിക്കുമല്ലോ.

പ്രത്യാശയുടെയും കാരുണ്യത്തിന്റെയും ക്രിസ്തുമസ്സ് സദ്വാർത്ത ലോകത്തെ മുഴുവൻ അറിയിക്കാൻ കോവിഡിന്റെ ഇടവേളക്കുശേഷം നാം വീണ്ടും ബൊൻ നത്താലെ ആഘോഷിക്കാനായി ഒരുങ്ങുകയാണ്. ഡിസംബർ 27 ാം തിയതി ഉച്ചകഴിഞ്ഞാണ് തൃശ്ശൂർ സ്വരാജ് റൗണ്ടിൽ നാം അതിരൂപതാതലത്തിൽ ബോൺനതാലെ ആഘോഷിക്കുന്നത്. നിങ്ങൾ എല്ലാവരുംതന്നെ ഈ ആഘോഷങ്ങളിൽ പങ്കെടുക്കാൻ

പരിശ്രമിക്കുമല്ലോ. ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഇടവകതലത്തിൽ ബൊൻ നത്താലെ ആഘോഷിച്ച് ക്രിസ്തുമസ് സന്തോഷം പകരാൻ എല്ലാ ഇടവകകളും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ മുൻകൈയെടുക്കുമല്ലോ. ഫ്രാൻസിസ് പാപ്പാ ഓർമ്മപ്പെടുത്തുന്നതുപോലെ, ക്രിസ്തുമസ് ഒരു ലൗകികമായ ആഘോഷമോ സുന്ദരമായ ഒരു ഭൂതകാലസംഭവത്തിന്റെ കേവലം അനുസ്മരണമോ അല്ല; അത് ക്രിസ്തുവിനെ ഇന്ന് കണ്ടുമുട്ടുന്ന അനുഭവമാണ്. ബൊൻ നത്താലെയിലൂടെ നമ്മുടെ സമൂഹത്തിലെ അനേകർ ക്രിസ്തുവിനെ അവരുടെ ജീവിതത്തിൽ ഇടപെടുന്നവനായി കണ്ടെത്താൻ ഇടവരട്ടെ. നമ്മുടെ ഇടയിലെ പാവപ്പെട്ടവർക്ക് ബൊൻ നത്താലെ സന്തോഷത്തിന്റെ സദ്വാർത്തയാകാൻ അവരുടെ നേരെ നമ്മുടെ സഹായഹസ്തം നീട്ടാം. കാരുണ്യപ്രവൃത്തികളിലൂടെ, പ്രത്യേകിച്ച്, ക്രിസ്തുമസ് കാലത്തെ ഉപവി പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവർ ക്രിസ്തുവിനെ തിരിച്ചറിയാൻ ഇടയാകട്ടെ.

തൃശ്ശൂരിലെ ഉത്തരവാദിത്തത്തോടൊപ്പം എറണാകുളം-അങ്കമാലി അതിരൂപതയിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന ദൗത്യവും C.B.C.I പ്രസിഡണ്ട് എന്ന ദൗത്യവും നിർവഹിക്കാൻ ഭരമേൽപിക്കപ്പെട്ടിരിക്കുന്നതിനാൽ നിങ്ങൾ എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവവും അവിടുത്തെ സഭയും ആഗ്രഹിക്കുന്ന രീതിയിൽ ഈ ദൗത്യങ്ങൾ നിറവേറ്റാൻ ദിവ്യരക്ഷകനോട് നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവം ആശംസിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 2022 ഡിസംബർ 11-ാം തിയ്യതി ഞായറാഴ്ച്ച വി. കുർബ്ബാന മദ്ധ്യേ അതിരൂപതയിലെ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. +AT

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3802/KCBC/K-35/OL/DS
07.11.2022

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരളസഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കൊസ്താ മുതൽ 2025 പെന്തക്കൊസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20–22) എന്ന ആപ്തവാക്യം ഈ വചനപാരായണമാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (ക

ഹാൽ- ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനം സ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (എഫേ 2,4-8; അപ്പ 2,37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8-10).

**2. ക്രിസ്തുവിൽ**

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis)പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ 1,23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ട് കഴുകി, വചനത്താൽ വെൺമയുള്ളതാക്കി മഹത്വപൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (എഫേ 5,27-29); അവളെ തന്റെ ശരീരവും നിർമലവധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

**3. സഭയാകുന്ന ഭവനം**

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഏക ശരീരമായി മാറുന്നു (എഫേ 4,3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3,16; 2 കോറി 6,16; എഫേ 2,21). സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയ ഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെയാണ് (1 പത്രോ 2,4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

4. **പണിയപ്പെട്ടുകൊണ്ടിരിക്കുന്നു**

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13.).

പൂർണ്ണത തേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (1 കോറി 15,21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും  കർമം കൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയുടെ അടിസ്ഥാനകർത്തവ്യനിർവഹണമായ സുവിശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യ
മാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമപഠനബൈബിൾ പുറത്തിറക്കാൻകഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ

ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണ മാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തിയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തു

വാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ

---

*പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി – 682 025*

NB: 2022 ഡിസംബർ 18–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി വാർത്തകൾ

ഡിസംബർ 2022

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : ഇരുപത്തിയഞ്ച് നോമ്പാരംഭം
2 : *ആദ്യവെള്ളി*
3 : വി. ഫ്രാൻസിസ് സേവ്യർ
4 : **മംഗളവാർത്ത രണ്ടാം ഞായർ**
7 : വി. അംബ്രോസ്
8 : പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ
11 : **മംഗളവാർത്ത മൂന്നാം ഞായർ**
14 : കുരിശിന്റെ വി. യോഹന്നാൻ
18 : **മംഗളവാർത്ത നാലാം ഞായർ**
മൈലാപ്പൂരിലെ അത്ഭുതസ്ലീവാ
25 : **ന. കർത്താവിന്റെ പിറവിത്തിരുന്നാൾ**
**പിറവി ഒന്നാം ഞായർ** (കടമുള്ള ദിവസം)
തിരുക്കുടുംബം
26 : വി. എസ്തപ്പാനോസ്
27 : വി. യോഹന്നാൻ ശ്ലീഹാ
28 : കുഞ്ഞിപ്പൈതങ്ങൾ
30 : ദൈവമാതൃത്വ തിരുനാൾ
31 : വർഷാവസാനം

## 2. ഡിസംബർ മാസത്തെ പരിപാടികൾ

3 : കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം (9:00 am)
8 : വൈദികസമിതി യോഗം (2:30 pm)
15–20 : ഡീക്കന്മാർക്കുള്ള ക്ലാസ്സ്
15 : ആലോചനസമിതി യോഗം (10:30 am)
16 : ട്രൈബ്യൂണൽ + കൂരിയ മീറ്റിംഗ് (11:00 am)

23 : ക്രിസ്തുമസ്സ് ഈവ് (6:30 pm) (ആർച്ച്ബിഷപ്സ് ഹൗസ്)

27 : ബൊൻ നത്താലെ

**3. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം:**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. ഓഫീസ് അവധി:**

2022 ഡിസംബർ 22 മുതൽ 2023 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിര ഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**6. തിരുപ്പട്ടസ്വീകരണങ്ങൾ:**

അതിരൂപതക്കുവേണ്ടി 2022 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 4 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | |
|---|---|---|---|
| ഡീ. ജോൺ പുത്തൂർ | വിയ്യൂർ | 26–12–2022 | 09.00 am |
| ഡീ. ഡേവിസ് പുലിക്കോട്ടിൽ Jr. | ചിറ്റാട്ടുകര | 27–12–2022 | 09.00 am |
| ഡീ. സിനോജ് നീലങ്കാവിൽ | തിരൂർ | 28–12–2022 | 02.00 pm |
| ഡീ. ഡെറിൻ അരിമ്പൂർ | കാരമുക്ക് | 29–12–2022 | 02.00 pm |

**7. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2023 ഫെബ്രുവരി 2ന് വ്യാഴാഴ്ച്ച രാവിലെ 10ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**8. ഡയറി 2023:**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കുള്ള ഡയറി കത്തോലിക്കാസഭ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**9. വൈദികനിയമനം:**

1. ഫാ. ജിഫി മേക്കാട്ടുകുളം – സീറോമലബാർ സഭയുടെ ലിറ്റർജിക്കൽ കമ്മീഷൻ സെക്രട്ടറിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അനുവാദം; വികാരി മുല്ലക്കര & കപ്ലോൻ സി. എസ്. സി. ഒഴിവായി; സാധുത 2022 ഒക്ടോബർ 26 മുതൽ.
2. ഫാ. ബിൽജു വാഴപ്പിള്ളി – വികാരി ഇൻ ചാർജ്ജ് മുല്ലക്കര & കപ്ലോൻ സി. എസ്. സി. കൂടി. സാധുത 2022 ഒക്ടോബർ 26 മുതൽ.
3. ഫാ. ജോയ് കൂത്തൂർ – എൽത്തുരുത്ത് ഇടവകയുടെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള പ്രത്യേക വികാരി; സാധുത 2022 ഒക്ടോബർ 27 മുതൽ.
4. ഫാ. പോൾ മാളിയമ്മാവ് – അസി. ഡയറക്ടർ കെ. എൽ. എം. കൂടി; സാധുത 2022 ഒക്ടോബർ 28 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

**ശിമയോൻ പറഞ്ഞു: സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു.അത് വിജാതീയർക്കു വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയും ആണ്.**

(ലൂക്കാ 2, 31–32)

# ENGAGEMENTS

**2022 DECEMBER Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Inauguration of Jerusalem Retreat Centre Convention |
| 02 | Fri | Morning | Holy Mass at St. Paul's Gurukulam, Thiruvillamala |
| | | Evening | Sneholsavam Marymatha — Holy Mass |
| 03 | Sat | Morning | Meeting of Trustees and Clerks |
| | | Afternoon | Visit to families of Deacons |
| 05-07 | | | KCBC Meeting |
| 08 | Thu | Afternoon | Presbyteral Council |
| 09 | Fri | Morning | Holy Mass at Spiritual Animation Centre |
| 10 | Sat | Morning | Blessing of Renovated Sanctuary at Viyyur<br>Holy Mass — Celebration of Golden Jubilee of Marriage at Lourdes Cathedral |
| | | Afternoon | Jubilee celebrations of Fr. John Chungath at Kottappadi |
| 11 | Sun | Afternoon | Bible Apostolate Award Day<br>Kripabhishekam Convention at Parappur |
| 15 | Thu | Afternoon | Consulters' Meeting |
| 16 | Fri | Morning | Tribunal + Curia Meeting |
| | | Evening | JMMC Trust Meeting |
| 17 | Sat | Morning | Holy Mass — Celebration of Silver Jubilee of Marriage at Lourdes Cathedral |
| 18 | Sun | Afternoon | KLM Annual General Body |
| 20 | Tue | Evening | Christmas Eve at Dolours Basilica |
| 22 | Thu | Morning | Mathruvedi Meeting at Lourdes Cathedral |
| 23 | Fri | Evening | Christmas Eve at Thrissur Archbishop's House |
| 24 | Sat | Morning | Holy Mass at Madona Nagar Kachery and Blessing of "Pulkudu". |
| | | Evening | Holy Mass and Christmas Eve at Lourdes Cathedral |
| 25 | Sun | Afternoon | Blessing of New Church at Kaiparambu |

| | | | |
|---|---|---|---|
| 26 | Mon | Morning | Priestly Ordination of Dn. John Puthur at Viyyur |
| | | Evening | Concluding ceremony of Centenary celebrations of CLC at Ammadam Parish |
| 27 | Tue | Afternoon | Buon Natale |
| 28 | Wed | Morning | Priestly Ordination of Dn. Sebin Chonedath CMI at Pudukkad |
| | | Afternoon | Priestly Ordination of Dn. Sinoj Neelankavil at Thiroor |
| 29 | Thu | Morning | Jesus Youth All Kerala Family Meet at Kuriachira |
| | | Afternoon | Priestly Ordination of Dn. Derin Arimbur at Karamukku |
| 30 | Fri | Morning | Priestly Ordination of Dn. Tojo Vazhayil at Ullala, Ekm. |
| 31 | Sat | Morning | Priestly Ordination of Dn. Sachin Mambuzha at Basilica Cathedral, Ekm. |
| | | Evening | Conclusion of Centenary Celebrations of Puthur Parish |

# ENGAGEMENTS

## 2022 DECEMBER Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | All Day | Mangalapuzha Seminary Commisssion |
| 02 | Fri | Evening | Holy Mass Sneholsavam |
| 03 | Sat | Morning | Holy Mass @ S.D. Convent Anchery |
| | | Morning | Kaikkars and Clerks Meeting |
| | | Afternoon | Deacons House Visit |
| 04 | Sun | Afternoon | New Couple Meet @ Family Apostolate |
| | | Afternoon | Holy Mass @ Basilica |
| | | Evening | Finance Council |

| | | | |
|---|---|---|---|
| 05-07 | | All Days | KCBC Meeting |
| 8 | Thu | Morning | Holy Mass @ Minor Seminary |
| | | Morning | Holy Mass @ Shekinah |
| | | Afternoon | Presbyteral Council |
| | | Afternoon | Holy Mass @ Choondal |
| 9 | Fri | All Day | DBCLC Training Programme |
| 10 | Sat | Morning | Kottapady Golden Jubilee |
| 11-12 | | All Days | Wadakkanchery Pastoral Visit |
| 14 | Wed | All Day | Gurukulam Visit |
| 15 | Thu | Morning | Consultors' Meeting |
| | | Evening | Home day Inauguration @ Peace Home |
| 16 | Fri | Morning | Tribunal & Curia Meeting |
| | | Evening | Talk For Deacons @ DBCLC |
| 17 | Sat | Afternoon | Sepcial School Jubilee @ Mulloorkara |
| 18 | Sun | Afternoon | Holy Mass @ Trinity Couple Meet |
| | | Afternoon | Holy Mass @ Kolazhi |
| 19 | Mon | Evening | Resource Persons' Meet @ family Apostolate |
| 20 | Tue | Afternoon | Christmas Eve @ Basilica |
| 22 | Thu | Afternoon | Mathruvedi Diocese Sangamam |
| | | | Holy Mass @ Lourde Mathruvedi |
| 23 | Fri | Morning | Holy Mass @ Amballur |
| | | Evening | Christmas Eve @ Archbishop House |
| 24 | Sat | Evening | Christmas Holy Mass @ Basilica |
| 26 | Mon | Morning | Ordination @ Chittisserry |
| 27 | Tue | Morning | Ordination @ Chittattukara |
| | | Afternoon | Buon Natale |
| 28 | Wed | Morning | Holymass @ Kaiparambu |
| 29 | Thu | Morning | Ordination @ Nellikkunnu |
| 30 | Fri | Morning | Ordination @ Chengalur |
| 31 | Sat | Morning | Ordination @ Mannuthy |

# നാളാഗമം

## ഒക്ടോബർ 2022

1. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് പുതുതായി നിർമ്മിച്ച പൂമല ദൈവാലയം കൂദാശ ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തി സമരിറ്റൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വയോജനങ്ങൾക്കായി നടത്തുന്ന പിക്നിക് ഉദ്ഘാടനം ചെയ്തു. പറോക് ഡിപ്ലോമ കോഴ്സിന്റെ സമാപനത്തിൽ പങ്കെടുത്തു.
2. അഭിവന്ദ്യ ടോണി പിതാവ് വരവൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി. പറോക് ഡിപ്ലോമ കോഴ്സി ന്റെ കോൺവൊക്കേഷൻ നടത്തി. കൂനംമുച്ചി ഇടവകദിനം ഉദ്ഘാടനം ചെയ്തു.

2–13. ആൻഡ്രൂസ് പിതാവ് റോം സന്ദർശനത്തിനായി യാത്രതിരിച്ചു.

3. അഭിവന്ദ്യ ടോണി പിതാവ് ജീസസ് യൂത്ത് സ്റ്റേറ്റ് മീറ്റിംഗിൽ പങ്കെടു ത്തു.
4. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാൽവരി ആശ്രമത്തിൽ വി. ബലിയർപ്പിച്ചു. മദ്യവിരുദ്ധസമിതിയുടെ ജൂബിലി മീറ്റിംഗിലും കൺസ്ട്രക്ഷൻ കമ്മിറ്റിയുടെ മീറ്റിംഗിലും പങ്കെടുത്തു.
5. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തിരൂർ യൂത്ത് മീറ്റിൽ വി. ബലിയർപ്പിച്ചു.
7. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വേലൂർ ഇടവകയുടെ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ജറുസലേം ധ്യാനകേന്ദ്രത്തിൽ തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തി. ചൂണ്ടലിൽ സി.എം.സി. സിസ്റ്ററിന്റെ മൃതസംസ്കാരശുശ്രൂഷ നടത്തി. പേരാമം

ഗലം അൾത്താര വെഞ്ചിരിപ്പും മദ്ബഹാ വെഞ്ചിരിപ്പും നടത്തി.

8. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുക്കാട്ടുക്കര ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ കോൺവൊക്കേഷൻ ഡേയിൽ പങ്കെടുത്തു. സി.ആർ.ഐ. മീറ്റിംഗിൽ പങ്കെടുത്തു.
9. അഭിവന്ദ്യ ടോണി പിതാവ് ഹൈദരാബാദിൽ നിയുക്ത മെത്രാന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.
10. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാഞ്ഞാണിയിൽ കുടുംബകൂട്ടായ്മ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ചുള്ള ഭവനം വെഞ്ചിരിച്ചു. ഉച്ചക്കഴിഞ്ഞ് ടിംഹാൻസിൽ ബലിപീഠവെഞ്ചിരിപ്പ് നടത്തി.
11. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലെ അൽഫോൻസാ ചാപ്പലിൽ ഡിഗ്രിക്കാർക്കായി വി. ബലിയർപ്പിച്ചു.
12. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ജൂബിലിയിലെ നാക് വിസിറ്റിൽ പങ്കെടുത്തു.
13. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറൂർ വിമല കോളജ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ ഫിസിക്സ് ലാബ് ഉദ്ഘാടനം നടത്തി. സെന്റ് തോമസ് കോളേജിലെ നാക് വിസിറ്റിൽ പങ്കെടുത്തു.
14. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു.
15. അഭിവന്ദ്യ പിതാക്കന്മാർ സെന്റ്. മേരീസ് മൈനർ സെമിനാരിയിലെ ഉപകാരികളുടെ മീറ്റിങ്ങിൽ (Benefactos' Day) പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് അരിമ്പൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.
16. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സിയിൽ വെച്ച് സംഘടിപ്പിച്ച യുവ മതാദ്ധ്യാപകർക്കുള്ള ക്യാമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് സംഘടിപ്പിച്ച എ. എഫ്. സി. യുടെ രണ്ടാമത്തെ വാർഷിക ആഘോഷത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വലക്കാവ് ഇടവകയിലെ സങ്കീർത്തി വെഞ്ചിരിക്കുകയും വി.ബലിയർപ്പിക്കുകയും ചെയ്തു.
17. അഭിവന്ദ്യ താഴത്ത് പിതാവ് അരണാട്ടുകര ഇൻഫന്റ് ജീസസ് സ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ആശീർവാദം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തിയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

18. അഭിവന്ദ്യ ടോണി പിതാവ്  രാവിലെ മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് കുറ്റൂർ സിയോൺ സെന്ററിൽ വി. ബലിയർപ്പിച്ചു.
19. അഭിവന്ദ്യ താഴത്ത് പിതാവ് ചിറ്റാട്ടുകരയിൽ കുടുംബ കൂട്ടായ്മ കേന്ദ്രസമിതി നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ ആശിർവാദം നിർവഹിച്ചു. തുടർന്ന് ആർത്താറ്റ് ഇടവകയിലെ പ്രോലൈഫ് പ്രവർത്തകനും അഞ്ച് കുട്ടികളുടെ പിതാവുമായ ചുങ്കത്ത് തോമസിന്റെ മൃതദേഹസംസ്കാരത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഒളരിയിൽ ഹോളിഫാമിലി സിസ്റ്ററിന്റെ മൃതസംസ്കാരത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് ചിയ്യാരം കോൺവെന്റിൽ സി.എം.സി. സിസ്റ്ററിന്റെ മൃതസംസ്കാരത്തിൽ പങ്കെടുത്തു. വൈകീട്ട് പാവറട്ടിയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
20. സെൻറ് തോമസ് കോളേജിലെ NAC സന്ദർശനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.
21. അഭിവന്ദ്യ താഴത്ത് പിതാവ് ചേലക്കര ഹോളിഫാമിലി മഠത്തിൽ സി. വിൽഫ്രഡിന്റെ മൃതദേഹ സംസ്കാരത്തിന് കാർമികത്വം വഹിച്ചു.
22. ശാന്തിഭവൻ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽവച്ച് നടന്ന യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെളാറ്റഞ്ഞൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ഒളരിയിൽ പീറ്റർ ക്ളാവർ സന്യാസിനിസഭയുടെ ജൂബിലിയിൽ പങ്കെടുത്തു. ഒല്ലൂരിൽ ബ്രദർ അഖിലിന്റെ അമ്മയുടെ മൃതസംസ്കാരം നടത്തി. മരിയാപുരം ഇടവകയിൽ സിസ്റ്ററിന്റെ ജൂബിലിയിൽ പങ്കെടുത്തു. പുതുക്കാട് ജീസസ് യൂത്തിന്റെ കാമ്പസ് മീറ്റിൽ പങ്കെടുത്തു.
23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മനക്കൊടി സാവിയോ ഹോമിൽ കുട്ടികളെ സന്ദർശിച്ച് അവരുമായി സംസാരിക്കുകയും മധുരം നൽകുകയും ചെയ്തു. അതിനുശേഷം കുർക്കഞ്ചേരി മഠത്തിൽ വച്ച് സി. ഗ്രിഗറി സി. എസ്.സി.യുടെ മൃതദേഹ സംസ്കാരത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ഒല്ലൂർ ഫൊറോനാ പള്ളിയിൽ വിശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാൾ കൂട് തുറക്കൽ ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു. വൈകിട്ട് നടത്തറ ഇടവകയുടെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ  പൊങ്ങണംകാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പഴയങ്ങാടി ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് എരുമപ്പെട്ടി ഹിന്ദിക്കാരുടെ സംഗമം ഉദ്ഘാടനം ചെയ്തു. വൈകീട്ട് മണലൂർ വെസ്റ്റ് ഇടവകയിൽ വി.

ബലിയർപ്പിച്ചു. തുടർന്ന് കാക്കശ്ശേരി ഇടവകയിൽ വൈദികമന്ദിരം വെഞ്ചിരിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുക്കാട് പ്രജ്യോതി നികേതനിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യൂത്ത് ക്യാമ്പിൽ പങ്കെടുത്ത് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കുട്ടംകുളം പുതിയ ദൈവാലയത്തിന്റെ കല്ലിടൽ നടത്തി. കെ. സി. ബി. സി. ജാഗ്രത കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

25–26 അഭിവന്ദ്യ ടോണി പിതാവ് രാമനാഥപുരം രൂപതയിൽ സേവനം ചെയ്യുന്ന വൈദികരെ സന്ദർശിക്കാൻ പോയി.

27. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് പഴുവിൽ ഫൊറോന ദൈവാലയത്തിൽ വച്ച് തട്ടിൽ ആൻറണി–ലിജി ദമ്പതികളുടെ എട്ടാമത്തെയും ഒമ്പതാമത്തെയും കുട്ടികൾക്ക് മാമോദിസ നൽകി.

28. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് ഷെക്കെയ്ന ചാനലിൽ തുടർച്ചയായ 72 മണിക്കൂർ ആരാധനയുടെ സമാപനത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. കാൽഡിയൻ മർത്താ മറിയം പള്ളിയിൽ സന്ദേശം നൽകി.

29. മരണമടഞ്ഞ ഫാദർ പയസ് ഊക്കൻ സി. എം. ഐ. അച്ചനുവേണ്ടി അഭിവന്ദ്യ താഴത്ത് പിതാവ് അമല ഹോസ്പിറ്റലിൽ വച്ച് വിശുദ്ധബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിൽ ഹോസ്പിറ്റൽ ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് ബൊൻ നത്താലെയുടെ പൗരസമിതി അതിരൂപത കേന്ദ്രത്തിൽ ചേർന്നു. വൈകിട്ട് രാഷ്ട്രദീപികയുടെ മുപ്പതാമത്തെ വാർഷികാഘോഷം സെന്റ് തോമസ് കോളേജിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തിയിൽ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് കുടുംബകൂട്ടായ്മ മെറിറ്റ് ഡേ ഫാമിലി അപ്പസ്തോലേറ്റിൽ ഉദ്ഘാടനം ചെയ്തു.

30–31 അഭിവന്ദ്യ ടോണി പിതാവ് അയ്യന്തോൾ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

31. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിന് അതിരൂപതയെ പ്രത്യേകമായി സമർപ്പിക്കുകയും ചെയ്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

നവംബർ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 12.11. 2022-ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദേവാലയത്തിൽവെച്ച് ആചരിച്ചു. CMI സന്യാസസമൂഹത്തിന്റെ പരിയാരത്തുള്ള ധ്യാനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്ററായ ബ. ജോൺസൻ പന്തയാനിക്കൽ CMI യും, തൂമ്പാക്കോട്, പരിയാരം (പൂവത്തിങ്കൽ) എന്നിവിടങ്ങളിലെ ചാരിറ്റി സിസ്റ്റേഴ്സും ഇടവക ജനങ്ങളുമാണ് തിരുകർമ്മങ്ങളിൽ പങ്കുചേരാനെത്തിയത്. വി. ബലിയർപ്പണത്തിലൂടെയും, സന്ദേശത്തിലൂടെയും, ആരാധനയിലൂടെയും ബ. ജോൺസനച്ചൻ എല്ലാവരെയും ദൈവികസാന്നിധ്യത്തിലേക്ക് ആനയിക്കുകയുണ്ടായി. സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ : പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിച്ചതുകൊണ്ടാണ് നാം ഇന്ന് ഇവിടെ ആയിരിക്കുന്നത്. തന്റെ അസ്വസ്ഥതയിൽ തന്നെ ശക്തിപ്പെടുത്തിയത് പരിശുദ്ധാത്മാവാണെന്ന് ബോധ്യപ്പെട്ട പരി. അമ്മയുടെ സ്നേഹസാന്നിധ്യം അനുഭവിച്ച് വളർന്ന ധന്യ



നായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഓർമ്മയിലാണ് നാം ഇപ്പോൾ. യഹോവയുടെ പാവങ്ങളാണ് ആത്മാവിൽ ദരിദ്രരെന്നും അവരുടെ ചങ്കുലഞ്ഞ പ്രാർത്ഥന ദൈവം കേൾക്കുമെന്ന് ലോകത്തിന് മുമ്പിൽ തന്റെ ദർശനങ്ങളിലൂടെ പരി. അമ്മ വെളിപ്പെടുത്തിയപ്പോൾ, അവരുടെ അന്ത:സത്ത തിരിച്ചറിഞ്ഞ് അത്തരത്തിലുള്ളവർക്ക് ആശ്രയമേകിയ പുണ്യാത്മാവാണ് ഊക്കനച്ചൻ. അവരെ പുനരുദ്ധരിക്കുവാനാണ് ചാരിറ്റി സന്യാസിനിസമൂഹത്തിന് അദ്ദേഹം ജന്മം നല്കിയത്. നവംബർ മാസത്തിലൂടെ നാം കടന്നുപോവുകയാണ്. ശുദ്ധീകരാത്മാക്കളെ നാം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരി. അമ്മയിൽനിന്നും ചൈതന്യം സ്വീകരിച്ചുകൊണ്ട് ഊക്കനച്ചൻ പറയുകയാണ്. "ശുദ്ധീകരണസ്ഥലത്തെത്തിയ ആത്മാക്കൾക്കുവേണ്ടി നാം പ്രാർത്ഥിക്കണം. ഇത് ഒരു പരസ്നേഹ ധീരകൃത്യമാണ്. അതുവഴി അവരൊരിക്കൽ സ്വർഗ്ഗത്തിലെത്തിചേരും. അവിടെ ചെന്നു കഴിഞ്ഞാൽ പിന്നെ നമുക്കുവേണ്ടി പ്രാർത്ഥിക്കും. പരി. അമ്മയാകട്ടെ, ശനിയാഴ്ചകളിൽ അവിടം സന്ദർശിക്കുകയും അവരുടെ പറുദീസാഗമനം ത്വരിതപ്പെടുത്തുകയും ചെയ്യുന്നു". ഊക്കനച്ചന്റെ ആഴമായ വിശ്വാസവും ആധ്യാത്മികതയും നമുക്കിവിടെ ദർശിക്കാവുന്നതാണ്. നമുക്കും അതിനാൽ ഈ ധന്യാത്മാവിന്റെ ജീവിതം അനുകരിക്കാം.

കൊമ്പൻ ചെമ്മണ്ട ജോയ്സി ഷിബു പാലക്കലും കുടുംബവുമാണ് ഈ മാസത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ചൊവ്വന്നൂർ ഇടവക വികാരി ബ. ജോജോ എടത്തിരുത്തിയച്ചൻ ഏവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

മനുഷ്യാവതാരമെന്ന മഹാരഹസ്യമാണല്ലോ ക്രിസ്മസിനൊരുങ്ങുന്ന വേളയിൽ നാം ധ്യാനിക്കുന്നത്. ഈ വിശ്വാസസത്യം അന്തോണിയച്ചൻ ഇപ്രകാരമാണ് അവതരിപ്പിക്കുന്നത്.

പരിശുദ്ധാരൂപിയുടെ ശക്തിയാൽ ഒരു ശരീരം ഉരുവാക്കപ്പെട്ടു. ഒരു വിശേഷ മനുഷ്യാത്മാവു ഇതോടുകൂടി യോജിക്കപ്പെടുന്ന. പിതാവിന്റെ അനന്ത സ്നേഹമായ പുത്രൻ ഇതാ സ്വർക്ഷത്തെ വിട്ടു ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദിശാക്കും പൊതുവായ ദൈവസ്വഭാവത്തെയും രണ്ടാമാളുടെ ആളത്വത്തെയും എടുത്തുകൊണ്ടഷ് ഇറങ്ങി ഇതാ അവ രണ്ടും (തന്നിൽ) യോജിപ്പിക്കുന്നു. മനുഷ്യശരീരവും ആത്മാവും സ്വഭാവവും ഉണ്ട്. എന്നാൽ മനുഷ്യ ആളില്ല. ദൈവിക ആൾ മാത്രം. മനുഷ്യന്റെ ആദിപാപം വഴി ദൈവത്തിനു വന്ന അപമാനം തീർക്കുന്നതിന് മനുഷ്യ ആളിന് സാദ്ധ്യമല്ല. എന്നാൽ ദൈവിക വ്യക്തിത്വം മനുഷ്യസ്വഭാവ



ത്തിൽ ചെയ്യുന്ന എല്ലാം അളവറ്റതായിരിക്കും. ശരീരത്തിൽ അവിടുന്ന് പീഡകളേറ്റപ്പോഴും ദൈവസ്വഭാവം വിട്ടു പിരിഞ്ഞിരുന്നില്ല എന്ന് അച്ചൻ ഓർമ്മിക്കുന്നു, ഈശോ മഹത്വീകൃതനായി ദൈവപിതാവിന്റെ വലതു ഭാഗത്ത് ഉപവിഷ്ടനാകുമ്പോൾ ഒരിക്കൽ സ്വീകരിച്ച മനുഷ്യസ്വഭാവം വിട്ടുകളയുന്നില്ല എന്ന് വലിയ അത്ഭുതത്തോടെ അച്ചൻ ഓർക്കുന്നു.

നമുക്കെന്തു യോഗ്യതയാണുള്ളത്? ആദവും ഹവ്വയും നമ്മളെല്ലാവരും പിഴച്ചുപോയതുകൊണ്ടണ്ട് നമുക്കുവേണ്ടി ദൈവസന്നിധിയിൽ ശുപാർശ പറയാൻ ആരുമുണ്ടായിരുന്നില്ല. ദൈവത്തിന്റെ സർവ്വശക്തിയും അഗാധ ബുദ്ധിയും അതിരറ്റ അനുഗ്രഹവും അളവറ്റ സ്നേഹവും നമ്മുടെ നേർക്കായി അവിടുന്ന് നൽകിയിരിക്കുന്നു. മനുഷ്യാവതാരത്തിൽ ദൈവം നമുക്ക് ചൊരിഞ്ഞ നന്മകൾക്ക് നാം നന്ദി പ്രകാശിപ്പിക്കണം എന്ന് അച്ചൻ ഉദ്ബോധിപ്പിക്കുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തി തന്റെ ഒരു ഭടന് മുറിവേറ്റപ്പോൾ മുറിവ് വച്ചു കെട്ടാൻ തുണിയൊന്നും കാണാതിരുന്നതിനാൽ തന്റെ കിരീടത്തിന്റെ ഉള്ളിൽ ഉണ്ടായിരുന്ന തുണിക്കഷണം എടുത്ത് അവന്റെ മുറിവിനെ വച്ചുകെട്ടിയതും ജീവൻ രക്ഷിച്ചതും അച്ചൻ വിവരിക്കുന്നു. ഈ പടയാളി ജീവിതകാലം മുഴുവൻ രാജാവിന്റെ ഈ സൽകൃത്യം പ്രഘോഷിച്ചുപറഞ്ഞിരുന്നു. നന്ദിയോടെ സ്മരിച്ചിരുന്നു. ഇങ്ങനെയെങ്കിൽ തന്നെക്കൊണ്ടു തന്നെ നമ്മെ ചുറ്റുന്ന ദൈവത്തിന്റെ നേർക്ക് നാം എത്ര നന്ദിയുള്ളവരാകണം എന്ന് അച്ചൻ ചോദിക്കുന്നു. മനുഷ്യാവതാരത്തിൽ നിറഞ്ഞിരുന്ന ഈ രഹസ്യത്തെപ്പറ്റി നാം ചിന്തിക്കണം എന്ന് അച്ചൻ ആവർത്തിക്കുന്നു.

നമ്മുടെ രക്ഷകനായ പുൽക്കൂട്ടിലെ ഉണ്ണീശോയുടെ മുമ്പിൽ ഭക്ത്യാദരവോടെ നമുക്കു നിൽക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. അനീഷ് നെല്ലിക്കൽ | 02 |
| ഫാ. ജോമോൻ പൊന്തേക്കൻ | 02 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 03 |
| ഫാ. ജോമോൻ മങ്ങാട്ടിലയൻ | 03 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. ഹാഡ്‌ലി നീലങ്കാവിൽ | 06 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. നൈസൻ ഏലന്താനത്ത് | 07 |
| ഫാ. റോജർ തരകൻ | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. സാജൻ മാറോക്കി | 12 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ആഡ്‌വിൻ ഐനിക്കൽ | 14 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 16 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ജോസ് തെക്കേക്കര | 19 |
| ഫാ. ജോൺ ചുങ്കത്ത് | 20 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ആൻസൺ നീലങ്കാവിൽ | 21 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 22 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 23 |
| ഫാ. ജോയ് ജൂനിയർ ചിറ്റിലപ്പിള്ളി | 23 |
| ഫാ. ബെന്നി കിടങ്ങൻ | 25 |
| ഫാ. നവീൻ മുരിങ്ങാത്തേരി | 25 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. സിന്റോ പൊന്തേക്കൻ | 26 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. ജോയ് കൊള്ളന്നൂർ | 29 |
| ഫാ. ഡേവിസ് ചിറമ്മൽ Jr. | 30 |
| ഫാ. ജോമോൻ ഇമ്മട്ടി | 30 |
| ഫാ. ഫെബിൻ ചിറയത്ത് | 31 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 31 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. സ്റ്റീഫൻ അറക്കൽ | 26 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02.12.1971 |
| ഫാ. ജോസഫ് തോട്ടാൻ | 06.12.1965 |
| ഫാ. ആന്റണി കണ്ണമ്പുഴ | 09.12.2019 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13.12.1924 |
| ഫാ. പൗലോസ് കൂന്തായിൽ | 13.12.1924 |
| ഫാ. പോൾ ചിറയത്ത് | 14.12.1953 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17.12.1994 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി സീനിയർ | 18.12.1973 |
| ഫാ. തോമസ് അക്കരപ്പറ്റി | 19.12.1944 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19.12.1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21.12.1992 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23.12.1967 |
| ഫാ. ജോസഫ് ചുങ്കത്ത് സീനിയർ | 28.12.2000 |
| ഫാ. ജോസഫ് വടക്കൻ | 28.12.2002 |
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31.12.1920 |

**ദാവീദിൻെറ പട്ടണത്തിൽ**
**നിങ്ങൾക്കായി ഒരു രക്ഷകൻ,**
**കർത്താവായ ക്രിസ്തു,**
**ഇന്നു ജനിച്ചിരിക്കുന്നു**

(ലൂക്കാ 2, 11)



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### നവംബർ

**1. സി.എസ്.സി.**

കോലഴി മരിയ ഭവൻ ജനറലേറ്റിൽ വച്ച് 2022 ഒക്ടോബർ 15-ാം തിയതി Renewal Team അംഗങ്ങൾക്കായി one day programme നടത്തുകയും റവ. ഫാ. സിറിൽ എടമന SDB ക്ലാസ്സ് നയിക്കുകയും ചെയ്തു. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സെപ്റ്റംബർ 17ന് എല്ലാ മതാധ്യാപകർക്കും, പ്രധാന അധ്യാപകർക്കുമായി AURA യുടെ നേതൃത്വത്തിൽ കുട്ടികളുടെ ലഹരി ഉപയോഗം, കൗൺസിലിംഗ് ട്രയിനിംഗ് എന്നിവയെ സംബന്ധിച്ച് Online Meeting നടത്തി. ഒക്ടോബർ 14,15,16 തിയതികളിൽ മീഡിയ ഡിപ്പാർട്ട്മെന്റിനുവേണ്ടി റവ ഫാ. സിജോ തളിയത്തിന്റെ നേതൃത്വതിൽ മീഡിയ & amp; ഫോട്ടോഗ്രാഫിയെകുറിച്ച് ട്രെയ്നിംങ്ങ് ക്ലാസ്സ് നൽകി. ഷംഷാബാദ് രൂപതയുടെ സിൽച്ചാർ മിഷനിൽ CSC മരിയ പ്രൊവിൻസ് പുതിയ മിഷൻ ആരംഭിച്ചു. ബഹു. സി സുജാത, ബഹു. സി ലിൻസി, ബഹു. സി.ഗ്ലൻസി എന്നിവർ ചാർജ് എടുക്കുകയും ചെയ്തു. Province Day യോടനു ബന്ധിച്ച് നവംബർ 12-ാം തിയതി ശനിയാഴ്ച്ച 13 മണിക്കൂർ ആരാധനയും നവംബർ 19-ാം തിയതി പ്രവശ്യദിനവും ആഘോഷിച്ചു. പ്രവശ്യദിനത്തിനോടനുബന്ധിച്ച് ചിത്തോൾ നിർമ്മാണം, കൊന്ത നിർമ്മാണം, തിരുവചനമത്സരം, കാണിക്കമാതാവിന്റെ കവിതാ രചന, മരിയൻ ആന്തം എന്നീ മത്സരങ്ങളും നടത്തി.

**2. സി.എസ്.എം**

3.10.2022 മുതൽ 6.10.2022 വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ജൂനിയേഴ്സ് കോഴ്സിൽ 15 പേർ പങ്കെടുത്തു. ബഹു. ജെയ്സൺ നരിപ്പാറ എസ്.ഡി.ബി അച്ചൻ ക്ലാസ്സുകൾ നയിച്ചു. 6–ാം തിയ്യതി അതിരൂപതാ പ്രാർത്ഥനാദിനത്തിൽ പ്രൊവിൻ ഷ്യൽ ഹൗസിൽ ആരാധന നടത്തുകയും ലൂർദ് പള്ളിയിലിലെ ആരാധനയിൽ ബഹു. പ്രൊവിൻഷ്യലും സിസ്റ്റേഴ്സും പങ്കെടുക്കുകയും ചെയ്തു. 14.10.2022 മുതൽ 16.10.2022 വരെ ദൈവവിളിക്കുവേണ്ടിയും ലോകസമാധാനത്തിനുവേണ്ടിയും പ്രോവിൻസിൽ 50 മണിക്കൂർ അഖണ്ഡ ആരാധന നടത്തി. 24–ാം തിയ്യതി 31–ാം തിയ്യതി CRI നടത്തിയ ജൂനിയേഴ്സ് കോഴ്സിൽ ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്തു. അന്നേ ദിനം നടത്തിയ നിമിഷപ്രസംഗമത്സരത്തിൽ സി. ബിസ്മി ഒന്നാം സ്ഥാനം കരസ്ഥമാക്കി. 31–ാം തിയ്യതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആഹ്വാനപ്രകാരം ആരാധനയും വിമലഹൃദയ പ്രതിഷ്ഠയും തിരുഹൃദയ പ്രതിഷ്ഠയും നടത്തി.

**എം.എം.ബി.**

മലബാർ മിഷനറി ബ്രദേഴ്സിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അംഗങ്ങൾക്കായി അഞ്ച് ദിവസത്തെ നവീകരണ കോഴ്സും വാർഷിക ധ്യാനവും പരിയാരത്തുള്ള സി.എസ്.ആർ. ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുകയുണ്ടായി. സെപ്തംബർ 4–ാം തീയതി മുതൽ 13 വരെ നടന്ന ആദ്യ ബാച്ച് ധ്യാനത്തിൽ 30 സഹോദരന്മാർ സംബന്ധിക്കുകയുണ്ടായി. പ്ലാറ്റിനം ജൂബിലി വർഷത്തിൽ സ്വയം നവീകൃതരായി എം.എം.ബി.യുടെ കാരിസം അതിന്റെ തനിമയിൽ ജീവിക്കുന്ന സഹോദരരായി ഓരോരുത്തരും മാറുന്നതിനുള്ള അവസരമാണ് ഈ നവീകരണ കോഴ്സ് ഓരോ സഹോദരനും പ്രദാനം ചെയ്യുന്നതെന്ന് നവീകരണ കോഴ്സ് ഉദ്ഘാടനം ചെയ്തുകൊണ്ട് സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അഭിപ്രായപ്പെട്ടു.

**എസ്.എ.ബി.എസ്.**

വി. കൊച്ചുത്രേസ്യായുടെ നാമധാരിയായ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടന്റെ നാമഹേതുക തിരുനാൾ ഒക്ടോബർ ഒന്നാം തിയതി വളരെ മനോഹരമായി ആഘോഷിച്ചു. ഒക്ടോബർ 3 മുതൽ 7 വരെ മരോട്ടിച്ചാൽ ഇടവകയിൽ Home Mission നടത്തി. പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിറ്റിൽ മരിയ തെക്കേക്കര ഇതിന് നേതൃത്വം നൽകി. ജനറലേറ്റ് സെനക്കളിൽ വച്ച് നടക്കുന്ന 40 days Retreat ൽ പങ്കെടുക്കാനായി സി. റോസ് മേരി വട്ടോലി, സി.

റൈന ഇടത്തിപ്പറമ്പൻ എന്നിവർ ഒക്ടോബർ 10 ന് സെനക്കളിലേക്ക് പോയി. ഒക്ടോബർ 20 ന് അദിലാബാദ് രൂപതയിൽ നടക്കാനിരിക്കുന്ന മേരി റാണി ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മങ്ങളുടെ വിജയത്തിനായി ഒക്ടോബർ 10 –ാം തിയതി എല്ലാ ഭവനസമൂഹങ്ങളിലും വൈകീട്ട് 7 മുതൽ 8 വരെ തിരുമണിക്കൂർ നടത്തി പ്രാർത്ഥിച്ചു. ഒക്ടോബർ 12 മുതൽ 16 വരെ സെനക്കളിൽ തിയോളജി കോഴ്സിൽ പങ്കെടുക്കുന്ന ജൂണിയർ സിസ്റ്റേഴ്സിനായി വികർ പ്രൊവിൻഷ്യൽ സി. മേഴ്സിറ്റ കണ്ണമ്പുഴ ക്ലാസ് നൽകി. അദിലാബാദ് രൂപതയിലെ റബന്നയിൽ 'എഫാത്ത' ധ്യാനകേന്ദ്രത്തിനടുത്തായി നിർമ്മിച്ച മേരി റാണി ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം ഒക്ടോബർ 20 ന് രാവിലെ 10.30 ന് അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലി മധ്യേ നടന്നു. അദിലാബാദ് രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് കുന്നത്ത് സന്നിഹിതനായിരുന്നു. റബന്നയിലെ മേരി റാണി കോൺവെന്റിൽ ആരംഭിക്കുന്ന 'rayer days' ന്റെ ആദ്യബാച്ച് അംഗങ്ങളായ മദർ മേരി പാലമറ്റത്ത് സി. മരിയ ഗ്രെയ്സ് ചേർപ്പൂക്കാരൻ, മദർ ജിൽസി ജോൺ പുളിക്കൽ, സി. റോസ് മേരി പ്ലാക്കൽ എന്നിവർ അദിലാബാദിലേക്ക് യാത്രയായി. സഭാതലത്തിൽ സംഘടിപ്പിച്ച 'SABSQuiz Programme' ഒക്ടോബർ 16, 29 എന്നീ തിയതികളിലായി എല്ലാ ഭവനങ്ങളിലും നടത്തി. ജൂണിയേഴ്സ് സിസ്റ്റേഴ്സിനായി സി ആർ ഐ സംഘടിപ്പിച്ച മീറ്റിംഗിൽ 15 സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എം.സി.**

വി. കൊച്ചുത്രേസ്യായുടെ തിരുനാൾദിനത്തിൽ മദർ ജനറൽ സി. ഗ്രെയ്സ് തെരേസിന്റെ ഫീസ്റ്റ് ഘോഷിക്കുകയും ഒരു മണിക്കൂർ ആരാധനയിൽ പ്രത്യേകം പ്രാർഥിക്കുകയും ചെയ്തു. അന്നേ ദിനം ജൂനിയേഴ്സ്ഡേ ആയി ആചരിച്ചു. ഒക്ടോബർ 1 ന് കെയ്റോസ്, ഉജ്ജീവനം സെമിനാർ തൃശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ നടത്തി. 200 പേർ പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ സന്ദേശം നൽകി. എല്ലാ ഭവനങ്ങളും സേവനദിനാചരണം നടത്തി. ഒക്ടോ.2 ന് 9 ഭവനങ്ങൾ ചേർന്നുള്ള ട്രിനിറ്റി സോണൽ മീറ്റിംഗ് നടത്തി. ഒക്ടോ.5 ന് പറപ്പൂർ ഫോർമേഷൻഹൗസിൽ വെച്ച് നടത്തിയ ഫോർമേഷൻ ഡേ ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കുകൊണ്ടു. വി.എവുപ്രാസ്യമ്മയുടെ ജൻമദിനത്തിൽ ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിലും മറ്റ് തിരുകർമ്മങ്ങളിലും പ്രൊവിൻഷ്യൽ കൗൺസിലും ധാരാളം സിസ്റേഴ്സും ഭക്തജനങ്ങളും പങ്കെടുത്തു. ഒക്ടോ.6 അതിരൂപതാ പ്രാർഥനാദിന

മായി ചെലവഴിച്ചു.

ഒക്ടോ.9 മുതൽ 19 വരെ സെന്റ് ജോസഫ്സ് ചർച്ച് മണലൂർ വെസ്റ്റ് ഇടവകയിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. സിസ്റ്റേഴ്സും നോവിസസും ചേർന്ന് 10 ദിവസങ്ങൾ കൊണ്ട് എല്ലാ കുടുംബങ്ങളും സന്ദർശിച്ചു. 22 ന് പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് എല്ലാ വിഭാഗങ്ങളുടെയും സെക്രട്ടറിയേറ്റ് മീറ്റിംഗ് നടത്തി. 23 മിഷൻ സൺഡേ ആയി ആചരിച്ചു. സി ആർ ഐ യുടെ നേതൃത്വത്തിൽ 24-ാം തിയതി ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽവെച്ച് നടത്തിയ ജൂനിയേഴ്സ് മീറ്റിൽ 17 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്തു. എഡ്യുക്കേഷണൽ കൗൺസിലർ സി. മരിയ ജോസിന്റെ നേതൃത്വത്തിൽ എല്ലാ വിദ്യാലയങ്ങളിലും എഡ്യുക്കേഷണൽ പോളിസിയെക്കുറിച്ച് ക്ലാസുകൾ എടുത്തു. 26 ന് സുപ്പീരിയേഴ്സ് മീറ്റ് നടത്തി.

**എഫ്.സി.സി.**

ഒക്ടോബർ 4,5 തീയതികളിലായി തൃശൂർ എം. ഐ ഓഡിറ്റോറിയത്തിൽ വച്ച് പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ lay staff നായി റവ. ഫാ. രാജു അക്കരയുടെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ ധ്യാനം നടത്തി. കെനിയയിലുള്ള സ്റ്റെറഹൈ എഫ്. സി കോൺവെന്റിൽ വച്ച് ഒക്ടോബർ 10-ാം തീയതി നടന്ന കെനിയ മിഷന്റെ സിൽവർജൂബിലിയോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയിലും മറ്റു ആഘോഷപരിപാടികളിലും പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരിയും അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫോൺസി മരിയയും പങ്കെടുത്തു. ഒക്ടോബർ 15-ാം തീയതി കുട്ടംകുളം ആബാ കോൺവെന്റിൽ വച്ച് നടന്ന ഉപവാസ പ്രാർത്ഥനാ സമ്മേളനത്തിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു. കുട്ടംകുളം ഇടവകയിൽ ഒക്ടോബർ 16 മുതൽ 18 വരെ കുട്ടംകുളം, മമ്മിയൂർ ലിറ്റിൽ ഫ്ളവർ, നസ്രത്ത് എന്നീ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. പഴുവിൽ സെന്റ് മേരീസ് റിട്രീറ്റ് സെന്ററിലെ റവ. ഫാ. സജു വടക്കേത്തല & ടീം, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വച്ച് പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ lay staff നായി ഏകദിന ധ്യാനം നടത്തി. ഒക്ടോബർ 24-ാം തീയതി ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് അതിരൂപതയിലെ വിവിധ സന്യാസസമൂഹങ്ങളിലെ ജൂണിയർ സിസ്റ്റേഴ്സിനായി നടത്തിയ ഏകദിന പ്രോഗ്രാമിലും Quiz Competion നിലും 24 ജൂണിയർ സിസ്റ്റേഴ്സ് പങ്കെടുത്തു. ഒക്ടോബർ 27-ാം തീയതി കെനിയ Kattangi St. Francis De Sales ദേവാലയത്തിൽ വച്ച് നടന്ന

നോവിസ് Maureen Moraa യുടെ സഭാവസ്ത്രസ്വീകരണത്തിലും ആദ്യവ്രതവാഗ്ദാനത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും സി. ഫോൺസി മരിയയും സംബന്ധിച്ചു. തിരൂർ സിയോൺ റിന്യുവൽ സെന്ററിൽ വച്ച് പ്രോവിൻസിൽ നിന്നുള്ള വചനാമൃതം ടീമിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി മൂന്നുദിവസം താമസിച്ചുള്ള 5 ധ്യാനത്തിലായി 300 വിദ്യാർത്ഥികൾ സംബന്ധിച്ചു.

## ആദരാഞ്ജലികൾ



04.10.2022 സി.എം.സി. ചൂണ്ടൽ മരീനാഹോം മഠാംഗമായ സി.കുസുമ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.



18.10.2022 സി.എം.സി ചിയ്യാരം ലേഡിവിക്ടറി മഠാംഗമായ സി.ആനിട്രീസ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.



ബഹു. സി ഗ്രിഗറി സി എസ് സി 22.10.2022 സി എസ് സി മരിയ പ്രൊവിൻസ് കല്ലൂർ സെന്റ് ജോസഫ് കോൺവെന്റ് ഭവനാഗമായ ബഹു. സി. ഗ്രിഗറി (89) 22 –ാം തിയതി ഉച്ചതിരിഞ്ഞ് 3.30ന് നിത്യതയിലേക്ക് വിളിക്കപ്പെട്ടു. 23–ാം തിയതി ഞായറാഴ്ച്ച 11 മണിക്ക് തൃശൂർ അതിരൂപത മെത്രാപോലിത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തപ്പെട്ടു.

**സി. സോഫി പെരേപ്പാടൻ എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം– 03/ 12/2022**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2022 ഡിസംബർ 03, ശനിയാഴ്ച രാവിലെ 9.00. ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, ഏടാ എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | |
|---|---|
| രജിസ്ട്രേഷൻ | – 8.30 am |
| ഉദ്ഘാടനം | – 9.00 am |
| ചർച്ച | – 9.30 am |
| ഉച്ചഭക്ഷണം | – 1.00 pm |

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ ,

ക്രിസ്തുമസ് കാലം അടുത്തെത്തി. ഡിസംബറിലെ മനം കുളിർക്കുന്ന മഞ്ഞും, പുൽക്കൂടുകളും, നക്ഷത്രങ്ങളും, കരോൾ ഗാനങ്ങളും, ക്രിസ്തുമസ് കേക്കുകളും, സമ്മാനങ്ങളും, വിരുന്നുകാരും എന്തെല്ലാം നല്ല ഓർമ്മകളാണ് ഈ ഡിസംബർ മാസം നമുക്ക് സമ്മാനിക്കുന്നത്! ആദ്യമേ തന്നെ നിങ്ങൾക്ക് എല്ലാവർക്കും ആഗതമാകുന്ന ക്രിസ്തുമസിന്റെ എല്ലാ മംഗളങ്ങളും നേരുന്നു. ഈ ഡിസംബർ മാസം നന്നായി ഒരുങ്ങി ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കാൻ നിങ്ങൾക്ക് എല്ലാവർക്കും സാധിക്കട്ടെ.

ക്രിസ്തുമസ് നമുക്കെല്ലാം ഇഷ്ടമാണ്. പക്ഷേ അതിന് ഒരുക്കമായുള്ള 25 ദിവസത്തെ നോമ്പോ? പലരുടെയും മുഖം വാടി എന്നാണ് തോന്നുന്നത്. ഇങ്ങനെ 25 ദിവസം ഒരുങ്ങേണ്ടത് ആവശ്യമാണോ? നമ്മുടെ സീറോ മലബാർ സഭയിൽ ഈശോയുടെ പ്രധാന തിരുനാളുകളെല്ലാം ഏതാനും ദിവസങ്ങളുടെ ഒരുക്കത്തോടെയാണ് നാം ആഘോഷിക്കുന്നത്. അതിനാലാണ് ഈസ്റ്ററിന് ഒരുക്കമായി 50 നോമ്പും ക്രിസ്തുമസ്സിന് ഒരുക്കമായി 25 നോമ്പും സഭ നിർദ്ദേശിക്കുന്നത്. നമ്മുടെ ഒരു സുഹൃത്ത് വീട്ടിലേക്ക് വരുന്നുവെന്ന് അറിയിച്ചാൽ നാം എത്രമാത്രം ഒരുങ്ങും? വരുന്നത് നാം ഏറെ ബഹുമാനിക്കുന്ന ഒരു ടീച്ചർ ആണെങ്കിലോ? ഇതാ, ഇവിടെ കടന്നുവരുന്നത് നമ്മുടെ സ്രഷ്ടാവും നാഥനുമായ ഈശോ തന്നെയാണ്! അതും നമ്മുടെ ഹൃദയത്തിൽ നമ്മോടൊത്ത് വസിക്കാൻ. നമ്മുടെ ഹൃദയങ്ങളെ വേണ്ടവിധം ഒരുക്കി ഈശോയ്ക്ക് അഹിതമായ സ്വഭാവങ്ങളെല്ലാംമാറ്റി പുതിയ മനുഷ്യനാകുന്നതിനുള്ള സുവർണാവസരമാണ് ഓരോ നോമ്പുകാലവും. ചിത്രശലഭമായി തീരേണ്ട പുഴു, പ്യൂപ്പയിൽ രൂപാന്തരപ്പെട്ട് മനോഹരമായ ഒരു ചിത്രശലഭം ആകുന്നതുപോലെയാണ് നോമ്പുകാലം നമ്മെ രൂപപ്പെടുത്തുന്നത്.

ഈ നോമ്പുകാലത്തിലേയ്ക്ക് വേണ്ടത്ര ഒരുക്കത്തോടെ നമുക്ക് പ്രവേശിക്കാം. അടുത്തടുത്ത് കുമ്പസാരിച്ച് ഒരുങ്ങുന്നതിനും, വിശുദ്ധ ബലിയിൽ ഈ 25 ദിവസങ്ങളിലും മുടങ്ങാതെ പങ്കെടുക്കുന്നതിനും നമുക്ക് ശ്രദ്ധിക്കാം. ചെറിയ ചെറിയ സുകൃതജപങ്ങൾ ചൊല്ലി ഈശോയ്ക്ക് ഹൃദയങ്ങളിൽ പുൽക്കൂട് ഒരുക്കാം. മത്സ്യവും മാംസവും ഒഴിവാക്കുന്നതോടൊപ്പം നമ്മെ അടിമപ്പെടുത്തുന്ന എന്തും (ഫോണിന്റെ ഉപയോഗമോ, വീഡിയോ ഗെയിമുകളോ, പുറത്തുപോയി ഇടയ്ക്കിടെ ഭക്ഷണം കഴിക്കുന്നതോ, മാതാപിതാക്കളോട് ദേഷ്യപ്പെടുന്നതോ, ദുശ്ശീലങ്ങളോ) ഈശോയോടുള്ള സ്നേഹത്തെപ്രതി ഉപേക്ഷിക്കാം. മാതാപിതാക്കളുമായി ആലോചിച്ച് ഈശോയെ സ്വീകരിക്കാൻ ഈ 25 ദിവസങ്ങൾ എപ്രകാരമാണ് ഒരുങ്ങേണ്ടത് എന്ന് നിങ്ങൾ തീരുമാനിക്കണം. അതോടൊപ്പം നിങ്ങളുടെ ആഘോഷങ്ങളുടെ ഒരു ഭാഗം ദരിദ്രരായ നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അവർക്കായി നിങ്ങൾ ചെയ്യുന്ന ഓരോ ചെറിയ സഹായവും ഈശോയ്ക്ക് തന്നെയാണ് നൽകുന്നത്. ഈശോ അതിന് നിങ്ങൾക്ക് പ്രതിഫലം നൽകും .

ഇപ്രാവശ്യവും ഡിസംബർ മാസം 27ാം തീയതി നാം ബോൺ നത്താലെ ക്രിസ്തുമസ് ആഘോഷം തൃശ്ശൂർ നഗരത്തിൽ വച്ച് ആഘോഷിക്കുന്നുണ്ട്. നിങ്ങളെ എല്ലാവരെയും ഞാൻ പ്രത്യേകമായി ഇതിലേക്ക് ക്ഷണിക്കുന്നു. ഈശോയുടെ മനുഷ്യാവതാരത്തിന്റെ സന്തോഷം നമുക്ക് സകലരോടും പങ്കുവയ്ക്കാം. എല്ലാ ഇടവകകളിൽ നിന്നും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇപ്രാവശ്യവും നമുക്ക് ഒരുമിച്ച് ക്രിസ്തുമസ് ആഘോഷത്തിൽ അണിനിരക്കാം.

ഒരിക്കൽ കൂടി നിങ്ങൾക്ക് എല്ലാവർക്കും ഈശോയുടെ പിറവി തിരുനാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു. ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

ക്രിസ്തുമസ്സിനെ വരവേൽക്കാൻ നാടെല്ലാം ഉണർന്നു കഴിഞ്ഞു. ദൈവപിതാവിന് സ്തുതികളർപ്പിക്കുക. ഒരേ ദൈവപിതാവിന്റെ മക്കളെന്ന് പരസ്പരം അംഗീകരിച്ച് സാഹോദര്യത്തിൽ വർത്തിക്കുക – ഭൂമിയിൽ മനുഷ്യർക്ക് സമാധാനമുണ്ടാകാനുള്ള വഴികൾ ഈശോ ഇതാ തുറന്നിട്ടിരിക്കുന്നു. "ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയ ങ്ങളിൽ ശാന്തിയും പുലർത്തണമേ" എന്ന വി. കുർബാനയിലെ പ്രാർത്ഥന നമ്മിൽ യാഥാർത്ഥ്യമാകാൻ, ദൈവപുത്രൻ വന്നു പിറക്കുന്നതിന് നമ്മുടെ ഹൃദയപുൽക്കൂടുകൾ നമുക്ക് ഒരുക്കാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും എല്ലാവർക്കും ആശംസിക്കുന്നു.

**അഭിനന്ദനങ്ങളും ആശംസകളും**

CBCI പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും വിശ്വാസപരിശീലനകുടുംബത്തിൽ നിന്നും സ്നേഹപൂർവ്വം നേരുന്നു.

## I. Sunday Catechism

### 1. വിശ്വാസപരിശീലന കൗൺസിൽ 2022–25

അതിരൂപത വിശ്വാസപരിശീലനകൗൺസിൽ (2022–25 കാലഘട്ടം) രൂപീകരണം നവംബർ 6 ന് ഡിബിസിഎൽസിയിൽ വെച്ച് നടന്നു. വികാരി ജനറാൾ മോൺ.ജോസ് കോനിക്കര കൗൺസിലിന്റെ പ്രഥമ യോഗം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ കൗൺസിൽ രൂപീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി കൊണ്ട് സംസാരിച്ചു. അസി. ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി സ്വാഗതം ആശംസിച്ചു. തുടർന്ന് പുതിയ കൗൺസിലിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുകയും താഴെ പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുക്കുകയും ചെയ്തു. കൗൺസിലിന്റെ പുതിയ കൺവീനർ ജോർജ് വി.കെ നന്ദി പറഞ്ഞു.

കൗൺസിൽ ഭാരവാഹികൾ

| | |
|---|---|
| കൺവീനർ | : ശ്രീ. ജോർജ് വി. കെ (മറ്റം) |
| ജോയിന്റ് കൺവീനർ | : ശ്രീ. ബിനോയ് സി. എഫ്. (നെല്ലിക്കുന്ന്) |
| പ്രസിഡന്റ് | : ശ്രീ. മാത്യൂ കൂള (നെഹ്റു നഗർ) |
| വൈസ് പ്രസിഡന്റ് | : ശ്രീ. ജോഷി ജോൺ ചുങ്കത്ത് (മരിയാപുരം) |

സെക്രട്ടറി : ജെസ്സി ഷാജു (ചെമ്മണ്ണൂർ)
ജോയിന്റ് സെക്രട്ടറി : ശ്രീ. വി. പി. സേവ്യർ (പാലക്കൽ)

ഭാരവാഹികൾക്കുപുറമേ മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുള്ള 6 മതബോധന മേഖലകളായ കുട്ടികൾ, യുവജനങ്ങൾ, മുതിർന്നവർ, വയോധികർ, അക്രൈസ്തവർ, കുടുംബം എന്നിവക്കും പുതിയതായി ആരംഭിച്ച നാല് മിനിസ്ട്രികളായ ടാലന്റ്, സ്പിരിച്വൽ, സോഷ്യൽ മധ്യസ്ഥപ്രാർത്ഥന എന്നിവക്കും കൺവീനർമാരെ യോഗം തെരഞ്ഞെടുത്തു.

**2. വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് മുടക്കം**

ഡിസംബർ 25 ഞായറാഴ്ച്ച വിശ്വാസപരിശീലനക്ലാസ്സുകൾക്ക് മുടക്കമായിരിക്കും

**3. ആപ്റ്റിറ്റ്യൂഡ് പരീക്ഷ**

a) യൂണിറ്റ് തലം – 2022 ഡിസംബർ 4, ഞായർ – 03.00 PM - 04.30 PM
പാഠ്യഭാഗം: 1. "സീറോമലബാർ സഭയുടെ നവീകരിച്ച കുർബാന ക്രമം വിശ്വാസികൾക്കുള്ള പരിശീലനം" ഈ പുസ്തകത്തിന്റെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. 2. കത്തോലിക്കാസഭ പത്രത്തിലെ ദർശനം പേജിലെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള ലേഖനം (2022 ജൂൺ മുതൽ നവംബർ ഉൾപ്പെടെ)

b) അതിരൂപതാതലം: 2023 ജനുവരി 1, ഞായർ– 02.30 PM - 04.30 PM, DBCLC
അധികപാഠ്യഭാഗം : വെളിപാട് 4,5,6 അധ്യായങ്ങൾ

c) ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ:
യൂണിറ്റുകളിൽ 2023 ജനുവരി 1, ഞായർ– 03.00 PM - 04.30 PM. പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കും തോറ്റവർക്കും

d) ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷക്കായി ചെയ്യേണ്ട കാര്യങ്ങൾ:
യോഗ്യത: 50 മാർക്കിൽ 44 ഉം അതിൽ കൂടുതലും (88 ശതമാനം) മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

- ♦ യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ട അവസാന തിയതി : ഡിസംബർ 19
- ♦ ഡിസംബർ 29 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾടിക്കറ്റ് എടുക്കാവുന്നതാണ്.
- ♦ പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ് (ആവശ്യമായ ഒപ്പുകൾ സഹിതം)

**4. പ്രതിഭാപരിശീലനം**

12–ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി സീറോ മലബാർ ആസ്ഥാനമായ കാക്കനാട് നടത്തപ്പെടുന്ന പ്രതിഭാപരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നതിനായി രണ്ട് സെലക്ഷൻ ക്യാമ്പുകൾ ഡി ബി സി എ ൽ സിയിൽ നടത്തുകയുണ്ടായി. നവംബർ 6 ന് നടത്തിയ ആദ്യത്തെ ക്യാമ്പിൽ (ഏകദിനം) 130 കുട്ടികൾ പങ്കെടുത്തു. അതിൽ നിന്നും 35 കുട്ടികളെ രണ്ടാമത്തെ ക്യാമ്പിലേക്ക് (3 day Residential Course) തെരഞ്ഞെടുക്കുകയും 30 കുട്ടികൾ നവംബർ 13,14,15 തിയതികളിലായി നടന്ന ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. അതിൽ നിന്നും ഏയ്ഞ്ചൽ റോസ് (തയ്യൂർ), ആഗ്ന ജോഷി (കണ്ടശ്ശാംകടവ്), ഡൊമിനിക് ഷിജോ (നടത്തറ), കുരിയൻ ആൻഡ്രൂസ് (അമ്മാടം) എന്നീ 4 പേർ കാക്കനാട് നടക്കുന്ന പ്രതിഭാപരിശീലന ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

**5. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി: 2023 ജനുവരി 26 വ്യാഴം

സ്ഥലം : ഡി ബി സി എൽ സി

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടേയും വിദ്യാർത്ഥികളുടേയും പേരുവിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പുകളിലും വിശ്വാസപരിശീലന ബ്ലോഗിലെ നോട്ടീസ് ബോർഡിലും കൊടുക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നല്കുന്നത്.

1. Service Award (15, 25, 35, 45 Years)
2. Full Attendance of Teachers (10, 20, 30 years)
3. Retired Teachers 2021-22
4. Special Award Teachers
4. Archdiocesan Level Aptitude Examination Rank Holders
5. Model Units
6. Best Model Unit

**6. UNIT VISIT**

2022 –23 അധ്യയന വർഷത്തിലെ യൂണിറ്റ് വിസിറ്റ് വിജയകരമായി പൂർത്തിയായിട്ടുണ്ട്. യൂണിറ്റ് വിസിറ്റ് ഭംഗിയായി നടത്താൻ സഹകരിച്ച എല്ലാ അധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു.

**7. ക്രിസ്ഫോം I, II, III**

എസിസി വിദ്യാർത്ഥികൾക്കും, യുവ അധ്യാപകർക്കുമായി നടത്തുന്ന ക്രിസ്ഫോം നല്ല രീതിയിൽ നടന്നു കൊണ്ടിരിക്കുന്നു. ഇനിയും പങ്കെടുക്കാനുള്ള വിദ്യാർത്ഥികളേയും യുവ അധ്യാപകരേയും പങ്കെടുപ്പിക്കാൻ അധികൃതർ ശ്രദ്ധിക്കുമല്ലോ.

ക്രിസ്ഫോം I : എസിസി ഫസ്റ്റ് ഇയർ വിദ്യാർത്ഥികൾക്കായി എല്ലാ മാസവും രണ്ടാമത്തെ ആഴ്ച ഒഴികെയുള്ള എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചതിരിഞ്ഞ് 6 മണിക്ക് ആരംഭിച്ച് ഞായർ 5 മണിക്ക് അവസാനിക്കുന്നു. പരമാവധി 40 പേർക്കു മാത്രമേ ഒരു കോഴ്സിൽ അവസരമുണ്ടായി രിക്കുകയുള്ളൂ. ഒരു യൂണിറ്റിൽ നിന്നും ഒരാഴ്ച്ചയിൽ പരമാവധി മുന്നു പേരേ മാത്രം പങ്കെടുപ്പിക്കുക. ക്രിസ്ഫോം ൽ പങ്കെടുത്ത വിദ്യാർത്ഥി കൾക്കായി എല്ലാ മാസവും രണ്ടാംശനിയാഴ്ചകളിൽ ഉച്ചതിരിഞ്ഞ് രണ്ടു മുതൽ അഞ്ച് വരെ ഫോളോ അപ്പ് പ്രോഗ്രാം നടക്കുന്നുണ്ട്.

ക്രിസ്ഫോം II : എസിസി രണ്ടും മൂന്നും വർഷക്കാരിൽ നിന്ന് തെര ഞ്ഞെടുക്കപ്പെട്ടവർക്കായി എല്ലാ രണ്ടാമത്തെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രോഗ്രാം നടക്കുന്നു. നാൽപ്പതോളം പേരാണ് ഈ കോഴ്സിൽ സ്ഥിരമായി പങ്കെ ടുക്കുന്നത്.

ക്രിസ്ഫോം III: യുവ അധ്യാപകർക്കുള്ള (30 വയസ്സിനു താഴെയുള്ള അവിവാഹിതരായവർ) പരിശീലനകോഴ്സാണ് ക്രിസ്ഫോം III. ഈ പരിശീലനത്തിൽ എല്ലാ ആഴ്ചയിലും 40 പേർക്ക് പങ്കെടുക്കാം. ഒരു ഇടവകയിൽ നിന്ന് ഒന്നോ രണ്ടോ പേർക്ക് പരമാവധി പങ്കെടുക്കം. ക്രിസ്ഫോം I നടക്കുന്ന ആഴ്ചയിൽ മാത്രമേ ക്രിസ്ഫോം III യും ഉണ്ടായിരിക്കുകയുള്ളു. ഈ കോഴ്സിൽ പങ്കെടുക്കുന്നവർക്ക് ബേസിക് സിടിസി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 7. വചനാഗ്നി ഫോളോ അപ്പ്

വചനാഗ്നി ധ്യാനത്തിൽ പങ്കെടുത്തവർക്ക് ഫോളോ അപ്പ് ആരംഭിക്കുന്നു. പൂർണ്ണതാത്പര്യവും ആഗ്രഹവും ഉള്ളവർ പങ്കെടു ക്കുമല്ലോ. ആദ്യ ഫോളോ അപ്പ് നവം.27 ന് ഡിബിസിഎൽസി ഓഡിറ്റോ റിയത്തിൽ നടന്നു. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

## 8. ലഹരി വിരുദ്ധപ്രവർത്തനം

ലഹരിക്കെതിരെ വിശ്വാസപരിശീലനവിദ്യാർത്ഥികളെ ബോധ വത്ക്കരിക്കുക, സ്ക്വാഡ് പ്രവർത്തനം നടത്തുക എന്ന ലക്ഷ്യത്തോടെ അതിരൂപത വിശ്വാസപരിശീലനവേദി പ്രവർത്തനം തുടങ്ങണം എന്ന് വിശ്വാസപരിശീലന കൗൺസിലിൽ തീരുമാനിച്ചു. ആ ലക്ഷ്യത്തോടെ നവംബർ 20ന് ഞായറാഴ്ച ഡിബിസിഎൽസി യിൽ വെച്ച് ലഹരിക്കെ തിരായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ബോധവൽക്കര ണക്ലാസ്സ്, പാനൽ ചർച്ചകൾ എന്നിവ ഉണ്ടായിരുന്നു. യൂണിറ്റ് തലത്തിൽ പ്രവർത്തിക്കുന്നതിനു വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന ടീമുകൾ സജ്ജമാക്കേണ്ടതാണ്. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ

നൽകുന്നതാണ്.

## II. Daily Catechism

സ്കൂൾ കാറ്റകിസം മോറൽ സയൻസ് വാർഷികപരീക്ഷ: ജനുവരി 6 വെള്ളി

Std. I, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

ചോദ്യപേപ്പറുകൾ ജനുവരി 2–ാം തിയതി മുതൽ ഡിബിസിഎൽസി കാറ്റകിസം ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ജനുവരി 14 നുള്ളിൽ സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ പേരു വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

സ്കോളർഷിപ്പ് പരീക്ഷകൾ:

സ്കൂൾ കാറ്റകിസം: ജനുവരി 28 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 11 ശനിയാഴ്ച്ച Std. IV, VII, X, XII

(രാവിലെ 10 മുതൽ 12 വരെ ഡിബിസിഎൽസിയിൽ വെച്ച്)

ഏവർക്കും നല്ല ഒരു ക്രിസ്തുമസ്ക്കാലം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**
(affiliated to Katholicke Universiteit, Leuven, Belgium):

- ആദ്യസെമസ്റ്റർ പരീക്ഷ വളരെ ഭംഗിയായി അവസാനിച്ചു. സെക്കന്റ്സെമസ്റ്റിലെ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

- നവംബർ 06, നവംബർ 13, നവംബർ 20 തിയ്യതികളിൽ 2022–2023 ബാച്ചുക്കാരുടെ **സുവിശേഷങ്ങൾ** (Rev. Fr. Denny Chirayath), **ധാർമ്മികദൈവശാസ്ത്രത്തിനൊരാമുഖം** (Rev. Dr. Denny Thanikkal), **സ്നേഹത്തിന്റെ കൂദാശ** (Rev. Fr. Bastian Punnoliparambil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**

- Love and Responsibility: Theology of the Body (Rev. Fr. Tijo Mullakkara) എന്ന വിഷയത്തിന്റെ ക്ലാസ്സ് നവംബർ 27 ന് നടന്നു.
- 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University):

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Second Semester ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

- **സാമൂഹിക നീതി** (Rev. Dr. Saji Kannanayikkal) എന്ന വിഷയത്തിന്റെ ക്ലാസ്സ് നവംബർ 27 ന് നടന്നു.
- ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്.
- കാർമൽ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്നു.

### 6. Catechumenate Course

- ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

### 7. Basic CTC & Advanced CTC

- നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം.

### 8. Basic Bible Course (BBC)

- തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സ്
- ഈ Course ൽ  86 പേർ പങ്കെടുക്കുന്നു.

| | |
|---|---|
| **ഫാ. ലിജോ ചാലിശേരി** | **ഫാ. ഫ്രാൻസിസ് ആളൂർ** |
| ഡീൻ & റെജിസ്ട്രാർ | ഡയറക്ടർ |

## എക്സൽ അക്കാദമി

### K TET Course ( Kerala Teachers Eligibility Test)

എക്സൽ അക്കാദമിയുടെ K TET Courലെ പതിനഞ്ചാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ, നവംബർ 20-ാം തിയതി ആരംഭിച്ചു. ക്ലാസ്സുകൾ ഡിസംബർ 10-ാം തിയതി ആരംഭിക്കും.

### Excel Foundation Course

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ DBCLC കാമ്പ സ്സിൽ വെച്ച് നടക്കുന്ന എക്സൽ ഫൗണ്ടേഷൻ കോഴ്സ് (8,9,10,11,12 Std.), 2022-23 പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. സയൻസ്, സിവിൽ സർവ്വീസ് എന്നീ രണ്ടു വിഭാഗങ്ങളിൽ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

### KER /KSR Course

KER /KSR കോഴ്സിന്റെ പുതിയ ബാച്ച് അഡ്മിഷൻ, ഡിസം

ബർ 5–ാം തിയതി ആരംഭിക്കും.

## Excel Career Guidence Programme

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. മോട്ടിവേഷൻ സ്പീക്കർ, കാരിയർ ഗുരു, പ്രഗൽഭരായ അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. താത്പര്യമുള്ള സ്ഥാപനങ്ങൾ, ഇടവകകൾ എക്സൽ അക്കാദമിയുമായി ബന്ധപ്പെടേണ്ടതാണ്.

## PSC സൗജന്യപരിശീലനം

കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ ജടഇ സൗജന്യ പരിശീലനത്തിന്റെ പുതിയബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ സബ്സെന്ററായി പ്രവർത്തിക്കുന്ന, എക്സൽ അക്കാദമിയിൽ രണ്ടാം ശനിയാഴ്ചകളിലും, ഞായറാഴ്ചകളിലും സൗജന്യ ജടഇ ക്ലാസ്സുകൾ നടക്കുന്നു. അഡ്മിഷൻ തുടരുന്നു. ക്രിസ്ത്യൻ സമുദായത്തിന് സർക്കാർ നൽകുന്ന ആനുകൂല്യമാണ് ന്യൂനപക്ഷവകുപ്പിന്റെ സൗജന്യജടഇപരിശീലനക്ലാസ്സുകൾ. അക്കാര്യം മനസ്സിലാക്കി എല്ലാ ഇടവകകളിലും ഇക്കാര്യം അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

**കൂടുതൽ വിവരങ്ങൾക്ക് : 9847276657/ 9744941585**

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

### ജപമാല മാസാചരണം

ജപമാല മാസാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 16–ാം തീയതി മുതൽ 25–ാം തീയതി ഉൾപ്പെടെയുള്ള പത്തു ദിവസങ്ങളിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മുളയം ഇടവകയിൽനിന്നുള്ള ജപമാല പ്രദക്ഷിണം ഒക്ടോബർ 30–ാം തീയതി സെമിനാരിയിൽ സമാപിച്ചു. ജപമാല മാസത്തിന്റെ സമാപനദിനമായ ഒക്ടോബർ 31–ാം തീയതി സെമി

നാരികുടുംബം തിരികൾ തെളിയിച്ച് ആഘോഷമായ ജപമാല പ്രദക്ഷിണം നടത്തി.

**ഡീക്കന്മാരുടെ യാത്രയയപ്പ്**

പരിശീലനം പൂർത്തിയാക്കി സെമിനാരിയോട് യാത്രപറയാനൊരുങ്ങുന്ന ബഹു. ഡീക്കന്മാർക്ക് ഒക്ടോബർ 26–ാം തീയതി യാത്രയയപ്പ് നൽകി. റവ. ഫാ. മാത്യൂ പെരുമ്പള്ളി മുഖ്യകാർമ്മികത്വം വഹിച്ച അന്നത്തെ വിശുദ്ധബലി മദ്ധ്യേ റവ. ഫാ. ഡേവിസ് കാവുങ്കൽ MST വചനസന്ദേശം നൽകി. വൈകുന്നേരം 6.30 ന് ആരംഭിച്ച യാത്രയയപ്പ് സമ്മേളനത്തിൽ റവ. ഫാ. വിൻസെന്റ് ആലപ്പാട്ട്, റവ. ഫാ. സതീഷ് കാഞ്ഞിരപ്പറമ്പിൽ SDV, ബ്രദർ ജിതിൻ നെല്ലാനിക്കോട് VC എന്നിവർ ഡീക്കന്മാർക്ക് ആശംസകൾ നേർന്നു. ബഹു. ഡീക്കന്മാരെ പ്രതിനിധീകരിച്ച് ഡീക്കൻ ജോൺ പുത്തൂർ സെമിനാരികുടുംബത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ച് സംസാരിച്ചു.

**പ്രേഷിതദിനാചരണം**

ഈ വർഷം ഒക്ടോബർ 31–ാം തീയതിയാണ് സെമിനാരിയിൽ പ്രേഷിതദിനമായി ആചരിച്ചത്. സാഗർ രൂപതാംഗമായ റവ. ഫാ. ജോഷി പുല്ലോക്കാരൻ അന്നേദിവസം സെമിനാരികുടുംബത്തോടൊപ്പം ഹിന്ദി ഭാഷയിൽ ദിവ്യബലിയർപ്പിച്ചു. പ്രേഷിതമേഖലകളിൽ മിഷനറിമാർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അധികരിച്ച് റവ. ഫാ. ജോഷി പുല്ലോക്കാരൻ പ്രഭാഷണം നടത്തി. റവ. സിസ്റ്റർ എൽസി ഇല്ലിക്കൽ SNDS തന്റെ ആഫ്രിക്കൻ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു സംസാരിച്ചു. മിഷൻ ഫണ്ടുശേഖരണാർത്ഥം വിവിധങ്ങളായ മത്സരങ്ങളും സ്റ്റാളുകളും സംഘടിപ്പിച്ചിരുന്നു.

**പ്രേഷിത സഭയോടൊപ്പം**

സെമിനാരിയുടെ രജതജൂബിലിയോടനുബന്ധിച്ച് നവംബർ മാസത്തിൽ പ്രേഷിതയായ തിരുസഭയ്ക്കുവേണ്ടിയാണ് പ്രത്യേകം പ്രാർത്ഥിച്ചത്. സെമിനാരികുടുംബം ക്രിസ്തുവിൻ സാക്ഷ്യമാകുവാൻ, ക്രിസ്തുവിന് സാക്ഷ്യമേകുവാൻ എന്നതായിരുന്നു അതിനായി സ്വീകരിച്ച ആദർശവാക്യം.

**കുടുംബദിനം**

2022 നവംബർ 3–ാം തീയതി സെമിനാരിയുടെ 25–ാം കുടുംബദിനം സമുചിതമായി ആചരിച്ചു. പ്രഭാതത്തിലെ ആഘോഷമായ ദിവ്യബലിയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും ചിന്തോദ്ദീപകമായ വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചയ്ക്ക് 12 മണിക്ക് സെമിനാരികുടുംബം അഭിവന്ദ്യ പിതാ

ക്കന്മാരോടും അതിഥികളോടുമൊപ്പം പ്രാർത്ഥനാ ശുശ്രൂഷയ്ക്കായി ഒന്നുചേർന്നു. വൈകീട്ട് നടന്ന കുടുംബദിന സമാപന കൂട്ടായ്മയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് സന്ദേശം നൽകി. കുടുംബദിനത്തോടനുബന്ധിച്ചുള്ള മത്സരങ്ങളിൽ വിജയികളായ സഹോദരങ്ങൾക്കും ഗ്രൂപ്പുകൾക്കും പ്രസ്തുത കൂട്ടായ്മയിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം**

സെമിനാരി പരിശീലനത്തിന്റെ അവസാനഘട്ടത്തിലായിരിക്കുന്ന ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം നവംബർ 5-ാം തിയ്യതി സംഘടിപ്പിച്ചു. അന്നത്തെ ദിവ്യബലിക്ക് ബഹു. ജിക്സൺ താഴത്തച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും ബഹു. വിൻസെന്റ് ആലപ്പാട്ടച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. ഓഡിറ്റോറിയത്തിൽവച്ച് നടന്ന യോഗത്തിൽ സെമിനാരിയിലെ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും പരസ്പരം പരിചയപ്പെടാനും ആശയവിനിമയം നടത്താനും അവസരം ലഭിച്ചു.

**അനുസ്മരണ ദിവ്യബലി**

സെമിനാരിയുടെ രജത ജൂബിലിയോടനുബന്ധിച്ച് ഈ ഭവനത്തിൽ സേവനം ചെയ്യുകയും പരിശീലനം നേടുകയും ചെയ്തിരുന്നവരിൽ നിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. അച്ചന്മാരെയും സിസ്റ്റേഴ്സിനെയും ശെമ്മാശ്ശന്മാരെയും അനുസ്മരിച്ച് നവംബർ 8-ാം തിയ്യതി പൂർവ്വവിദ്യാർത്ഥികളായ വൈദികരുടെ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. റവ. ഫാ. ഡിറ്റോ കൂള (തൃശൂർ അതിരൂപത) ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും റവ. ഫാ. ജിനോ മാളക്കാരൻ (ഇരിങ്ങാലക്കുട രൂപത) വചനസന്ദേശം നൽകുകയും ചെയ്തു.

**മാസധ്യാനം**

സെമിനാരി വിദ്യാർത്ഥികളുടെ ആത്മീയ ഉന്നമനത്തിനായുള്ള മാസധ്യാനം നവംബർ 18, 19 തീയതികളിൽ നടത്തപ്പെട്ടു. മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. സിംസൺ ചിറമ്മൽ തിരുവചനങ്ങൾ കോർത്തിണക്കി ധ്യാനചിന്തകൾ പങ്കുവച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Patron Membership

1. റവ. സിസ്റ്റർ പ്രൊവിൻഷ്യൽ സുപ്പീരിയർ & സിസ്റ്റേഴ്സ്, CHF നവജ്യോതി പ്രൊവിൻഷ്യലേറ്റ്, ഒളരിക്കര, തൃശൂർ.

Benefactor Membership

1. റവ. സിസ്റ്റർ പ്രൊവിൻഷ്യൽ സുപ്പീരിയർ & സിസ്റ്റേഴ്സ്, CSM ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശൂർ.

2. ശ്രീ. ജോസഫ് & ശ്രീ. ബാസ്റ്റ്യൻ, ഇ/ീ ശ്രീ. ഇ. ഡി. ജോൺ, എടക്കളത്തൂർ ഹൗസ്, പൂവത്തൂർ, തൃശൂർ.

3. ശ്രീ. ഷാജു സി. തോമസ്, തേർമഠം ചക്കാലക്കൽ ഹൗസ്, പാലക്കൽ, തൃശൂർ.

Wellwisher Membership

1. ശ്രീ. ബെൽസൻ ഇ. എ., എലുവത്തിങ്കൽ ഹൗസ്, വലപ്പാട്, തൃശൂർ.

അത്യുന്നതൻ നൽകിയതുപോലെ അവിടുത്തേക്ക് തിരികെ കൊടുക്കുക (പ്രഭാ. 35:12). ദൈവികപ്രചോദനം ഉൾക്കൊണ്ട് ഉദാരമായി ഞങ്ങളെ സഹായിക്കുന്ന എല്ലാ ഉപകാരികളെയും അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**ഉപകാരികളുടെ സംഗമം – 2023**

ഒക്ടോബർ 8–ാം തീയതി ശനിയാഴ്ച സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുന്ന ഉപകാരികളുടെ സംഗമം നടത്തി. രാവിലെ നടന്ന വിശുദ്ധ കുർബ്ബാനയ്ക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്നു നടന്ന സുഹൃദസംഗമത്തിന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

**മിഷൻ ദിനാചരണം**

ആഗോള മിഷൻ ഞായറിനോടനുബന്ധിച്ച് ഒക്ടോബർ 18ന് മിഷൻ ദിനമായി ആചരിച്ചു. രാവിലെയുള്ള വിശുദ്ധ കുർബ്ബാനയ്ക്കുശേഷം മിഷൻ ഫെസ്റ്റ് നടത്തി. 21–ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം കുരിയച്ചിറ പള്ളി വികാരി ബഹു. തോമസ് വടക്കൂട്ട് അച്ചൻ മിഷൻ ഫണ്ട് ശേഖരണാർത്ഥമുള്ള ലേലം ഉദ്ഘാടനം ചെയ്ത് മിഷൻ സന്ദേശം നല്കി.

**ജപമാല പ്രദക്ഷിണം**

ജപമാല മാസത്തിന്റെ സമാപന ദിനമായ ഒക്ടോബർ 30ന് വൈകീട്ട് ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണം നടത്തി സെമിനാരി കുടുംബം പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചു പ്രാർത്ഥിച്ചു.

**ആർച്ച്ബിഷപ്പ് ഡേ & ഹോം ഡേ**

നവംബർ 5–ാം തീയതി സെമിനാരി കുടുംബം ഹോം ഡേ ആഘോഷിച്ചു. കുടുംബദിനത്തിന്റെ ഭാഗമായി 22–ാം തീയതി ആർട്സ് ഡേയും 29–ാം തീയതി സ്പോർട്സ് ഡേയും സമുചിതമായി നടത്തി. ഹോം ഡേ ദിവസം വിശുദ്ധ കുർബ്ബാനയ്ക്ക് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. സെമിനാരിയോട് ഏറ്റം അടുത്തു ബന്ധമുള്ള ബഹു. അച്ചന്മാരും, ബഹു. സിസ്റ്റേഴ്സും സഹോദരീസഹോദരന്മാരും സ്നേഹവിരുന്നിൽ പങ്കെടുത്തു. ആഘോഷങ്ങളുടെ ഭാഗമായി മൈനർ സെമിനാരി വിദ്യാർത്ഥികളും ഡിഗ്രി വൈദികവിദ്യാർത്ഥികളും കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടികളുടെ ആസ്വാദകരും പ്രോത്സാഹകരുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ നഴ്സിങ്ങ് വിദ്യാർത്ഥികൾ സന്നിഹിതരായിരുന്നു.

**ഡിഗ്രി സെമിനാരി വിദ്യാർത്ഥികൾ**

സെമിനാരിയിൽ താമസിച്ച് ഡിഗ്രി പഠനം നടത്തിയിരുന്ന രണ്ടാം വർഷ ഡിഗ്രി സെമിനാരിക്കാർ നവംബർ 6–ാം തീയതി ഒരുമാസക്കാലത്തെ പരിശീലനം പൂർത്തിയാക്കി വീടുകളിലേക്ക് തിരിച്ചുപോയി. നാല് വാരാന്ത്യങ്ങളിൽ നടന്ന പ്രത്യേക പരിശീലന ക്ലാസുകൾക്ക് ഫാ. വിൻസെന്റ് കുണ്ടുകുളം, ഫാ. രാജു അക്കര, ഫാ. ബിറ്റാജു പുത്തൻപുരയ്ക്കൽ, ഫാ. സാജൻ പിണ്ടിയാൻ എന്നീ വൈദികർ നേതൃത്വം നല്കി.

**ഗബ്രിയേൽ 2022**

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഈ വർഷത്തെ ഏകദിന ജീവിതമാർഗ്ഗദർശന സെമിനാറുകൾ നവംബർ 12, 19, 26 തീയതികളിൽ നടന്നു. സെമിനാറിന് ഫാ. ജിബിൻ താഴേക്കാടൻ, ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ, ഫാ. ഹേഡ്ലി നീലങ്കാവിൽ തുടങ്ങിയ വൈദികർ നേതൃത്വം നല്കി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ഫ്രാൻലി എം. ഫ്രാൻസിസ്, മുരിങ്ങാത്തേരി ഹൗസ്, മുണ്ടൂർ
2. ശ്രീ. സാൻലി എം. ഫ്രാൻസിസ്, മുരിങ്ങാത്തേരി ഹൗസ്, മുണ്ടൂർ
3. ശ്രീമതി സിന എ. വി., നീലങ്കാവിൽ ഹൗസ്, കുരിയച്ചിറ
4. ശ്രീ. സി. പി. തോമസ്, ചക്കാലയ്ക്കൽ ഹൗസ്,
   താഴത്തേ അങ്ങാടി, കോട്ടയം

5. ശ്രീ. കെ. ജെ. പയസ്, കോടങ്കണ്ടത്ത് ഹൗസ്, മണലൂർ
6. ശ്രീമതി ജോസ്ഫീന തോമസ്, ചൊവ്വല്ലൂർ ഹൗസ്, ബ്രഹ്മകുളം
7. ശ്രീ. ഇ. എ. സേവ്യർ, എലുവത്തിങ്കൽ ഹൗസ്, തൈക്കാട്ടുശ്ശേരി
8. ശ്രീ. ഡേവിസ് വി. എ. വാഴപ്പിള്ളി ഹൗസ്, വലപ്പാട്
9. ശ്രീ. ജോസ് പൊറിഞ്ചു, കണ്ണനായ്ക്കൽ ഹൗസ്, വെളപ്പായ
10. ശ്രീ. സിബിൻ ജോണി, പുത്തിരി ഹൗസ്, വടക്കാഞ്ചേരി

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാ ഉപകാരികളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി ഫെസ്റ്റ് – 2022**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്പിറ്റൽ ഡേ, ജൂബിലി ഫെസ്റ്റ് 2022 ആഘോഷിച്ചു. ഡോളേഴ്സ് ബസിലിക്ക ഫൊറോന വികാരിയും JMMCRI യുടെ മുൻ ഡയറക്ടറുമായ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് മുഖ്യകാർമ്മികനായുള്ള വിശുദ്ധ സമൂഹബലിയോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്. ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തു അധ്യക്ഷത വഹിച്ച ചടങ്ങിൽ തൃശൂർ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ. ആമോസ് മാമൻ IPS ഉദ്ഘാടനവും തൃശൂർ DMO ഡോ. ടി പി ശ്രീദേവി മുഖ്യ പ്രഭാഷണവും നിർവഹിച്ചു.

ചടങ്ങിൽ ആശുപത്രിയിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരേയും 25 വർഷം പൂർത്തിയാക്കിയ ജീവനക്കാരെയും ആദരിച്ചു. തുടർന്ന് വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും വ്യത്യസ്തങ്ങളായ കലാപരിപാടികളും അവതരിപ്പിച്ചു.

**ആയുർവേദദിനം**

ജൂബിലി ആയുർവേദ മിഷൻ ആശുപത്രി രാമവർമപുരം ക്യാമ്പ

സിൽ ദേശീയ ആയുർവേദദിനം ആചരിച്ചു. സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. മാഗി ജോസ് ഉദ്ഘാടനം നിർവഹിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജൂബിലി ആശുപത്രി അസി. ഡയറക്ടർമാരായ ഫാ. ഡോ. ഡെമിൻ തറയിൽ, ഫാ. ഷിജോ മാപ്രാണത്തുകാരൻ എന്നിവർ വിശിഷ്ടാതിഥികളായി. ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. സിസ്റ്റർ നിർലീന, സിസ്റ്റർ ഡോ. സാന്ദ്ര തെരേസ്, ഡോ. ബിനു ബാഹുലേയൻ എന്നിവർ സംസാരിച്ചു.

**ലോക മാനസിക ആരോഗ്യദിനം ആചരിച്ചു**

ജൂബിലി മിഷൻ ആശുപത്രി സൈക്യാട്രി, സൈക്കോളജി എന്നീ വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ ലോക മാനസിക ആരോഗ്യദിനം ആചരിച്ചു. പരിപാടിയിൽ ജൂബിലി മിഷൻ ആശുപത്രി അസ്സി. ഡയറക്ടർ ഫാ. ഡോ. ഡെമിൻ തറയിൽ, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. പത്മകുമാർ, സൈക്യാട്രി വിഭാഗം HoD ഡോ. നീതി വത്സൻ, സൈക്യാട്രി വിഭാഗം സീനിയർ റസിഡന്റ് ഡോ. ഫാ. ദേവ് അഗസ്റ്റ്യൻ അക്കര, ക്ലിനിക്കൽ സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സി. ആൻ ഗ്രേയ്സ് എന്നിവർ സംസാരിച്ചു.

**ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ്** NAAC (National Assessment and Accreditation Council) B++ **കരസ്ഥമാക്കി**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിലുള്ള മൂല്യനിർണ്ണയത്തിൽ B++ കരസ്ഥമാക്കി ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗ് തങ്ങളുടെ മികവ് പ്രകടമാക്കി. രാജ്യത്തെ ഉന്നത വിദ്യാഭ്യാസം മികവുറ്റതാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന NAAC മൂല്യനിർണ്ണയത്തിലാണ് 4–ൽ 2.99 മാർക്ക് നേടി B++ കരസ്ഥമാക്കിയത്. അദ്ധ്യയനം, പഠനാന്തരീക്ഷം, ഗവേഷണം, അനുബന്ധ സൗകര്യങ്ങൾ, വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങൾ, മാനേജ്മെന്റ് പ്രവർത്തനങ്ങൾ, സാമൂഹിക സേവനങ്ങൾ എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ചാണ് മൂല്യനിർണ്ണയം നടത്തിയത്. കേരളത്തിലെ നേഴ്സിങ്ങ് കോളേജുകളിൽ ഒന്നാം സ്ഥാനത്തും, ദേശീയതലത്തിൽ രണ്ടാം സ്ഥാനത്തുമാണ് ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ്.

**ജൂബിലിയിൽ ലോക ഫാർമസിസ്റ്റ് ദിനാഘോഷം**

Pharmacy united in action for a healthy world എന്ന ആപ്തവാക്യത്തെ മുറുകെ പിടിച്ചുകൊണ്ടാണ് 2022 ലെ ലോക ഫാർമസിസ്റ്റ് ദിനം കടന്നുപോയത്. ലോക ഫാർമസിസ്റ്റ് ദിനത്തോടനുബന്ധിച്ച് ജൂബി

ലി ഫാർമസി ഇൻ ചാർജ്ജ് സി. ട്രീസ ഫ്രാൻസിയുടെ നേതൃത്വത്തിൽ അതിഗംഭീരമായി ഫാർമസിസ്റ്റ് ഡേ ആഘോഷിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, , അസി. ഡയറക്ടർമാരായ ഫാ. തോമസ് പൂപ്പാടി, ഫാ. ഡോ. ഡെമിൻ തറയിൽ, ഫാ. ജിമ്മി എടക്കളത്തൂർ എന്നിവരുടെ സാന്നിധ്യം ആ നിമിഷങ്ങളെ അനുഗ്രഹീതമാക്കി.

**ഡോ. അച്ചാപിള്ള ജോസഫ് അന്തരിച്ചു**

ഇരിങ്ങാലക്കുട എം. സി. ജോസഫിന്റെ പുത്രി പ്രശസ്ത ഗൈനക്കോളജിസ്റ്റ് ഡോക്ടർ അച്ചാപിള്ള ജോസഫ് (98) അന്തരിച്ചു. തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റൽ, ഇരിങ്ങാലക്കുട ലാൽ മെമ്മോറിയൽ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്.

**അഭിനന്ദനങ്ങൾ**

- തൃശൂർ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ക്യാൻസർ ബോധവത്കരണ പരിപാടിയിൽ ജൂബിലി മിഷൻ കോളജ് ഓഫ് നേഴ്സിംഗ് നാലാം വർഷ വിദ്യാർത്ഥികൾ ഒന്നാം സമ്മാനം കരസ്ഥമാക്കി.
- മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഇന്റർസോൺ ആർട്സ് ഫെസ്റ്റ് EKTHARA 2K22 വിൽ പോസ്റ്റർ നിർമ്മാണ മത്സരത്തിൽ ബീൻ ജോസ് (17th ബാച്ച്) ഒന്നാം സ്ഥാനവും സ്ട്രിങ്സ് ഈസ്റ്റേൺ വിഭാഗത്തിൽ ബി. ശ്രീഹരി (17th ബാച്ച്) മൂന്നാം സ്ഥാനവും നേടി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ജെയിംസ് ഡേവിഡ്, കലാൻഗുട്ട, ഗോവ
- സി. ട്രീസ ഫ്രാൻസി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ലിസ്സി ജോസ്, മാവേലിപുരം, കൊച്ചി
- ജോസഫ് ഡേവിഡ്, കലാൻഗുട്ട, ഗോവ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മേജോ ജോസ്, അറക്കൽ ഹൗസ്, നെല്ലങ്കര പി. ഒ., തൃശ്ശൂർ
- റിൻസി റാഫേൽ, ഇരിങ്ങാലക്കുട, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. സി.ബി.സി.ഐ പ്രസിഡന്റ്**

തൃശൂർ സെന്റ് തോമസ് കോളേജിന്റെ രക്ഷാധികാരി അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സി.ബി.സി.ഐ) യുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സന്തോഷത്താൽ പിതാവിന് അഭിനന്ദനങ്ങൾ നേർന്നു.

**2. സെന്റ് തോമസിന് മികച്ച ഗ്രേഡിംഗ് (A++) 3.7/4**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവ് പരിശോധിക്കുന്ന നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ (NAAC) മൂല്യനിർണ്ണയത്തിൽ ഏറ്റവും ഉയർന്ന സ്കോറായ എ പ്ലസ് പ്ലസ് (A++) തൃശൂർ സെന്റ് തോമസ് കോളേജിന് ലഭിച്ചു. ഒക്ടോബർ 20,21 തീയതികളിൽ നടന്ന നാലാംഘട്ട നാക് പരിശോധനയിൽ 4–ൽ 3.7 എന്ന സ്കോർ നേടിക്കൊണ്ട് രാജ്യത്തെ ഓട്ടോണമസ് കോളേജുകളിൽ നാലാം സ്ഥാനവും കേരളത്തിൽ രണ്ടാം സ്ഥാനവും, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒന്നാം സ്ഥാനവും ലഭിച്ചു. നൂറു വയസ്സ് തികഞ്ഞ ഈ അക്ഷരമുത്തശ്ശിക്ക് നിർഫ് റാങ്കിങ്ങിൽ 63 – ഉം ഇന്നോവേഷൻ റാങ്കിങ്ങിൽ നാല് സ്റ്റാറും ലഭിച്ചതിനു ശേഷമുള്ള ഉന്നത സ്ഥാനമാണ് കോളേജ് സ്വന്തമാക്കിയിരിക്കുന്നത്.

**മികവിന്റെ കേന്ദ്രമായി സെന്റ് തോമസ്**

ഓട്ടോണമസ് പദവിക്കു ശേഷം രണ്ടാം പ്രാവശ്യം പാഠ്യ പദ്ധതി പരിഷ്ക്കരിക്കുകയും ഫലാധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുകയും ചെയ്തുകൊണ്ട് വിദ്യാഭ്യാസ സമ്പ്രദായത്തെ നൂതനവത്ക്കരിച്ചു. ആധുനിക വിവര സാങ്കേതിക വിദ്യ അദ്ധ്യാപന പഠനരീതികളിൽ അവലംബിച്ചു. ഗവേഷണ പ്രവർത്തനങ്ങളിലെ കുതിപ്പുകളിൽ 144 ഗവേഷണ വിദ്യാർത്ഥികളും 43 ഗവേഷണ മേൽനോട്ട അദ്ധ്യാപകരും കരുത്തു പകർന്നു. 40 വിദ്യാർത്ഥികൾ ഈ 2016–21 കാലയളവിൽ ഗവേഷണ ബിരുദം നേടി. 12 പുതിയ ചെടികൾ കണ്ടെത്തി. അഞ്ച് പെയ്റ്റന്റ് ഫയൽ ചെയ്ത് ഒരെണ്ണത്തിന് അംഗീകാരം നേടി. വിദേശ സർവ്വകലാശാലകളുമായും രാജ്യത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി

എം.ഒ.യു ഒപ്പിട്ടു. പ്രവർത്തിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസ നത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഉന്നത നിലവാരമുള്ള സെൻട്രലൈ സ്ഡ് ലൈബ്രറി സമുച്ചയം നിലവിൽ വന്നു. സൗരോർജ്ജം ഉപയോഗ പ്പെടുത്തിയും, എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചും ഊർജ്ജ സംര ക്ഷണ രീതി കൊണ്ടു വന്നു. എല്ലാ ക്ലാസ്സുകളിലും ആധുനിക പഠന സംവിധാനം ഏർപ്പെടുത്തി. കലാകായിക അക്കാദമിക് മേഖലകളിൽ വിദ്യാർത്ഥികൾ മികച്ച നിലവാരവും സ്ക്കോളർഷിപ്പുകളും കരസ്ഥ മാക്കി. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് എല്ലാ വരേയും ഉൾകൊള്ളിച്ച ഭരണരീതി നടപ്പിലാക്കിയതിന്റെ മികവാർന്ന തെളിവാണ് കോളേജിന് ലഭിച്ച ഈ അംഗീകാരം മികച്ച മാതൃകകളാ യി ഉയർത്തി കാണിച്ച ഡിജി ക്യാമ്പസ്, വി കെയർ എന്നിവ സാമൂഹി ക പ്രതിബന്ധതയും നൂതനത്വവും നിറഞ്ഞതായിരുന്നു. കോളേജിന്റെ അതുല്യ നേട്ടങ്ങളായി പ്ലെയ്സ്മെന്റ്, വിദേശഭാഷാപഠനകേന്ദ്രം, മിക ച്ച ഗവേഷണ സൗകര്യങ്ങൾ, പരീക്ഷണ നിരീക്ഷണ പഠന മാതൃക കൾ എന്നിവയാണ്. നിരവധി സാമൂഹ്യ പരിഷ്കർത്താക്കളേയും ഭര ണാധികാരികളേയും സാംസ്ക്കാരിക പ്രവർത്തകരേയും വാർത്തെടു ക്കാൻ മുഖ്യ പങ്കുവഹിച്ച ഈ കലാലയത്തിന് ലഭിച്ച അംഗീകാരമാണ് ഈ ഉയർന്ന ഗ്രേഡ്.

ഗുജറാത്തിലെ സർദാർ പട്ടേൽ യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. ലക്സ് കുമാർ യാഗ്നിക്, ജമ്മു കാശ്മീർ സെൻട്രൽ യൂണിവേഴ്സിറ്റി ഡീൻ ആൻഡ് പ്രൊഫ. ദേവാനന്ദ് പദാ, ഭോപ്പാൽ സ്ക്കൂൾ ഓഫ് സോ ഷ്യൽ സയൻസിലെ മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. ജോസഫ് പി.പി എന്നിവരായിരുന്നു സന്ദർശന ടീമിലെ അംഗങ്ങൾ.

മാനേജർ മാർ ടോണി നീലങ്കാവിൽ, പ്രിൻസിപ്പാൾ ഡോ. മാർ ട്ടിൻ കെ.എ, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ, ഐ.ക്യു.എസി കോഡിനേറ്റർ ഫാ. അനിൽ ജോർജ്ജ് ഡോ. സി. അൽ ഫോൺസ എന്നിവർ അദ്ധ്യാപക, അനദ്ധ്യാപക വിദ്യാർത്ഥികൾക്ക് അ ഭിനന്ദനങ്ങൾ നേർന്നു.

**3. ഗ്ലോബൽ അലുമിനി മീറ്റ് 2022**

ഈ വർഷത്തെ ഗ്ലോബൽ അലുമിനി മീറ്റ് സംഘടിപ്പിച്ചു. വി ദേശങ്ങളിൽ ജോലിചെയ്യുന്ന നിരവധി പൂർവ്വ വിദ്യാർത്ഥികൾ പങ്കെടു ത്തു സംസാരിച്ചു. ഓൺലൈൻ മീറ്റിംഗ് രക്ഷാധികാരി മാർ ആൻഡ്രു സ് താഴത്ത് ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട റവന്യു വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ, മാനേജർ മാർ ടോണി നീലങ്കാവിൽ, അമേരിക്കയി ലെ ചിക്കാഗൊ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് എന്നീ വിശിഷ്ട വ്യക്തി കൾ പങ്കെടുത്തു. പ്രിൻസിപ്പാൾ ഡോ. ഫാ. മാർട്ടിൻ കെ.എ, റവ. ഫാ.

ബിജു പാണേങ്ങാടൻ, പ്രസിഡന്റ് ശ്രീ സി.എ. ഫ്രാൻസിസ്, സെക്രട്ടറി ഡോ. കെ.പി. നന്ദകുമാർ, കൺവീനർ ശ്രീ ജെയിംസ് കുട്ടിക്കൽ എന്നിവർ ഗ്ലോബൽ മീറ്റിന് നേതൃത്വം നൽകി.

**4. പുതിയ ജിവിയ്ക്ക് കോളേജിന്റെ പേരു നൽകി**

ജന്തു ശാസ്ത്ര വിഭാഗം ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയ 'യുമാസിയ തോമസിഐ' എന്ന ജീവിയ്ക്ക് കോളേജിന്റെ പേര് നൽകി. സുവാടാക്സയിൽ പബ്ലിഷ് ചെയ്ത ഈ പേപ്പറിൽ കണ്ടു പിടിത്തത്തിന് നേതൃത്വം നൽകിയത് ഡോ. ജോയ്സ് ജോസും, ഗവേഷണ വിദ്യാർത്ഥി ഉഷ എ.യു വുമാണ് ആദ്യമായി കോളേജിൽ നിന്ന് പ്രസിദ്ധം ചെയ്തത ജന്തു ജീവിയാണിത്.

**5. ഐ.ക്യു.എസി കോഡിനേറ്റർ**

നാക് അഞ്ചാം സൈക്കിളിന്റെ പുതിയ ഐ.ക്യു.എസി കോർഡിനേറ്ററായി ഡോ. സജേഷ് ടി.എ. തെരഞ്ഞെടുത്തു. മുൻ കോർഡനേറ്റർ ഡോ. ഫാ അനിൽ കെ. ജോർജ്ജിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച A++ സിന് അഭിനന്ദനങ്ങൾ നേർന്നു. മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ച എല്ലാ ക്രൈറ്റീരിയ കോർഡിനേറ്റർമാരേയും, ജോയന്റ് കോർഡിനേറ്റർ ഡോ. സി. അൽഫോൻസ നാക് കോർഡിനേറ്റർ ഡോ. സാജു എം.ഐ എന്നിവർക്കും അഭിനന്ദനങ്ങൾ നേർന്നു.

**6. പാട്രൻസ് ഡെ ആഘോഷിച്ചു**

പാട്രൻസ് ഡെ ആഘോഷിച്ചു. 11 വൈദീകർ ചേർന്ന് ദിവ്യബലി അർപ്പിച്ചു. റവ. ഫാ. ബിജു പാണേങ്ങാടൻ (എക്സിക്യൂട്ടീവ് മാനേജർ), പ്രിൻസിപ്പാൾ ഡോ. ഫാ. മാർട്ടിൻ കെ.എ എന്നിവർ നേതൃത്വം നൽകി. രക്ഷാധികാരി മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ അനുമോദിച്ച് സമ്മാനങ്ങൾ നൽകി ആദരിച്ചു., മാർ റാഫേൽ തട്ടിൽ, മാനേജർ മാർ ടോണി നീലങ്കാവിൽ, തൃശൂർ എം.എൽ.എ ശ്രീ. പി. ബാലചന്ദ്രൻ, യൂണിവേഴ്സിറ്റി സിന്റിക്കേറ്റ് അംഗം ശ്രീ യൂജിൻ മൊറോലി, തൃശൂർ കോളേജിയറ്റ് ഡപ്യൂട്ടി ഡയറക്ടർ ഡോ. ജോജോ മോൻ എൽ.എ, മുൻ പ്രിൻസിപ്പാൾ ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, വൈസ് പ്രിൻസിപ്പാൾമാർ, അദ്ധ്യാപക, അനദ്ധ്യാപക, വിദ്യാർത്ഥി പ്രതിനിധികൾ പി.ടി.എ, ഒ.എസ്.എ, ഭാരവാഹികൾ പങ്കെടുത്ത് പാട്രൻസ് ഡെ ആശംസകൾ നേർന്നു. കോളേജിന് ലഭിച്ച ഉന്നത നാക്ക് ഗ്രേഡിൽ എല്ലാവരും അഭിനന്ദനങ്ങൾ നേർന്നു.

**7. നാമഹേതുക തിരുന്നാളാഘോഷം**

വി.മാർട്ടിൻ ഡി പോറസിന്റെ നാമധേയം സ്വീകരിച്ച പ്രിൻസിപ്പാൾ ഡോ.ഫാ.മാർട്ടിൻ കെ.എ യുടെ ഫീസ്റ്റ് ആഘോഷിച്ചു. ദിവ്യബ

ലിയും, ആശംസാ സമ്മേളനവും മധുര വിതരണവും ഉണ്ടായിരുന്നു.

**8. പ്രൊഫസർ പദവി ലഭിച്ചു**

റിട്ടയർ ചെയ്ത ഡോ. തോമസ് പോൾ കാട്ടൂകാരനും, ഡോ. സനൽ രാജിനും പ്രൊഫസർ പദവി ലഭിച്ചതിൽ അഭിനന്ദനങ്ങൾ.

**9. യസ് ടു ലൈഫ് നോ ടു ഡ്രഗ്സ്**

സംസ്ഥാന ഗവൺമെന്റിന്റെ ലഹരിവിരുദ്ധ കാമ്പയിനോടനുബന്ധിച്ച് കോളേജിൽ മാജിക് ഷോ സംഘടിപ്പിച്ചു. എക്സൈസ് അസി. കമ്മീഷണർ സുരേഷ് കെ. എസ്. ഉദ്ഘാടനം ചെയ്ത യോഗത്തിൽ മുഖ്യ അതിഥിയായി മാനേജർ മാർ ടോണി നീലങ്കാവിൽ പങ്കെടുത്തു. ശ്രീ ജോയ്സ് മുക്കുഡം മാജിക്ക് ഷോ നിർവ്വഹിച്ചു.

**10. നാഷണൽ സിംബോസിയം**

ഗണിത ശാസ്ത്ര വിഭാഗം സെന്റ് തോമസ് കോളേജും, കെ.എം.എ യും, കെ.എസ്.സി.എസ്.ടി.ഇ. യും സംയുക്തമായി സംഘടിപ്പിച്ച "എമർജിംഗ് ട്രെന്റ് ഇൻ അപ്ലൈഡ് മാത്തമാറ്റിക്സ്" എന്ന വിഷയത്തിൽ നാഷണൽ സിംബോസിയം സെന്റ് തോമസ് കോളേജിൽ നടന്നു. ഡോ. ജോസഫ് വർഗ്ഗീസ്, ഡോ. സേതുമാധവൻ, ഡോ. ശ്രീകാന്ത് രാജൻ, ഡോ. ലെക്സി അലക്സാണ്ടർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ ഉത്ഘാടനം ചെയ്ത യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ഫാ. മാർട്ടിൻ കെ.എ. അധ്യക്ഷത വഹിച്ചു. ഡോ. സാജു എം.ഐ, ഡോ. വി.എം. ചാക്കൊ, ഡോ. പി.എൽ. ആന്റണി, ശ്രീ വിൻസെന്റ് ജോസഫ് പുലിക്കോട്ടിൽ, ഡോ. സി. ജൂലി ആൻഡ്രൂസ് എന്നിവർ സംസാരിച്ചു.

**11. നാക് മോക്ക് വിസിറ്റ് നടത്തി**

നാലാം നാക് സൈക്കിളിന്റെ ഭാഗമായി മോക്ക് വിസിറ്റ് സംഘടിപ്പിച്ചു. ബാഗ്ലൂർ നാക് മുൻ ഡയറക്ടർ ഡോ. ലത പിള്ളൈ, മുംബൈ എൻ എം എസ് ഫൗണ്ടർ ഡയറക്ടർ ഡോ. സുരേഷ് മോനി, രാജഗിരി കോളേജിലെ ഡോ. ബിന്ധ്യ വർഗ്ഗീസ് എന്നിവർ മോക്ക് വിസിറ്റിന് നേതൃത്വം നൽകി.

**12. അഭിനന്ദനങ്ങൾ**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പോലീസ് ഉദ്യോഗസ്ഥരുടെ ജോലിയുടെ മികവിന്റെ ഇംപാക്ട് അസസ്മെന്റിന് തൃശൂർ സിറ്റി പോലീസ് കേന്ദ്രത്തിന് അവാർഡ് ലഭിച്ചു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന് അഭിനന്ദനങ്ങൾ.

**13. മത്സരം നടത്തി**

ഡാറ്റാ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ "നൊവസ് ടെക്ഫെസ്റ്റി"നോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**14. വർക്ക്ഷോപ്പ് നടത്തി**

ലൈബ്രറി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അക്കാദമിക് ആന്റ് പ്രിഡേറ്ററി പബ്ലിഷിംഗ് എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി.

* ബോട്ടണി ഡിപ്പാർട്ടുമെന്റും ഐ.ഐ.സിയും, ഐ.ഇ.ഡി യും സംയുക്തമായി 'ഇക്കോളജിക്കൽ നിഷ് മോഡലിംഗ്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. ഐ.സി.എൽ.ഇ.ഐ സൗത്ത് ഏഷ്യ അസിസ്റ്റന്റ് മാനേജർ ഡോ. അലക്സ് സി.ജെ വർക്കഷോപ്പ് നയിച്ചു.

**15. അഡ്മിഷൻ അവസാനിച്ചു**

2022-23 വർഷത്തേയ്ക്കുള്ള യു.ജി, പി.ജി വിദ്യാർത്ഥികളുടെ അഡ്മിഷൻ അവസാനിച്ചു. ഈ വർഷത്തെ അഡ്മിഷൻ കമ്മറ്റിയുടെ കൺവീനർ ഡോ. സജേഷ് ടി.എ യുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ. ഈ വർഷം കോളേജിൽ യു.ജി, പി.ജി വിഷയങ്ങളിലായി 3469 കുട്ടികളും ഗവേഷണത്തിന് 119 കുട്ടികളും പഠിക്കുന്നു.

**16. മെർക്കാഡോ**

എന്റർപ്രണോർഷിപ്പ് ക്ലബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും, കുട്ടികൾ നിർമ്മിച്ച കരകൗശല വസ്തുക്കൾ നിർമ്മിച്ച് വില്പന നടത്തി വരുന്നു. ഇ.ഡി ക്ലബിന്റെ അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

**17. എൻ.ഇ.റ്റി/ ജെ.ആർ.എഫ് ലഭിച്ചു**

പല്ലവി മുരളീധരൻ – കോമേഴ്സ്, ജിസ് മരിയ ബേബി – ഇംഗ്ലീഷ്, എന്നിവർക്ക് ഈ മാസം എൻ.ഇ.റ്റി പരീക്ഷയിൽ യോഗ്യത നേടാൻ കഴിഞ്ഞു.

**18. കോളേജ് യൂണിയൻ ഇലക്ഷൻ**

കോളേജ് യൂണിയൻ ഇലക്ഷൻ  കോളേജിൽ നടന്നു. ക്ലാസ് പ്രതിനിധികളേയും, കോളേജ് യൂണിയൻ ഭാരവാഹികളേയും തെരഞ്ഞെടുത്തു.

**19. പ്ലെയ്സ്മെന്റ് ലഭിച്ചു**

കഴിഞ്ഞ മാസം 16 കുട്ടികൾക്ക് പ്ലെയ്സ്മെന്റ് സെല്ലിന്റെ സ

ഹായത്തോടെ ജോലി ലഭിച്ചു. അംഡ്രോഡ് ടെക്നോളജീസ്–11, ഇ വൈ–3, ആ.ജെ@ ഡിയോ മാൻഗോ–1, പി.എസ്.സി–1. പ്ലെയ്സ്മെന്റി ന്റെ മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

**20. സാംസ്ക്കാരിക സന്ധ്യ**

ജനസംസ്ക്കാര ചലചിത്രകേന്ദ്രയും, കോളേജിന്റെ മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റും ചേർന്ന് സാംസ്ക്കാരികസന്ധ്യ സംഘടിപ്പിച്ചു.

**21. സൈ ഫെസ്റ്റ് 2022**

സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥി കൾക്കായ് "മനോഭാവ" എന്ന പേരിൽ സൈക്കോളജിക്കൽ ടെസ്റ്റു കൾ നടത്തി.

**22. ധാരണ പത്രം ഒപ്പു വെച്ചു**

സെന്റ് തൊമസ് കോളേജും ഗവ. മോഡൽ ബോയ്സ് സ്ക്കൂളു മായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ധാ രണ പത്രം ഒപ്പു വെച്ചു.

**23. മത്സരം നടത്തി**

ഐ.ഇ.ഡി.സി, ഇ ഡി ക്ലബ്, ഐ.ഐ.സി എന്നിവയുടെ സം യുക്ത ആഭിമുഖ്യത്തിൽ "ഇന്നൊ–ക്വസ്റ്റ്" എന്ന പേരിൽ നാലു മേഖല കളിൽ ഉല്പന്ന നിർമാണവുമായി ബന്ധപ്പെട്ട് മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**24. കുളവെട്ടിമര സംരക്ഷണം**

വംശനാശം സംഭവിക്കുന്ന കുളവെട്ടിമരങ്ങൾ സംരക്ഷിക്കുന്ന തിന്റെ ഭാഗമായി കോളേജിലെ 40 വിദ്യാർത്ഥികൾ വരവൂർ ഗ്രാമപഞ്ചാ യത്തിൽ കോളേജും പഞ്ചായത്തും സംയുക്തമായി സംരക്ഷിച്ചു വരുന്ന കുളവെട്ടിമരങ്ങളുടെ വളർച്ചതോത് നിർണ്ണയിച്ചു.

**25. ആന്റി ഡ്രഗ് ഡെ ആചരിച്ചു**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വിയ്യൂർ ജയിലിൽ "കരുതൽ" എന്ന പേരിൽ ആന്റി ഡ്രഗ് ഡെ ആചരിച്ചു.

**26. പ്രസംഗ മത്സരം നടത്തി**

ഒറോറ്ററി ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രസംഗ മത്സരം നടത്തി സമ്മാനാർഹരെ ആദരിച്ചു.

**27. ഇക്കോഫിയസ്റ്റ്**

സാമ്പത്തിക ശാസ്ത്രവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിപ്പാർ ട്ട്മെന്റിന്റെ 65–ാം വാർഷികഘോഷങ്ങളുടെ ഭാഗമായി "ഇക്കോഫിയ സ്റ്റ്" സംഘടിപ്പിച്ചു. സാമ്പത്തിക ശാസ്ത്ര മാതൃകകളുടെ പ്രദർശനം

ഒരുങ്ങിയിരുന്നു. പ്രിൻസിപ്പാൾ, എക്സിക്യൂട്ടീവ് മാനേജർ എന്നിവർ ചേർന്ന് ഇക്കോഫിയസ്റ്റ് ഉദ്ഘാടനം ചെയ്തു.

**28. ഒ.എസ്.എ**

ഒ.എസ്.എ യുടെ നേതൃത്വത്തിൽ കോളേജിൽ വെച്ച് ഫിലിം ഡയറക്ടർ രഞ്ജിത് ശങ്കറുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാൻ അവസരമൊരുക്കി. കേരളപ്പിറവി ദിനത്തിലെ ഈ സംവാദം വിദ്യാർത്ഥികൾക്ക് വളരെ ആസ്വാദ്യകരമായിരുന്നു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി ഒക്ടോബർ 10ന് ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. മിസ്റ്റർ സന്തോഷ് കലാഗ്രാമം, ഡോ.മല്ലിക ബാലകൃഷ്ണൻ എന്നിവർ ഇൻഡക്ഷൻ പ്രോഗ്രാമിന് നേതൃത്വം നൽകി. ഇൻഡക്ഷൻ പ്രോഗ്രാം വിദ്യാർത്ഥികൾക്ക് പരസ്പരം പരിചയപ്പെടാനും ക്ലാസുകൾക്കുള്ള മുന്നൊരുക്കം നടത്താനും സഹായകരമായി.

**വയോജനങ്ങൾക്ക് കൈത്താങ്ങായി സാന്ത്വനം**

മുള്ളൂർക്കര പഞ്ചായത്തിലെ പകൽ വീട്ടിൽ വയോജനങ്ങളും ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികളും ഒത്തുകൂടി. സാന്ത്വനം സ്നേഹ കൂട്ടായ്മ മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.തങ്കപ്പൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കോളേജ് പ്രിൻസിപ്പാൾ റവ. ഫാ.ചാക്കോ ചിറമേൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വിദ്യാർത്ഥികളും പകൽ വീട്ടിലെ അംഗങ്ങളും കലാപരിപാടികൾ അവതരിപ്പിച്ചു. വിദ്യാർത്ഥികൾ വീടുകളിൽ നിന്ന് ശേഖരിച്ച പൊതുച്ചോറുകൾ പകൽ വീട്ടിലെ അംഗങ്ങൾക്ക് വിതരണം ചെയ്തു.

**കുട്ടികൾക്ക് പഠനസഹായമായി സൗജന്യ ട്യൂഷൻ പദ്ധതി**

മുള്ളൂർക്കര പഞ്ചായത്തിലെ കുട്ടികൾക്കായുള്ള സൗജന്യ ട്യൂഷൻ പദ്ധതിക്ക് ആരംഭം കുറിച്ചു. കോളേജിലെ അധ്യാപകരുടെയും ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ആദ്യ ഘട്ടത്തിൽ ഇരുപതോളം വിദ്യാർത്ഥികൾക്കാണ് സൗജന്യ ട്യൂഷന് അവസരം ഒരുക്കിയിട്ടുള്ളത്.

**പ്ലാസ്റ്റിക്കിനെതിരെ കൈകോർത്ത് വിദ്യാർത്ഥികൾ**

പ്ലാസ്റ്റിക് ഉപേക്ഷിക്കൂ ഭൂമിയെ രക്ഷിക്കൂ എന്ന സന്ദേശവുമായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. വടക്കാഞ്ചേരി ബ്ലോക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.ഷണ്മുഖൻ സാർ ക്ലാസുകൾക്ക് നേതൃത്വം നൽകി. പ്ലാസ്റ്റിക് മാലിന്യവും അതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെകുറിച്ചും പങ്കുവെക്കുകയുണ്ടായി.

**MOU ഒപ്പുവെച്ചു**

മഹാജൂബിലി ട്രെയിനിങ് കോളേജ്, ഒറ്റപ്പാലം എൻ.എസ്.എസ് കോളേജുമായി MOU ഒപ്പുവച്ചു. ഈ അധ്യായന വർഷത്തിൽ സ്റ്റുഡൻസ് ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമിനും കോളേജുകൾ തമ്മിൽ ധാരണയായി.

**സെക്കന്റ് സെമസ്റ്റർ പരീക്ഷ**

ഒക്ടോബർ 25 മുതൽ 28 വരെ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെക്കന്റ് സെമസ്റ്റർ പരീക്ഷ നടത്തി.

**നാക് ടീം സന്ദർശനം സമാപിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ നവംബർ 8, 9 ദിവസങ്ങളിലായി നടന്ന നാക് ടീം സന്ദർശനത്തിന്റെ ആദ്യ ദിനത്തിൽ കോളേജിന്റെ അക്കാദമിക് പ്രവർത്തനങ്ങളെക്കുറിച്ച് വിവിധ തലങ്ങളിൽ വിലയിരുത്തുകയും, കോളേജ് മാനേജ്മെന്റിന്റെ പ്രതിനിധികൾ, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആവിഷ്ക്കാർ 2022 എന്ന പേരിൽ ദൃശ്യ വിസ്മയം തീർത്തു. കോളേജിന്റെ പ്രവർത്തനങ്ങളിൽ നാക് ടീം സംതൃപ്തരാണെന്ന് അറിയിച്ചു.

**രക്തദാന ക്യാമ്പിൽ പങ്കെടുത്തു**

മുള്ളൂർക്കര എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളിൽ എൻ.എസ്.എസ് സംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജീവ

ദ്യുതി രക്തദാന ക്യാമ്പിൽ കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മലും അധ്യാപകരും വിദ്യാർത്ഥികളും രക്തദാനം ചെയ്ത് പങ്കാളികളായി.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ... (ഡിസംബർ 2022)**

| | | |
|---|---|---|
| 1 | വ്യാഴം | – ലോക എയ്ഡ്സ് ദിനം |
| 2 | വെള്ളി | – ആദ്യവെള്ളി, വി. കുർബാന |
| 3 | ശനി | – വി. ഫ്രാൻസീസ് സേവ്യർ |
| 6 | ചൊവ്വ | – ഡോ. ബി. ആർ. അംബേദ്ക്കർ ദിനം |
| 7 | ബുധൻ | – സായുധസേനാ പതാകദിനം |
| 8 | വ്യാഴം | – മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 | ശനി | – മനുഷ്യാവകാശദിനം |
| 13 | ചൊവ്വ | – മാർ ആൻഡ്രൂസ് താഴത്ത് ജന്മദിനം |
| 25 | ഞായർ | – ക്രിസ്തുമസ്<br>തിരുക്കുടുംബം |
| 28 | ബുധൻ | – കുഞ്ഞിപ്പൈതങ്ങൾ |

**2. ക്രിസ്തുമസ് – പുതുവത്സരാംശകൾ**

ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു. ഉണ്ണീശോ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ 2022 ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഡിസംബർ 4 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

1. വിവാഹത്തിന്റെ പത്താം വാർഷികം

2012 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 10 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 4–ാം തിയ്യതി ഉച്ചക്ക് 2 മണിക്ക് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 2012 ൽ വിവാഹിതരായ എല്ലാ ദമ്പതികളേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

2. വിവാഹ സുവർണ്ണ ജൂബിലി

1972 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാല

യത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 10–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1972 ൽ വിവാഹിതരായി സുവർണ്ണജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

3. <u>വിവാഹ രജത ജൂബിലി</u>

1997 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 17–ാം തിയ്യതി രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1997 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

**ട്രിനിറ്റി കപ്പിൾസ് മീറ്റ്**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി ആരംഭിച്ചിട്ടുള്ള ഇടവകകളിലെ കപ്പിൾസ് എല്ലാവരും ഡിസംബർ 18–ാം തിയ്യതി ഞായറാഴ്ച 9.30–ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അഭിവന്ദ്യ ടോണി പിതാവിന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടുന്നു. ഈ കൂട്ടായ്മയിലുള്ള എല്ലാ കപ്പിൾസിനേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**റിസോഴ്സ് പേഴ്സൻസ് മീറ്റ്**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രീകാന കോഴ്സിന് സഹായിക്കുന്ന എല്ലാ അച്ചന്മാരേയും സിസ്റ്റേഴ്സിനേയും ഡോക്ടേഴ്സിന്റേയും അദ്ധ്യാപകരുടേയും കൂട്ടായ്മ ഈ വരുന്ന ഡിസംബർ 19–ാം തിയ്യതി തിങ്കളാഴ്ച്ച വൈകീട്ട് 5.00–ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ

കൂട്ടായ്മയിലേക്ക് വിവാഹകോഴ്സിന് സഹായിക്കുന്ന എല്ലാവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർമാർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**അതിരൂപത കുടുംബകൂട്ടായ്മ ഇലക്ഷൻ 2022–2025**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ 2022 – 2025 കാലയളവിലെ കേന്ദ്രസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് 2022 ഡിസംബർ 11–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചക്ക്ശേഷം 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുന്നു. ഈ തിരഞ്ഞെടുപ്പ് മീറ്റിങ്ങിലേക്ക് 16 ഫൊറോനകളിലെ 2022–2025 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രസമിതി എക്സിക്യൂട്ടീവ് ഭാരവാഹികളും (നോമിനേറ്റഡ് അംഗങ്ങൾ ഉൾപ്പെടെ), അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുമാണ് പങ്കെടുക്കേണ്ടതാണ്.

**അതിരൂപത ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.**

1. 2022 ഡിസംബർ 11 നാണ് അതിരൂപത കേന്ദ്രസമിതി തിരഞ്ഞെടുപ്പ്.
2. ഓരോ ഫൊറോനയിലെ കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട– കൺവീനർ, ജോ. കൺവീനർമാർ (1 പുരുഷൻ, 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ, ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ആനിമേറ്ററച്ചൻ തിരഞ്ഞെടുക്കപ്പെടാത്ത ഇടവകകളിൽ നിന്നുള്ള കേന്ദ്രസമിതി ഭാരവാഹികളിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന 2 പേർ ഉൾക്കൊള്ളുന്നതും (9 പേർ), അതിരൂപത അദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവരുമാണ് അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി.
3. അതിരൂപത ജനറൽബോഡിയിൽ നിന്നാണ് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1

പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.

4. അതിരൂപത കേന്ദ്രസമിതിയിൽ ഒരു ഫൊറോനയിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
5. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമപ്രകാര മുള്ള പ്രായപൂർത്തി ആയിട്ടുള്ളവരായിരിക്കണം.
6. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിൽ ഏഴ് ഭാരവാഹിക ളിൽ ഒരാൾ നിർബന്ധമായും 18-30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
7. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
8. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരവാഹിയായി തുടരാൻ അനുവാദ മില്ല. മറ്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിൽ തടസ്സമില്ല.
9. അതിരൂപത ഡയറക്ടർ അതിരൂപത അദ്ധ്യക്ഷനുമായി (അതിരൂ പത കുടുംബകൂട്ടായ്മ പ്രസിഡണ്ട്) ആലോചിച്ച് അതിരൂപത കുടുംബ കൂട്ടായ്മ ജനറൽ ബോഡിയിൽ നിന്ന് പ്രതിനിധികൾ ഇല്ലാത്ത ഫൊറോനകളിൽ നിന്നായി 3 പേരെ അതിരൂപത കേന്ദ്രസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യുന്നതാണ്.
10. അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പിൽ 16 ഫൊറോനയിലെ 9 പേരടങ്ങുന്ന ഭാരവാഹികളും അഭിവന്ദ്യ പിതാവ് നാമനിർദേശം ചെയ്യുന്ന അംഗങ്ങളുമാണ് പങ്കെടുക്കേണ്ടത്.

**അതിരൂപത കുടുംബകൂട്ടായ്മ ജൂബിലി ഭവന വെഞ്ചിരിപ്പ്**

തൃശ്ശൂർ അതിരൂപതയിൽ കുടുംബകൂട്ടായ്മ ആരംഭിച്ചതിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച് കൊടുത്ത ആദ്യത്തെ വീടായ കാഞ്ഞാണി ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ഒക്ടോബർ 10-ാം തിയ്യതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും രണ്ടാമത്തെ വീടായ ചിറ്റാട്ടുക്കര ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ഒക്ടോബർ 19-ാം തിയ്യതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മൂന്നാമത്തെ വീടായ കൂനമൂച്ചി ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ഒക്ടോബർ 29-ാം തിയ്യതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും നാലാമത്തെ വീടായ കുണ്ടുകാട് ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നവംബർ 23-ാം തിയ്യതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും വെഞ്ചിരിപ്പ് കർമ്മം നടത്തി. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി സഹകരിച്ച ഇടവക കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ഒത്തിരി നന്ദി.

**മെറിറ്റ് ഡേ, യാത്രയപ്പ്**

തൃശ്ശൂർ അതിരൂപതയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ഫുൾ എപ്ലസ് (10, 12) നേടിയ മക്കൾക്കുള്ള സമ്മാന വിതരണം ഒക്ടോബർ 30–ാം തിയ്യതി ഞായറാഴ്ച്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ 12 വർഷം (2010–2022) കുടുംബകൂട്ടായ്മ ഓഫീസിൽ സേവനം ചെയ്ത് റിട്ടയേർഡ് ആയി പോകുന്ന മേരി ടീച്ചർക്ക് കുടുംബകൂട്ടായ്മയുടെ യാത്രയയപ്പും ആദരവും നൽകി. യോഗത്തിന് മുൻപായി മാതാപിതാക്കൾക്കും കുട്ടികൾക്കും എ. എഫ്. സി യുടെ നേതൃത്വത്തിൽ സർക്കാർ ആനുകൂല്യവും ഇ ഡബ്ലിയു എസ് സംവരണവും എങ്ങനെ ലഭിക്കും എന്ന് ക്ലാസ്സ് നൽകി.

**പിതാവിനെ സ്വീകരിച്ചു**

സി.ബി.സി.ഐ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നെടുമ്പാശ്ശേരി എയർപോർട്ടിൽ വച്ച് നൽകിയ സ്വീകരണത്തിൽ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഡെന്നി താണിക്കലച്ചന്റേയും ജനറൽ കൺവീനർ പോൾ പാറയ്ക്കലിന്റേയും നേതൃത്വത്തിൽ ഭാരവാഹികൾ പങ്കെടുക്കുകയും അഭിവന്ദ്യ പിതാവിനെ ബൊക്കെ നൽകി അനുമോദിക്കുകയും ചെയ്തു.

**ഭാരവാഹികളുടെ ലിസ്റ്റ്**

2022–2025 കാലയളവിലെ കുടുംബകൂട്ടായ്മ യൂണിറ്റ്, ഇടവക, ഫൊറോന ഇലക്ഷനുകൾ ഭംഗിയായി തീർന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വൈദീകർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ അഭിനന്ദനങ്ങളും നന്ദിയും....

ഇനിയും കുറച്ച് തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി ഭാരവാഹികളുടെയും പേരുകളടങ്ങിയ ഫോമുകൾ എത്തിച്ചിട്ടില്ല. എത്തിക്കാത്തവർ എത്രയും പെട്ടെന്ന് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുക്കൂടി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ഡിസംബർ 10–ാം തിയ്യതിക്കുള്ളിൽ എത്തിക്കുമല്ലോ. ഈ പേരുകൾ ഉൾപ്പെടുത്തി ഡയറക്ടറി തയ്യാറാക്കുന്നതിനുവേണ്ടിയാണ് ഡാറ്റ അടങ്ങിയ ഫോമുകൾ ആവശ്യപ്പെടുന്നത്. ഡിസംബർ 10–ാം തിയതിക്കുള്ളിൽ തരാത്തവരുടെ ഡാറ്റകൾ അതിരൂപത ഡയറക്ടറിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നും അറിയിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**നന്ദി**

മാർതോമാശ്ലീഹായുടെ 1950–ാമത് രക്തസാക്ഷിത്വ വാർഷിക ത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത മാതൃവേദി അംഗങ്ങൾക്കായി ഒരുക്കിയ മൈലാപ്പൂർ, ചിന്നമല തീർത്ഥയാത്ര വൻ വിജയമായിരുന്നു ട്രെയിനിൽ രണ്ട് ബോഗികളായി 90 അമ്മമാർ പോവുകയുണ്ടായി. ഇത് വലിയ ദൈവാനുഗ്രഹം അനുഭവപ്പെടുകയും ആത്മീയത തുളുമ്പുന്ന തുമായ തീർത്ഥയാത്രയായിരുന്നു. പങ്കെടുത്തവർക്കും സഹകരിച്ച വർക്കും ഒത്തിരി നന്ദി.

**ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസ ങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യ ത്തോടെ ലെഗാരെ – 2022 ആരംഭിച്ചിരുന്നുവല്ലോ. ഈ സദുദ്യമത്തിൽ പങ്കുചേർന്ന എല്ലാ അമ്മമാർക്കും ഉള്ള സമ്മാനം ഡിസംബർ 22 ന് നട ക്കുന്ന മഹാസമ്മേളനത്തിൽ വച്ച് നൽകുന്നതാണ്. സമ്മാനാർഹരായ എല്ലാ അമ്മാരെയും അഭിനന്ദിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു.

**ദൈവസാഹയപിള്ള തീർത്ഥയാത്ര**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ദൈവസാഹയ പിള്ളയുടെ സ്ഥലത്തേക്കുള്ള തീർത്ഥയാത്ര ഡിസംബർ 12–ാം തിയ്യതി തിങ്കളാഴ്ച്ച ആരംഭിച്ച് ഡിസംബർ 14–ാം തിയ്യതി ബുധനാഴ്ച്ച തിരിച്ചെ ത്തുന്നു. തീർത്ഥയാത്രയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**മാതൃവേദി മഹാസംഗമം**

തൃശ്ശൂർ അതിരൂപത മാതൃവേദിയിലെ അമ്മാരുടെ മഹാസംഗമം ഡിസംബർ 22–ാം തിയ്യതി വ്യാഴാഴ്ച്ച 9.30 മുതൽ 1.00 മണി വരെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് നടത്തുന്നതാണ്. ഈ സംഗമത്തിൽ വിശുദ്ധ കുർബാന, സമ്മേളനം, കലാപരിപാടികൾ, ക്ലാസ്സുകൾ, ക്രിസ്തുമസ്സ് ആഘോഷം, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കുന്നതാണ്. ഈ മഹാസമ്മേളനത്തിൽ ഒരു ഇടവകയിൽ നിന്ന് ഭാരവാഹികൾ ഉൾപ്പെടെ പത്ത് പേരാണ് പങ്കെടുക്കേണ്ടത്. മഹാ സമ്മേളനം വൻ വിജയമാകാനും

ദൈവാനുഗ്രഹപ്രദമാകാനും വരുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ഡിസംബർ 5 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏകദിന ഉപവാസ ആരാധന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഏകദിന ഉപവാസ ആരാധന ഡിസംബർ 10–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 3.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. ഈ ഏകദിന ഉപവാസ ആരാധനയിലേക്ക് എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനവും കുടുംബ സംഗമവും**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് സമിതിയുടെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ഗർഭിണികൾക്കുവേണ്ടി ഏലീശ്വാ സഹഗമനവും ഈ ശുശ്രൂഷയിലൂടെ കടന്നുപോയി ജന്മം കൊടുത്ത കുഞ്ഞുങ്ങളുടേയും മാതാപിതാക്കളുടേയും സംഗമവും ഡിസംബർ 11 ഞായർ 10 മണി മുതൽ 1 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. എല്ലാ ഗർഭിണികളേയും ഈ ശുശ്രൂഷയിലൂടെ കടന്നുപോയി

കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ മാതാപിതാക്കളുടേയും കുഞ്ഞുങ്ങളുടേയും സംഗമവും അന്ന് ഉണ്ടായിരിക്കുന്നതാണ്. ഏറെ സ്നേഹത്തോടെ ഗർഭിണികളേയും കുടുംബങ്ങളേയും ക്ഷണിക്കുന്നു.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**എ എഫ് സി രണ്ടാം വാർഷികാഘോഷം**

അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) രണ്ടാം വാർഷികാഘോഷ ഉദ്ഘാടനവും പുതുതായി പാരിഷ് ഫെസിലിറ്റേഷൻ സെന്റർ (PFC) ആരംഭിച്ച ഏകദേശം 50 ഇടവകകളിൽ നിന്ന് വന്ന കോഡിനേറ്റർമാർക്കുള്ള പരിശീലന പരിപാടിയും ഫാമിലി അപ്പസ്റ്റൊലേറ്റിൽ വെച്ച് സംഘടിപ്പിച്ചു. തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ യോഗം ഉദ്ഘാടനം ചെയ്തു. ഇടവകകളിൽ ശ്രദ്ധേയമായ ഇടപെടലുകൾ ഇതിനകം തന്നെ എ എഫ് സി നടത്തിയെന്നും കൂടുതൽ മേഖലകളിലേക്ക് ഇറങ്ങിച്ചെല്ലാൻ കോഡിനേറ്റർമാർക്കുള്ള പരിശീലനത്തിലൂടെ സാധിക്കുമെന്നും പിതാവ് പ്രത്യാശിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ഔദ്യോഗിക ലോഗോ ഡയറക്ടർ ഫാ. ഡെന്നി താണിക്കലിന് നൽകികൊണ്ട് അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. തൃശൂർ അതിരൂപതയിൽ ആരംഭിച്ച എ.എഫ്. സി ഇന്ന് സീറോ മലബാർ സഭക്ക് ആകെ അഭിമാനമാണെന്നു അനുഗ്രഹ പ്രഭാഷണത്തിലൂടെ തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രുസ് താഴത്ത് അഭിപ്രായപ്പെട്ടു. അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് വിവിധ സർക്കാർ ക്ഷേമപദ്ധതികൾ, വിവിധ സ്കോളർഷിപ്പുകൾ, EWS സംവരണം തുടങ്ങിയ കാര്യങ്ങളെല്ലാം ഉൾകൊള്ളിച്ചു കൊണ്ട് തയ്യാറാക്കിയ കൈപ്പുസ്തകവും, എ.എഫ്.സിയുടെ മുഴുവൻ പ്രൊജെക്ടുകളും മൊബൈലിൽ ലഭ്യമാകുന്ന പുതിയ ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷനും അഭിവന്ദ്യ മാർ ആൻഡ്രുസ് താഴത്ത് പ്രകാശനം ചെയ്തു.

അതിരൂപത ഫെസിലിറ്റേഷൻ സെന്റർ കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ എന്നിവർ വിവിധ വിഷയങ്ങളിൽ ഇടവക കോഡിനേറ്റർമാർക്ക് പരിശീലനം നൽകി. അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അഡ്വൈസറി ബോർഡ്മെമ്പറും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ഡോ മേരി റെജീന മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ വാർഷികാഘോഷങ്ങൾക്ക് നേതൃത്വം നൽകി.അഎഇ മൊബൈൽ അപ്ലിക്കേഷൻ ലിങ്ക് : https://afctcr.com/afc-mobile-download

**പശുചത്താൽ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് ധനസഹായം**

പശു ചത്താൽ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കും. പേ ഇളകിയുള്ള മരണം, പാമ്പു കടിയേറ്റുള്ള മരണം, മിന്നൽ, പ്രളയം, വൈദ്യുതി ആഘാതം, മറ്റു പ്രകൃതി ദുരന്തങ്ങൾ, തെരുവു നായ ആക്രമണം, കയർ കഴുത്തിൽ കുരുങ്ങുക, തീപൊള്ളലേൽക്കുക തുടങ്ങിയ കാരണങ്ങൾ കൊണ്ടുള്ള മരണങ്ങൾക്കാണ് ധന സഹായം ലഭിക്കുക. 16400 രൂപയാണ് നിലവിലെ ധനസഹായം.

**സ്നേഹപൂർവ്വം – 2022**

മാതാപിതാക്കൾ ഇരുവരുമോ അല്ലെങ്കിൽ ഒരാളോ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാതെ വരികയും ചെയ്യുന്ന അവസ്ഥയിൽ കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രതിമാസ ധനസഹായമാണിത്. 1 മുതൽ 5–ാം ക്ലാസ്സുവരെ പഠിക്കുന്നവർക്കും പ്രതിമാസം 300 രൂപയും 6 മുതൽ 10–ാം ക്ലാസ്സുവരെ പഠിക്കുന്നവർക്ക് പ്രതിമാസം 500 രൂപയും , 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750 രൂപയും, ഡിഗ്രി പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 1000 രൂപയുമാണ് നൽകുക. കേരള സാമൂഹ്യ സുരക്ഷ മിഷനാണ് പദ്ധതി നടപ്പാക്കുന്നത്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി : 2022 ഡിസംബർ 12

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപ്പെടുക

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപ്പൊസ്റ്റൊലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ രോഗികൾക്കാവശ്യമായ കട്ടിൽ, വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, ഓക്സിജൻ കോൺസൻട്രേറ്റർ തുടങ്ങിയ രോഗി പരിചരണ ഉപകരണങ്ങൾ സൗജന്യമായി ഉപയോഗത്തിന് നൽകുകയും ഉപയോഗശേഷം തിരികെ വാങ്ങി മറ്റ് രോഗികൾക്ക് കൊടുക്കുകയും ചെയ്യുന്ന സേവന പദ്ധതിയാണിത്. മഡോണ നഗർ, നടത്തറ, വെള്ളാറ്റഞ്ഞൂർ, കുരിയച്ചിറ, പനമുക്ക് എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി.

**ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ക്ലസ്റ്റർ മീറ്റിംഗ് കണ്ണൂർ കെയ്റോസിൽ വെച്ച് നടന്നു. കഴിഞ്ഞ 3 മാസങ്ങളിലെ ആശാകിരണം പ്രവർത്തനങ്ങളെപ്പറ്റി സാന്ത്വനം കോർഡിനേറ്റർ ശ്രീ. നെൽസൺ വിശദീകരിച്ചു.

**പ്രകൃതി പരിപോഷണം നമ്മുടെ കടമ**

സാന്ത്വനവും കേരള സോഷ്യൽ സർവീസ് ഫോറവും ചേർന്ന് നടപ്പിലാക്കുന്ന പ്രകൃതി പരിപോഷണം നമ്മുടെ കടമ എന്ന പദ്ധതിയുടെ ഭാഗമായി 8 സ്ഥാപനങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന വിഷയത്തെ

ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം കോർഡിനേറ്റർ ശ്രീ.ജിറ്റു തോമസ് ക്ലാസുകൾ നയിച്ചു. സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി അധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് ഹരിത ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിലും ഗ്രീൻ പ്രോട്ടോകോൾ ബോർഡും 3 വേസ്റ്റ് ബാസ്ക്കറ്റുകളും സ്ഥാപിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്രോജക്ടിന്റെ ഭാഗമായി ഒക്ടോബർ 6–ാം തിയതി മുണ്ടൂരും പറപ്പൂരും ക്ലസ്റ്റർ മീറ്റിംഗ് നടത്തപ്പെടുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ അധ്യക്ഷനായിരുന്നു. 74 അംഗങ്ങൾ അതിൽ പങ്കെടുത്തു. സാന്ത്വനത്തിന്റെ മറ്റു പ്രോജക്ടുകളെ കുറിച്ചും അച്ചൻ സംസാരിച്ചു. ഫണ്ട് വിനിയോഗത്തിന്റെ പുതിയ രീതികളെയും വിധങ്ങളെയും കുറിച്ച് കോർഡിനേറ്റർ വിശദീകരിച്ചു. FCRA പ്രകാരം മാറ്റം വരുത്തിയിരിക്കുന്ന നിബന്ധനകളെക്കുറിച്ചും ബോധവത്കരണം നടത്തി. മീറ്റിംങ്ങിൽ കോർഡിനേറ്റർ വീട് സന്ദർശനത്തെക്കുറിച്ച് അറിയിച്ചു. ഫണ്ട് എടുക്കാനുള്ള ആക്ടിവിറ്റി പ്ലാനിങ്ങ് തയ്യാറാക്കുന്നതിനെക്കുറിച്ചും വീട് സന്ദർശന സമയത്ത് പ്ലാൻ തരണമെന്നും പറഞ്ഞു.ഒക്ടോബർ മാസത്തിൽ മുണ്ടൂരും പറപ്പൂരും ഉൾപ്പെടുന്ന ക്ലസ്റ്ററിൽ 45 അംഗങ്ങളുടെ വീട് സന്ദർശിച്ച് ആക്ടിവിറ്റി പ്ലാൻ തയ്യാറാക്കി കിട്ടിയിട്ടുണ്ട്.

**മെഡിക്കൽ കിറ്റ് വിതരണം ചെയ്**തു.

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ അഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും മെഡിക്കൽ കിറ്റ് വിതരണം ചെയ്തു. സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി കിറ്റിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ്, കോർഡിനേറ്റർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**എഡ്യുക്കേഷൻ കിറ്റ് വിതരണം ചെയ്തു.**

സാന്ത്വനവും കാരിത്താസ് ഇന്ത്യയും ചേർന്ന് നടപ്പിലാക്കുന്ന മൈഗ്രന്റ് പ്രോജക്ടിന്റെ ഭാഗമായി അതിഥിതൊഴിലാളികളുടെ കുട്ടികൾക്ക് എജുക്കേഷൻ കിറ്റ് വിതരണം ചെയ്തു. 6 സ്കൂളുകളിലെ 30 കുട്ടികൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്.സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി എന്നിവർ വിവിധ സ്കൂളുകളിലായി നടന്ന കിറ്റ് വിതരണം നിർവഹിച്ചു.പ്രോജക്ട് കോർഡിനേറ്റർ ശ്രീ.നെൽസൺ സി.ടി, സ്കൂളുകളിലെ എച്ച്എം,ടീച്ചേഴ്സ് എന്നിവർ പങ്കെടുത്തു. വിവിധ സ്കൂളുക

ളിലായി നടന്ന കിറ്റ് വിതരണം നിർവഹിച്ചു. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. നെൽസൺ സി.ടി, സ്കൂളുകളിലെ എച്ച്.എം,ടീച്ചേഴ്സ് എന്നിവർ പങ്കെടുത്തു.

**ട്രെയിനിങ്ങ് പ്രോഗ്രാം നടത്തി.**

കേരള ഖരമാലിന്യ സംസ്കരണ പ്രോജക്ടിന്റെ ഭാഗമായി 2 ദിവസത്തെ ട്രെയിനിങ്ങ് പ്രോഗ്രാം സാന്ത്വനത്തിന്റെ സഹായത്തോടെ സൂത്ര കൺസൾങ്ങിന്റെ നേതൃത്വത്തിൽ കാത്തലിക് സെന്ററിൽ വെച്ച് നടന്നു. പാലക്കാട്, തൃശൂർ എന്നിവടങ്ങളിൽ നിന്നുള്ള 12 പേർ നവംബർ 4,5 തിയതികളിൽ നടന്ന ട്രെയിനിങ്ങിൽ പങ്കെടുത്തു. തുടർന്ന് കേരള ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമത മനസിലാക്കുന്നതിനായി നവംബർ 6,7,8 തിയതികളിൽ ചേറൂർ ഡിവിഷനിൽ പൈലറ്റ് സർവ്വേ നടത്തി.

**ഔഷധചെടി പ്രോജക്ട് ആരംഭിച്ചു.**

സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ ഔഷധ ചെടികൾ നടുന്ന പ്രോജക്ടിന്റെ ഭാഗമായി സാന്ത്വനവുമായി സഹകരിച്ച് കൊഴിഞ്ഞാമ്പാറയിലെ 50 ഏക്കർ സ്ഥലത്ത് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നു.രക്തചന്ദനം,ചന്ദനം,അശോകം,നെല്ലി എന്നീ ഔഷധ ചെടികളാണ് പദ്ധതിയിലൂടെ നടുന്നത്.

**പുതിയ പ്രോജക്ട് കോർഡിനേറ്ററെ നിയമിച്ചു.**

തൃശൂർ അതിരൂപതാ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ പുതിയ പ്രോജക്ട് കോർഡിനേറ്ററായി സി.ജിസ്മരിയയെ നിയമിച്ചു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ കോളേജ് ഉദ്ഘാടനം**

പോപ്പ് പോൾ മേഴ്സി ഹോമിൽ ബി.എഡ് സ്പെഷ്യൽ എജുക്കേഷൻ കോളേജിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, അദ്ധ്യക്ഷനായിരുന്നു. പ്രിൻസിപ്പൽ ഫാ. ജോൺസൺ അന്തിക്കാട്ട് സ്വാഗതമാശംസിച്ചു. വടക്കാഞ്ചേരി മുനിസ്സിപ്പാലിറ്റി ചെയർമാൻ ശ്രീ പി. എൻ സുരേന്ദ്രൻ, മുനിസിപ്പൽ കൗൺസിലർ ശ്രീ മധു അമ്പലപുരം എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

**കലോത്സവത്തിൽ ഒന്നാം സ്ഥാനം**

ജില്ലാതല സ്പെഷ്യൽ സ്ക്കൂൾ കലോത്സവത്തിലും ഒക്ടോബർ 20ന് കോട്ടയത്തുവച്ചുനടന്ന സംസ്ഥാന സ്പെഷ്യൽ സ്ക്കൂൾ കലോത്സവത്തിലും ഏറ്റവും കൂടുതൽ പോയിന്റ് നേടി പോപ്പ് പോൾ മേഴ്സി ഹോമിലെ കലാ പ്രതിഭകൾ ഓവറോൾ കിരീടം സ്വന്തമാക്കി.

**ആദരവുകൾ**

ജില്ലാതല സ്പെഷ്യൽ സ്ക്കൂൾ കലോത്സവത്തിലും സംസ്ഥാന സ്പെഷ്യൽ സ്ക്കൂൾ കലോത്സവത്തിലും ഏറ്റവും കൂടുതൽ പോയിന്റ് നേടിയ പോപ്പ് പോൾ മേഴ്സി ഹോമിലെ കലാപ്രതിഭകളെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി മെമന്റോ നൽകി ആദരിച്ചു. വടക്കാഞ്ചേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. പി എൻ സുരേന്ദ്രൻ, കൗൺസിലർമാരായ ശ്രീ. മധു അമ്പലപുരം, ശ്രീ. സേവ്യർ മണ്ടുംപാല എന്നിവർ ആശംസകളർപ്പിച്ചു.

മികച്ച ജീവകാരുണ്യ പ്രവർത്തനത്തിനുള്ള അവാർഡ് പോപ്പ് പോൾ മേഴ്സി ഹോം ഡയറക്ടർ ഫാ.ജോൺസൺ അന്തിക്കാട്ടിന് നൽകി വടക്കാഞ്ചേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. പി എൻ സുരേന്ദ്രൻ ആദരിച്ചു.

മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് നാലു പതിറ്റാണ്ടിലേറെയായി സുരക്ഷിതമായ പഠനത്തിനും പരിശീലനത്തിനും സമഗ്രവികസനത്തിനും വേദിയൊരുക്കിയ പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ സ്ക്കൂളിനെ സംസ്ഥാനതല Parents Association for Intellectually

Disabled (PAID) ആദരിച്ചു. കൂടാതെ സ്പെഷ്യൽ സ്കൂൾ സേവന മേഘലയിൽ 35 വർഷം പിന്നിട്ട ജോസഫ് കെ ഡി, തോമസ് പി.ജെ, കുട്ടപ്പൻ പി. കെ എന്നീ അദ്ധ്യാപകരെയും അനുമോദിച്ചു.

**സൗജന്യ തൊഴിൽ പരിശീലനം ആരംഭിച്ചു**

കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൺ സൻസ്ഥാൻ (JSS)മായി ചേർന്ന് പോപ്പ് പോൾ മേഴ്സി ഹോമിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി കേന്ദ്ര ഗവൺമെന്റ് സർട്ടിഫിക്കേറ്റുള്ള സൗജന്യ തൊഴിൽ പരിശീലനം ആരംഭിച്ചു. തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം നിർവ്വഹിച്ചു. JSS തൃശ്ശൂർ പ്രോഗ്രാം ഓഫീസർ ശ്രീമതി ദിവ്യ, വാർഡ് കൗൺസിലർ ശ്രീ മധു അമ്പലപുരം എന്നിവർ പ്രസംഗിച്ചു. പ്ലംബിംഗ്, വയറിംഗ്, ടൈലറിംഗ് എന്നീ കോഴ്സുകളിൽ 60 വിദ്യാർത്ഥികൾ ഇവിടെ പരിശീലനം നേടുന്നു.

**ക്ലാസ്സുകൾ ആരംഭിച്ചു.**

പോപ്പ് പോൾ മേഴ്സി ഹോമിൽ പുതുതായി ആരംഭിച്ച സ്പെഷ്യൽ എജ്യുക്കേഷൻ ബി. എഡ് കോഴ്സിന്റെയും ഡിപ്ലോമ കോഴ്സിന്റെയും ക്ലാസ്സുകൾ ഒക്ടോബർ 25 ന് ആരംഭിച്ചു. വിദ്യാർത്ഥികളെ അറിവിന്റെ പ്രതീകമായ ദീപം തെളിയിച്ചു നൽകി പ്രിൻസിപ്പൽ ഫാ. ജോൺസൺ അന്തിക്കാട്ട് സ്വാഗതം ചെയ്തു.

**ശിശുദിനം ആഘോഷിച്ചു**

നവംബർ 14 ശിശുദിനാചരണത്തോടനുബന്ധിച്ച് അമ്പലപുരം സെന്ററിലേക്ക് വർണ്ണശമ്പളമായ വേഷവിധാനങ്ങളും ബാന്റ് മേളവുമായി ശിശുദിന റാലി നടത്തി.

**അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു**

പോപ്പ് പോൾ മേഴ്സി ഹോം ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിന്റെ അദ്ധ്യയന വർഷ ഉദ്ഘാടനം തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു.വടക്കാഞ്ചേരി ങഘഅ ശ്രീ സേവ്യർ ചിറ്റിലപ്പിള്ളി, തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഉണ്ണികൃഷ്ണൻ വാസുദേവൻ കൗൺസിലർ ശ്രീ മധു അമ്പലപുരം തുടങ്ങിയവർ പ്രസംഗിച്ചു. ടീച്ചർ ട്രെയിനീസിന്റെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**ഫാ. ജോൺസൺ അന്തിക്കാട്ട്**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**അതിരൂപത കലാമത്സരങ്ങൾ 2022–23**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തലിൽ ഫൊറോന അടിസ്ഥാനത്തിൽ തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി ഒക്ടോബർ 24–ാം തിയ്യതിയും, സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായി നവംബർ 12–ാം തിയ്യതിയും സെന്റ് ക്ലയേഴ്സ് സ്കൂളിൽ വെച്ച് കലാമത്സരങ്ങൾ സംഘടിപ്പിച്ചു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ കലാമത്സരം ഉൽഘാടനവും അതിരൂപത വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ അനുഗ്രഹപ്രഭാഷണവും നടത്തി. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി ഏവർക്കും നിർദ്ദേശങ്ങൾ നൽകി. കോർഡിനേറ്റർ, സി. ബീന റോസ് എസ്.എസ്.പി.സി., ആനിമേറ്റേഴ്സ്, ബ്രദേഴ്സ്, ലീഡേഴ്സ് എന്നിവരുടെ സഹായ സഹകരണങ്ങളോടെ മത്സരങ്ങൾ ഭംഗിയായി നടത്തി. 145 ഇടവകകളിൽ നിന്നും 40 സ്കൂളുകളിൽ നിന്നുമായി കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. സഹകരിച്ച ഏവർക്കും നന്ദി. മത്സരവിജയികൾക്കുള്ള സമ്മാനദാനം 2023 ജനുവരി 29 ഞായറാഴ്ച്ച ഡി.ബി.സി.എൽ.സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും എ ഗ്രേഡ് ലഭിച്ചവർക്കും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**അതിരൂപതതല കലാമത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഫൊറോനകൾ**

<u>ALTAR BOYS ASSOCIATION</u>

| | | |
|---|---|---|
| FIRST | : Ollur Forane | (63 Points) |
| SECOIND | : Pudukad Forane | (50 Points) |
| THIRD | : Lourdes Cathedral Forane | (41 Points) |

<u>JUNIOR CLC</u>

| | | |
|---|---|---|
| FIRST | : Lourdes Cathedral Forane | (63 Points) |
| SECOND | : Ollur Forane | (41 Points) |
| THIRD | : Dolours Basilica Forane | (38 Points) |

HOLY CHILDHOOD

SUB JUNIOR SECTION

| | | |
|---|---|---|
| FIRST | : Lourdes Cathedral Forane | (26 Points) |
| FIRST | : Kandassankadavu Forane | (26 Points) |
| SECOND | : Pudukad Forane | (22 Points) |
| THIRD | : Puthur Forane | (18 Points) |

JUNIOR SECTION

| | | |
|---|---|---|
| FIRST | : Pudukad Forane | (57 Points) |
| SECOND | : Lourdes Cathedral Forane | (55 Points) |
| THIRD | : Ollur Forane | (45 Points) |
| THIRD | : Kottekad Forane | (45 Points) |

SENIOR SECTION

| | | |
|---|---|---|
| FIRST | : Lourdes Cathedral Forane | (55 Points) |
| SECOND | : Pudukad Forane | (50 Points) |
| THIRD | : Kottekad Forane | (42 Points) |
| THIRD | : Mattom Forane | (42 Points) |

TOP SCORER IN PARISH LEVEL

Our Lady of Assumption Church, Varandarappilly (Pallikunnu)

**അതിരൂപതതല കലാമത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ സ്കൂളുകൾ**

SUB JUNIOR SECTION

| | | |
|---|---|---|
| FIRST | : Sacred Heart Convent Nursery, Thrissur | (49 Points) |
| SECOND | : Sacred Heart C E M L P S, Thrissur | (48 Points) |
| THIRD | : St. Anne’s Nursery School, Thrissur | (32 Points) |

JUNIOR SECTION

| | | |
|---|---|---|
| FIRST | : Sacred Heart C E M L P S, Thrissur | (64 Points) |
| SECOND | : Nirmalamatha Central School, Thrissur | (59 Points) |
| THIRD | : Nirmal Jyothi Central School, Mundur | (55 Points) |

SENIOR SECTION

| | | |
|---|---|---|
| FIRST | : Nirmalamatha Central School, Thrissur | (78 Points) |
| SECOND | : St. Paul’s Public School, Kuriachira | (53 Points) |
| THIRD | : Nirmal Jyothi Central School, Mundur | (51 Points) |

TOP SCORER

Nirmalamatha Central School, Thrissur (161 Points)

**തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.**

തിരുബാലസഖ്യം വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി.എൽ.സി വാർഷിക റോപ്പോർട്ടിന്റെ

ഫോമും, ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പണും, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോമും, പ്രയർ ഫ്രണ്ട് കളക്ഷൻ കവറും ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപറ്റേണ്ടതാണ്. ഡിസംബർ 28–ാം തിയ്യതിക്കുള്ളിൽ കവറുകൾ തിരിച്ചേല്പിക്കേണ്ടതാണ്.

**അതിരൂപത സാൻതോം ക്വിസ്സ് 2022**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ സാൻതോം ക്വിസ്സിന് ഫസ്റ്റ് കിട്ടിയവർക്കായി അതിരൂപതതലത്തിൽ മത്സരം 2023 ജനുവരി 2 തിങ്കളാഴ്ച്ച ഡി.ബി.സി.എൽ.സി.യിൽ വച്ച് ഉച്ചയ്ക്ക് 2.00 മണി മുതൽ 4.00 മണിവരെ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487 2325336, 9947582522

**ക്രിസ്തുമസ് കാർഡ് മത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ വിശ്വസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്തുമസ് കാർഡ് മത്സരം സംഘടിപ്പിക്കുന്നു. മത്സരനിബന്ധനകൾ താഴെ കൊടുക്കുന്നു.

1. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാം.
2. ക്രസ്തുമസ് കാർഡിന് 30 സെ.മീ. നീളവും, 42 സെ. മീ. വീതിയും (വിടർത്തിവയ്ക്കുമ്പോൾ) ഉണ്ടായിരിക്കേണ്ടതാണ്.
3. വരയ്ക്കൽ കളറിംഗ്, എഴുത്ത്, പേപ്പർ ക്രാഫ്റ്റ്സ് അലങ്കാരങ്ങൾ എന്നിവ അനുവദനീയമാണ്.
4. വർണക്കടലാസുകൾ, പഞ്ഞി, തുണി, മുത്തുകൾ, ഗിൽറ്റ്, രണ്ടു വശമുള്ള സ്റ്റിക്കർ, പശ എന്നിവ ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.
5. ക്രിസ്തുമസ് കാർഡ് 2022 ഡിസംബർ 15–ാം തിയതിക്കുള്ളിൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ (ഡി.ബി.സി.എൽ.സി., ബിഷപ്സ് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ) നേരിട്ട് എത്തിക്കേണ്ടതാണ്.
6. കാർഡിനൊപ്പം കുട്ടിയുടെ പേര്, ക്ലാസ്, ഫൊറോന, ഇടവക, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ സ്ലിപ്പ് വയ്ക്കേണ്ടതാണ്. കാർഡിൽ പേര് എഴുതുവാൻ പാടുള്ളതല്ല.
7. ആശയം, മനോഹാരിത, വ്യത്യസ്തതയാർന്ന നിർമിതി എന്നിവ മാനദണ്ഡങ്ങളാണ്.

8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
9. മികച്ച ക്രിസ്തുമസ് കാർഡുകൾ ക്രിസ്തുമസ് ആശംസകളോടെ വിയ്യൂർ ജയിലിലെ അന്തേവാസികൾക്ക് കൊടുക്കുന്നതുമായിരിക്കും.
10. മത്സരവിജയികൾക്കുള്ള സമ്മാനദാനം 2023 ജനുവരി 29 ഞായറാഴ്ച്ച ഡി.ബി.സി.എൽ.സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും എ ഗ്രേഡ് ലഭിച്ചവർക്കും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല." (ലൂക്കാ 1: 32–33)

സുകൃതജപം: എന്റെ ഈശോയെ എന്റെ ഹൃദയത്തെ അങ്ങേക്കായ് ഒരുക്കണമേ!

പ്രാർത്ഥനാ നിയോഗം: വിഴിഞ്ഞം മേഖലയിലെ മത്സ്യതൊഴിലാളികളുടെ അവകാശസംരക്ഷണത്തിനായി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: "ഒരു മനുഷ്യൻ ലോകം മുഴുവനും നേടിയാലും തന്റെ ആത്മാവ് നശിച്ചാൽ അവനെന്തു പ്രയോജനം?" എന്ന വി. ഇഗ്നേഷ്യസ് ലെയോളയുടെ ചോദ്യത്തിന് ഉത്തരമായി 1537 ൽ വൈദികപട്ടം സ്വീകരിച്ച് 1541 ൽ അപ്പസ്തോലിക്ക് ഡെലിഗറ്റായി ഇന്ത്യയിലെത്തി ദൈവം അദ്ദേഹത്തിനു നല്കിയിരുന്ന ആദ്ധ്യാത്മികാഹ്ലാദങ്ങളുടെ ഇടയിൽ "മതി, കർത്താവേ, മതി" എന്നും സങ്കടങ്ങളും കുരിശുകളും വരുമ്പോൾ "കുറേകൂടി, കർത്താവേ, കുറേകൂടി" എന്ന് അപേക്ഷിച്ചുകൊണ്ടിരുന്ന വി. ഫ്രാൻസിസ് സേവിയറാണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. ഡിസംബർ 3 ന് വിശുദ്ധന്റെ തിരുനാൾ തിരുസഭയിൽ കൊണ്ടാടുന്നു.

പ്രവർത്തനം: നമ്മുടെയും മറ്റുള്ളവരുടേയും ജീവിതനവീകരണത്തിനുള്ള മാർഗ്ഗങ്ങൾ തേടി നന്ദിയുള്ള ഹൃദയത്തോടെ ദൈവതിരുമുമ്പിൽ വ്യാപരിക്കാൻ പരിശ്രമിക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. ലഹരിവിരുദ്ധ ലഘുലേഖ വിതരണം**

സമർപ്പിത സന്യസ്തരുടെ കൂട്ടായ്മയായ സി.ആർ.ഐ.യുടെ സമ്മേളനം 08.10.22 ൽ ഫാമിലി അപ്പസ്തോലേറ്റിൽ അരങ്ങേറിയ അവസരത്തിൽ ഡയറക്ടറച്ചൻ സമ്മേളനത്തെ അഭിസംബോധന ചെയ്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. സമ്മേളനാനന്തരം പങ്കെടുത്ത 250 ൽ പരം അംഗങ്ങൾക്കും മെഡ്ലിക്കോട്ട് പിതാവിന്റെയും തൂങ്കുഴി പിതാവിന്റെയും ജോർജ്ജ് ആലഞ്ചേരി പിതാവിന്റെയും സർക്കുലറുകളുടെ കോപ്പികളും ഉദയംപേരൂർ സൂനഹദോസിലെ 7–ാം കൂടി വിചാരത്തിലെ 16–ാം നമ്പർ തീരുമാനങ്ങളുടെ കോപ്പികളും വിതരണം ചെയ്തു.

**2. ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ**

പള്ളിക്കുന്ന് അസംപ്ഷൻ ഹൈസ്കൂളിൽ പി.ടി.എ.യുടെ നേതൃത്വത്തിലും മദ്യവിരുദ്ധസമിതിയുടെ സഹകരണത്തോടെയും 14.10.22 ൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് ഉദ്ഘാടനം ചെയ്തത് ഡയരക്ടറച്ചനായിരുന്നു. അതിരൂപത പ്രസിഡന്റ് മുഖ്യപ്രഭാഷകനായി. ഇടവക അസി. വികാരി ബഹു. ജോൺ പേരാമംഗലം, പ്രധാനാധ്യാപകൻ ശ്രീ. ജോഫി മാസ്റ്റർ എന്നിവർ ചടങ്ങിനെ അഭിസംബോധന ചെയ്തു. മദ്യവിരുദ്ധസമിതിയുടെ പ്രവർത്തകനും പി.ടി.എ. ഭാരവാഹിയുമായ ശ്രീ. അഗസ്റ്റിൻ മുഖ്യസംഘാടകനായിരുന്നു. വിദ്യാർത്ഥികളും രക്ഷിതാക്കളുമടങ്ങുന്ന വലിയൊരു സമൂഹം ചടങ്ങിൽ പങ്കാളികളായി.

01.11.22 ൽ എൽത്തുരുത്ത് സെന്റ് അലോഷ്യസ് സ്കൂളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് അരങ്ങേറി. സ്കൂൾ അധികാരികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങ് അതിരൂപത ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് മുഖ്യപ്രഭാഷകനായിരുന്നു. പ്രധാനാദ്ധ്യാപകൻ ജന്നി വർഗ്ഗീസ്, മാനേജർ ബഹു. ഫാ. തോമസ് ചക്രമാക്കൽ, സ്റ്റാഫ് പ്രതിനിധി ബഹു. ഫാ. ജോസ് കൊടിയൻ എന്നിവർ ചടങ്ങിനെ അഭിസംബോധന ചെയ്തു. തദവസരത്തിൽ ലഹരിവിരുദ്ധ മത്സരവിജയികൾക്കുള്ള സമ്മാന വിതരണവും നടത്തി.

**3. ഡോക്ടറുടെ കുറിപ്പിൽ പ്രതിഷേധം**

ഒരു പ്രമുഖ ആശുപത്രിയിലെ ഡോക്ടർ രോഗിക്ക് മദ്യം കുറിച്ചു നൽകിയെന്ന വാർത്ത പുറത്തു വന്നപ്പോൾ 15.10.22 ൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കോർ കമ്മിറ്റി അംഗങ്ങൾ യോഗം ചേർന്ന് പ്രതിഷേധിക്കുകയും "ഡോക്ടർമാർ മദ്യപ്രചാരകരാകരുത്" എന്ന തലക്കെട്ടിൽ പ്രമുഖ പത്രങ്ങളിൽ വാർത്ത കൊടുക്കുകയും പ്രസിദ്ധീകരിച്ച് വരുകയും ചെയ്തു.

**4. കോർ കമ്മിറ്റി മീറ്റിംഗ്**

ഡയറക്ടറച്ചന്റെ സാന്നിധ്യത്തിലും നേതൃത്വത്തിലും 23.10.22ന് കോർ കമ്മിറ്റി യോഗം കൂടി. ഡയരക്ടറച്ചൻ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ മിഷൻ ഞായർ ആചരിക്കുന്ന ഇന്നേ ദിവസത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് മദ്യവിരുദ്ധ പ്രവർത്തകർ മിഷനറിമാരായി പ്രവർത്തിക്കണം എന്ന് ആഹ്വാനം ചെയ്തു.

രജത ജൂബിലി ആഘോഷം മനോഹരമായി നടത്തിയതിനെ മാർ ടോണി പിതാവും കത്തോലിക്കാസഭ പത്രാധിപസമിതിയും അനുമോദിച്ച വിവരം യോഗത്തെ ഓർമ്മപ്പെടുത്തി. എല്ലാം ചിട്ടയായും ഭംഗിയോടും കൂടി ക്രമീകരിച്ച ജനറൽ കൺവീനർ ശ്രീ. സി.പി. ഡേവീസിനെയും സബ് കമ്മിറ്റി കൺവീനർമാരെയും അഭിനന്ദിച്ചു. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച പ്രസിഡന്റ് രജത ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയ ഡയറക്ടറച്ചനും സഹ കൺവീനർമാർക്കും പ്രവർത്തകർക്കും അവരുടെ സഹകരണങ്ങൾക്ക് കൃതജ്ഞതയരുളി. 70 യൂണിറ്റുകളിൽ നിന്നായി 700 ലധികം പേർ പങ്കെടുത്ത വിവരം പ്രസിഡന്റ് അറിയിച്ചു.

സെക്രട്ടറി ടി.എസ് അബ്രാഹം, ടി.ടി, കൊച്ചുവർക്കി, ഐ.ജെ. സിജോ, ജോസ് വേലൂക്കാരൻ എന്നിവർ പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും അവലോകനം നടത്തി.

**5. എക്സിക്യൂട്ടീവ് യോഗം**

30.10.22 ൽ അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും ഡയരക്ടറച്ചന്റെ നേതൃത്വത്തിലും എക്സിക്യൂട്ടീവ് യോഗം കൂടി. മുൻ ദൂരദർശൻ ഡയരക്ടർ ഡോ. സി.കെ. തോമസ് നിർമ്മിച്ച 'മഹാത്മാ ഗാന്ധി' എന്ന സിനിമയേയും ഡോ. സി.കെ. തോമസിനെയും സദസ്സിന് പരിചയപ്പെ ടുത്തി. അദ്ദേഹത്തെ ഡയരക്ടറച്ചനും പ്രസിഡന്റും ചേർന്ന് മെമന്റോ നൽകി ആദരിക്കുക യുണ്ടായി.

സമർപ്പിത സമൂഹത്തിനുവേണ്ടി നടത്തിയ മത്സരത്തിന് ലഭിച്ച രചനകൾ പുസ്തകരൂപത്തിലാ ക്കണമെന്ന് യോഗം തീരുമാനിച്ചു. വാർ

ഷിക കർമ്മ പദ്ധതിയനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ക്രമീകരണങ്ങൾ ആസൂത്രണം ചെയ്തു. വനിതാസംഗമം, യുവജനസംഗമം, ശ്രാദ്ധാഞ്ജലി എന്നിവയുടെ സുഗമമായ നടത്തിപ്പിന് സമിതികൾക്ക് രൂപം നൽകി. രജത ജൂബിലി വാർഷികത്തോടനുബന്ധിച്ച് 25 പുതിയ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള തീവ്ര യജ്ഞ പരിപാടികൾ ഉത്തേജിപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് യോഗത്തിൽ ധാരണയായി.

**6. മദ്ധ്യമേഖല സമ്മേളനം**

6.11.22 ൽ പാലക്കാട് രൂപത പാസ്റ്ററൽ സെന്ററിൽ കോട്ടപ്പുറം, ഇരിങ്ങാലക്കുട, തൃശൂർ, പാലക്കാട്, സുൽത്താൻപേട്ട് എന്നീ രൂപതകളടങ്ങിയ മദ്ധ്യമേഖല സമ്മേളനം അരങ്ങേറി. റവ. സിസ്റ്റർ റോസ്ലിൻ എഫ്.സി.സി.യുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് മദ്ധ്യമേഖല പ്രസിഡന്റ് സാബു എടാട്ടുകാരനാണ് അദ്ധ്യക്ഷത വഹിച്ചത്. പാലക്കാട് രൂപത വികാരി ജനറാൾ മോൺ. ജിജോ ചക്കാലക്കൽ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിലെ മുഖ്യ പ്രഭാഷകൻ തൃശൂർ അതിരൂപത ഡയറക്ടറും മദ്ധ്യമേഖല ഡയറക്ടറുമായ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. പാലക്കാട് രൂപതാ ഡയറക്ടർ റവ. ഫാ. ടോണി നീലങ്കാവിൽ ആമുഖ പ്രഭാഷണം നിർവ്വഹിച്ചു. ഡോ. മാത്യു കല്ലടിക്കോട്, ഐ.ജെ. സിജോ, ടി.എസ്. അബ്രാഹം, ജോളി തോമസ്, സിബി കെ. ജോൺ, സനോജ് നെല്ലിക്കാമല, അന്തോണിക്കുട്ടി ചെതലൻ, ബാബു പീറ്റർ, ശ്രീമതി സി.ബി. ക്ലാര, ഷാജു തെക്കിനിയത്ത് എന്നിവരുടെ സാന്നിധ്യവും സംഭാഷണവും സമ്മേളനത്തെ സമ്പന്നമാക്കി.

ഡയറക്ടറച്ചൻ അന്നുതന്നെ കഞ്ചിക്കോട് ഗുഡ്ഷെപ്പേർഡ് പള്ളിയിൽ ദിവ്യബലി അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി.

**7. യൂണിറ്റ് – ഫൊറോന തല തെരഞ്ഞെടുപ്പ്**

ഇപ്പോഴത്തെ ഭരണസമിതി മൂന്നുവർഷം പൂർത്തിയാക്കിയിരിക്കുന്നു. നവംബർ മാസത്തിൽ യൂണിറ്റ് ഭാരവാഹികളെയും ഡിസംബറിൽ ഫൊറോന ഭാരവാഹികളെയും തെരഞ്ഞെടുക്കേ ണ്ടതാണ്. ഇതു സംബന്ധിച്ച് വിശദാംശങ്ങൾ യൂണിറ്റുകളിലേക്ക് അയച്ചുകൊടുത്തു. നല്ലവരും യോഗ്യരുമായ പുത്തൻ സാരഥികളെ കണ്ടെത്താൻ എല്ലാവരും സഹകരിക്കുക.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

**1. LOAF ACADEMIC DAY**

2022 ജനുവരി മാസം മുതൽ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Diploma Certificate in Family Theology Course ലൂടെയാണ് ലോഫ് കുടുംബങ്ങൾ കടന്നു പോകുന്നത്. Ocober 23 ലെ Family Theology Courseന്റെ ക്ലാസ്സുകൾ റവ.ഫാ. ഡെന്നി താണിക്കൽ (ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ്, സ്പിരിച്വൽ ഡയറക്ടർ, ലോഫ്) നയിച്ചു.

**2. LOAF CORE MEETING:**

നവംബർ മാസത്തെ LOAF CORE MEETING 6–ാം തിയതി (ഞായർ) ലോഫ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആളൂരിന്റെ അദ്ധ്യക്ഷതയിൽ DBCLC യിൽ വെച്ച് നടന്നു. ലോഫിലെ 16 സ്ഥിര കുടുംബങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുത്തു.

**3. LOAF SPIRITUAL MEETING:-**

നവംബർ മാസത്തെ LOAF SPIRITUAL EVENING മൈനർ സെമിനാരിയിൽ വെച്ച്, 12–ാം തിയതി നടന്നു. ജപമാലക്ക് പ്രവീൺ, റോസ് ദമ്പതികളും, ആരാധനയ്ക്ക് സിത്താർ, റിൻസി ദമ്പതികളും എം. സി യായി ജെയിംസ് ആഴ്ച്ചങ്ങാടൻ, ജെസ്സി ദമ്പതികളും, വി. ബലിക്ക് ലോഫ് അസി.സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. ഡെന്നി ചിറയത്തും നേതൃത്വം നൽകി. മരിച്ചുപോയ കുടുംബാംഗങ്ങൾക്കു വേണ്ടി പ്രത്യേക പ്രാർത്ഥനയും നടന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

16.10.2022ന് ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ സമ്മേളനം തൃശ്ശൂർ ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. 11.12.22 ഞായറാഴ്ച ലീജിയന്റെ വാർഷിക റീയൂണിയൻ സമ്മേളനം തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ലീജിയന്റെ 100–ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ലീജിയനിൽ 25ഉം 50ഉം വർഷം സേവനം ചെയ്തവരെയും ഏറ്റവും കൂടുതൽ വർഷം സേവനം ചെയ്ത സൈനികനെയും ആദരിക്കാൻ തീരുമാനിച്ചു. വാർഷികത്തോടനുബന്ധിച്ച് സൈനികർക്കുവേണ്ടി കലാ–സാഹിത്യ മത്സരം നടത്താനും വിജയികൾക്ക് സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകാനും തീരുമാനിച്ചു. 12.11.2022ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ചായിരിക്കും മത്സരങ്ങൾ നടത്തുന്നത്. ഈ വിവരം എല്ലാ സൈനികരെയും അറിയിച്ചിട്ടുണ്ട്. ലളിതഗാനം, പ്രസംഗം, ലേഖനം, ചെറുകഥ, കവിതയെഴുത്ത്, നിയമഗ്രന്ഥം ക്വിസ്, അമൃതവചനമെഴുത്ത് തുടങ്ങിയ വിഷയങ്ങളിലാണ് മത്സരം ഏർപ്പെടുത്തിയിരിക്കുന്നത്. വാർഷിക പൊതുയോഗത്തിലേയ്ക്ക് അഭിവന്ദ്യ പിതാക്കന്മാരെയും, വികാരി ജനറൽമാരെയും തൃശ്ശൂർ രൂപതയിലെ വിവിധ ഭക്തസംഘടനാ ഭാരവാഹികളേയും മറ്റ് ഉന്നതരായ നേതാക്കളെയും ലീജിയന്റെ പാലായിലെ സെനത്തൂസിലെ ഭാരവാഹികളെയും ക്ഷണിക്കുവാൻ തീരു മാനിച്ചു. പ്രസീദിയം, കൂരിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പു കഴിഞ്ഞാൽ 2023 ഫെബ്രുവരിയിൽ തൃശ്ശൂർ കമ്മീസിയത്തിന്റെ പുതിയ ഭരണസമിതിയെ തെരെഞ്ഞെടുക്കാമെന്ന് അദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോൺ മൂലൻ യോഗത്തെ അറിയിച്ചു.

**ഫാ. ജോൺ മൂലൻ**
ഡയറക്ടർ

# ജീസസ് യൂത്ത്

**സോണൽ അസംബ്ലി**

കേരള ജീസസ് യൂത്ത് കൗൺസിലിനെ തിരഞ്ഞെടുക്കുന്ന അസ്സംബ്ലിയിലേക്ക് തൃശ്ശൂർ സോണിൽ നിന്നും പ്രതിനിധികളെ കണ്ടെത്തുന്നതിനായി 2022 നവംബർ 6ന് ഉച്ചതിരിഞ്ഞു 2:00 മുതൽ 5.00 വരെ അതാതു ഹൗസ്ഹോൾഡുകളോട് ചേർന്ന് സോണൽ അസംബ്ലി സംഘടിപ്പിക്കുകയുണ്ടായി. എൻ. ജെ. വൈ. സി. മെമ്പർ ആയ സിന്റോ കാടയും, കെ. ജെ. വൈ. സി. മെംബേർസ് ആയ ഡോ.അലീന മേരി പോൾ, അനില ആന്റണി, തുടങ്ങിയവരും, തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, എന്നിവർ സന്നിഹിതരായിരുന്നു. കൂടാതെ 2022 ഡിസംബർ 11നു സെന്റ് പോൾസ് കുരിയച്ചിറ സ്കൂളിൽവച്ച് നടക്കുവാൻ പോകുന്ന ജീസസ് യൂത്ത് കുടുംബ സംഗമം ആയ ഫാമിലി ഗാതെറിങ്ന്റെ പോസ്റ്റർ ലോഞ്ച് തൃശ്ശൂർ ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ ഈ പരിപാടിയുടെ ജനറൽ കോർഡിനേറ്ററും കാച്ചേരി ഇടവകാംഗ വുമായ ഡിബിൻ ഡേവിസിന്റെ മാതാപിതാക്കന്മാരെ ക്ഷണിച്ചുകൊണ്ട് നിർവഹിച്ചു. 400 പേരോളം പങ്കെടുത്ത സോണൽ അസ്സംബ്ലിയുടെ ജനറൽ കോർഡിനേറ്റർ ഗ്ലോറി ടി. പോൾസൻ സഹകരിച്ച എല്ലാവർ ക്കും നന്ദി രേഖപ്പെടുത്തി. കേരള അസ്സംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരായ ബ്രിട്ടോ മൈക്കിൾ, ജെറിൻ ജോയ്, ജാനറ്റ് ജിമ്മി, അനീഷ ജെൻസൻ, ഷൈജു മാത്യു, മെറീന കെ. ഒ., ഫ്രഡ്ഡി ജെയിംസ്, പ്രിൻസി സ്റ്റീഫൻ, ലിയോ ടോം, ആഷിക് എം, എസ്, സിജോ വി. ജെ., ഷിബിൻ വർക്ഷീസ്, ജോബിൻ ജോൺസൻ, റീന ബെർണാർഡ്, ഡിബിൻ ഡേവിസ്, അലക്സ് ചാക്കോ എന്നിവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ക്യാമ്പസ് മീറ്റ്**

തൃശ്ശൂർ ജീസസ് യൂത്ത് ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, 2022 ഒക്ടോബർ 21 മുതൽ 24 വരെ യുവതലമുറയുടെ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുന്ന ഇടങ്ങൾ കൂടിയാകണം കലാലയങ്ങൾ എന്ന ലക്ഷ്യത്തോടെ ക്യാമ്പസ് മീറ്റ് 2022, പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിൽ വച്ച് നടന്നു. 38 കോളേജുകളിൽ നിന്നായി 300ഓളം യുവജനങ്ങൾ ഏറെ ആവേശത്തോടെയാണ് ഈ പരിപാടിയെ സ്വീകരിച്ചത്. ജീസസ് യൂത്ത് മ്യൂസിക് ബാൻഡ് ആയ

ക്രോസ്സ് ടോക്ക് ആത്മീയതയുടെ വിരുന്ന് സമ്മാനിച്ചു.

പ്രോഗ്രാമിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലി അർപ്പിച്ചു. സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആശംസകൾ അറിയിച്ചു. തൃശ്ശൂർ അതിരൂപത ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. ഡെന്നി ചിറയത്ത്, പ്രജ്യോതി നികേതൻ കോളേജ് ഫൌണ്ടർ ഡയറക്റ്ററും മാനേജറുമായ ബഹു. ഡോ. ഫാ. ഹർഷജൻ പഴയാട്ടിൽ OFM Cap, പുതുക്കാട് ഫൊറോനാ വികാരി ഫാ. ജോൺസൺ ചാലിശ്ശേരി, തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, കേരള കോർഡിനേറ്റർ ജോൺ സണ്ണി, കേരള ക്യാമ്പസ് മിനിസ്ട്രി കോർഡിനേറ്റർ ആൽബിൻ ജോസഫ് തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, തൃശ്ശൂർ ക്യാമ്പസ് കോർഡിനേറ്റർ ഇമ്മാനുവൽ റോജൻ എന്നിവരും ജീസസ് യൂത്ത് സീനിയേഴ്സും വിവിധ സെഷനുകൾക്കും ആരാധനകൾക്കും നേതൃത്വം നൽകി. വിവിധ കോൺഗ്രിഗേഷനുകളിൽനിന്നു നാല് സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. ജനറൽ കോർഡിനേറ്റർ അകിനാസ് മാളിയേക്കൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# KCSL

**അതിരൂപത കലോത്സവ സാഹിത്യോത്സവങ്ങൾ സമാപിച്ചു.**

ഈ അദ്ധ്യയനവർഷത്തെ കെ സി എസ് എൽ അതിരൂപത സാഹിത്യോത്സവം സെപ്തംബർ 21 ന് തൃശൂർ സെന്റ് തോമസ് കോളേജ് സ്കൂളിൽ വച്ച് നടന്നു. ഏകദേശം എഴുന്നൂറോളം മത്സരാർത്ഥികൾ പങ്കെടുത്തു. ഈ വർഷത്തെ കലോത്സവം ഒക്ടോബർ 10ന് തൃശൂർ സേക്രഡ് ഹാർട്ട് സ്കൂളിൽ വച്ചായിരുന്നു. പന്ത്രണ്ടോളം വേദികളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. എണ്ണൂറിലധികം മത്സാരാർത്ഥികൾ പങ്കെടുത്തു. പങ്കെടുത്തവർക്കും സഹകരിച്ചവർക്കും നന്ദി.

**സംസ്ഥാന കലാസാഹിത്യോത്സവം**

കെ സി എസ് എൽ സംസ്ഥാന സാഹിത്യോത്സവം 2022 ഒക്ടോ

ബർ 8ന് ചാലക്കുടി സേക്രഡ് ഹാർട്ട് സ്കൂളിൽ വച്ച് നടന്നു. തൃശൂർ അതിരൂപതയിൽ നിന്ന് അതിരൂപത സാഹിത്യോത്സവത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പങ്കെടുത്തു.

**കലാ സാഹിത്യോത്സവം ഓവറോൾ ജേതാക്കൾ**

തൃശൂർ അതിരൂപത കെ സി എസ് എൽ സാഹിത്യോത്സവങ്ങളിലെ ഓവറോൾ ജേതാക്കളെ പ്രഖ്യാപിച്ചു.

ഹയർ സെക്കണ്ടറി ബോയ്സ്

I സെന്റ് തോമസ് കോളേജ് എച്ച്.എസ്.എസ്, തൃശൂർ

ഹയർ സെക്കണ്ടറി ഗേൾസ്

I സേക്രഡ് ഹാർട്ട് സി ജി എച്ച് എസ് എസ്, തൃശൂർ

ഹൈസ്കൂൾ ബോയ്സ്

I ദീപ്തി എച്ച് എസ് എസ്, തലോർ

ഹൈസ്കൂൾ ഗേൾസ്

I സേക്രഡ് ഹാർട്ട് സി ജി എച്ച് എസ് എസ്, തൃശൂർ

യു പി ബോയ്സ്

I സെന്റ് തോമസ് കോളേജ് എച്ച്.എസ്.എസ്, തൃശൂർ

യു പി ഗേൾസ്

I ഹോളി ഫാമിലി സി ജി എച്ച് എസ് എസ് ചെമ്പൂക്കാവ്, തൃശൂർ

കലാസാഹിത്യോത്സവ മത്സര വിജയികളുടെ പേര് വിവരം ബ്ലോഗിൽ നൽകിയിട്ടുണ്ട്. സ്റ്റേറ്റ് സാഹിത്യോത്സവ മത്സരവിജയികളെ ഇതുവരെയും പ്രഖ്യാപിച്ചിട്ടില്ല. മത്സരഫലങ്ങൾ വരുന്നതിനു മുറയ്ക്ക് അവ ബ്ലോഗിൽ നൽകുന്നതാണ്. സ്റ്റേറ്റ് കലോത്സവത്തിന്റെ വിവരങ്ങളും ഇതുവരേയും ലഭ്യമായിട്ടില്ല. അതിരൂപതാ കലാസാഹിത്യോത്സവ മത്സരവിജയികൾക്ക് ജനുവരിയിൽ നടക്കുന്ന അതിരൂപതാ വാർഷികത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**കെ സി എസ്സ് എൽ ഡേ**

ഈ വർഷത്തെ കെ സി എസ്സ് എൽ ഡെ ഡിസംബർ 2 വെള്ളിയാഴ്ചയാണ്. യൂണിറ്റു തലത്തിൽ ആഘോഷങ്ങളും ക്രിസ്തുമസ് നക്ഷത്ര നിർമ്മാണ മത്സരവും നടത്തേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

യൂണിറ്റ് തല പ്രവർത്തന റിപ്പോർട്ടും ആനിമേറ്റേഴ്സ് ഡയറിയും അതിരൂപതയിൽ ഏല്പിക്കേണ്ട ദിവസം ഡിസംബർ 10 നാണ്.

**ഫാ. ജോയ് അടമ്പുകുളം**

ഡയറക്ടർ

# കെസിവൈഎം

**തീരദേശ ജനതയുടെ സമരത്തിന് ഐക്യദാർഢ്യം**

വിഴിഞ്ഞം തീരദേശജനതയുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.സി.വൈ.എം. തൃശൂർ അതിരൂപത ചാവക്കാട് കടലോരമേഖലയിൽ ഐക്യദാർഢ്യ സദസ്സ് സംഘടിപ്പിച്ചു. തീരദേശ നിവാസികളുടെ നീതിക്കുവേണ്ടിയുള്ള ഐക്യദാർഢ്യ സദസ്സ് സഭാതാരവും, മുൻ കാത്തലിക് യൂണിയൻ ചെയർമാനുമായ പി.ഐ. ലാസർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം നൽകിയ ഐക്യദാർഢ്യ സദസ്സിന് അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ചു. സദസ്സന് ട്രഷറർ ജിഷാദ് ജോസ് നന്ദി പറഞ്ഞു. അതിരൂപത വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, സിൻഡിക്കേറ്റ് മെമ്പർ സാജൻ ജോസ്, അസിസ്റ്റന്റ് ഡയറക്ടർ പാ. പ്രതീഷ് കല്ലറയ്ക്കൽ, മുൻ അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫെബിൻ കുത്തൂർ, വേലൂർ ഫൊറോന ഡയറക്ടർ ജോഫി ചിറ്റിലപ്പിള്ളി, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെമ്പർമാരായ ടോണി കല്ലൂക്കാരൻ, വിപിൻ ലൂവീസ്, മേജോ പൊറത്തൂർ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനിയേൽ ജോസഫ്, ഫൊറോന പ്രസിഡന്റുമാരായ റൊണാൾഡ്, ജെറിൻ, മറ്റു ഫൊറോന –ഇടവക ഭാരവാഹികൾ നേതൃത്വം നൽകി.

**അതിരൂപത യുവജന ദിനാഘോഷം ലോഗോ പ്രകാശനം**

അതിരൂപതയിലെ യുവജനങ്ങളെ കോർത്തിണക്കിക്കൊണ്ട് നടത്തുന്ന കെ.സി.വൈ.എം. യുവജനദിനാഘോഷത്തിന്റെ ലോഗോ പ്രകാശനം വികാരി ജനറൽ മോൺ. ജോസ് കോനിക്കര നിർവ്വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ, പ്രസിഡന്റ് സാജൻ ജോയ്, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, ജനറൽ കൺവീനർ മേജോ മോസസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ആനിമേറ്റർ സി. ഫ്രാൻസി മരിയ, ടോണി കല്ലൂക്കാരൻ, മേജോ പൊറത്തൂർ, വിപിൻ ലൂവീസ്, ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി എന്നിവർ ചടങ്ങുകൾക്കു നേതൃത്വം നൽകി. വിവിധ ഫൊറോന യൂണിറ്റ് ഭാരവാഹികൾ, മറ്റു യുവജന സുഹൃത്തുക്കൾ തുട

ങ്ങിയവർ പങ്കെടുത്തു.

**അതിരൂപത സെനറ്റുമായി കെ.സി.വൈ.എം. തൃശൂർ അതിരൂപത**

കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പതിനാറ് ഫൊറോനകളെ കോർത്തിണക്കിക്കൊണ്ട് അതിരൂപത സെനറ്റ് സംഘടിപ്പിച്ചു. തൃശൂർ ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന സെനറ്റ് സമ്മേളനം തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ സദസ്സിനെ അഭിസംബോദന ചെയ്തു സംസാരിച്ചു. ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജിജോ, സെക്രട്ടറി മേജോ മോസസ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെമ്പർമാരായ മേജോ പൊറത്തൂർ, വിപിൻ ലൂവീസ്, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി, ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**കെ.സി.വൈ.എം. തൃശൂർ അതിരൂപത യുവജന ദിനാഘോഷം**

തൃശൂർ അതിരൂപതയിലെ യുവജനങ്ങളെ കോർത്തിണക്കിക്കൊണ്ട് കെ.സി.വൈ.എം. തൃശൂർ അതിരൂപത യുവജന ദിനാഘോഷം സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ചു. തൃശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നടത്തി. റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ മുഖ്യാതിഥിയായി പങ്കെടുത്തു. കലാ-കായിക-സാമൂഹിക മേഖലകളിൽ ഉന്നത സ്ഥാനം നേടിയ യുവജനങ്ങളെ ആദരിച്ചു. തുടർന്ന് യുവജനങ്ങൾക്കുവേണ്ടി നടന്ന സെമിനാറിന് ഫാ. ജിനോ നേതൃത്വം നൽകി. തുടർന്ന് യുവജന റാലിയും കലാപരിപാടികളും സംഘടിപ്പിച്ചു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സെൻട്രൽ കൗൺസിലിന്റെ 74-ാം വാർഷികവും പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും വി. വിൻസെന്റ് ഡി പോളിന്റേയും വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസ്സാനാമിന്റേയും സംയുക്ത തിരുനാളും ഈസ്റ്റ് എ.സി. യിലെ വിജയപുരം സെന്റ് ഫ്രാൻസീസ് സേവ്യർ ദൈവാലയത്തിൽ വെച്ച് 16-10-2022 ന് നടത്തി. തലേദിവസം കേരളത്തിലെ പ്രഥമ വിൻ സെന്റ് ഡി പോൾ സംഘം സ്ഥാപിതമായ വേലൂർ ഫൊറോന പള്ളി യിൽ നിന്നും ഉച്ചതിരിഞ്ഞ് 4.00 മണിക്ക് വികാരി വെരി. റവ. ഡേവീസ് ചിറയത്ത് കൈമാറിയ ദീപശിഖ പ്രയാണം മുണ്ടത്തിക്കോട്, തിരുത്തി പ്പറമ്പ്, അത്താണി, തിരൂർ എന്നീ ഇടവകകളിലെ സ്വീകരണങ്ങളേറ്റു വാങ്ങി വൈകീട്ട് 7.00 മണിക്ക് സമ്മേളന നഗരിയായ ചേറൂർ വിജയപുരം പള്ളിയിൽ എത്തിച്ചേർന്നു.

വാർഷികത്തോടനുബന്ധിച്ച് സി.സി. ആദ്ധ്യാത്മിക ഉപദേ ഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്തിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയ്ക്കുശേഷം അംഗങ്ങൾ പ്രതിജ്ഞ പുതുക്കി. തൃശൂർ അതി രൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രതിനിധി സമ്മേ ളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്ലാറ്റിനം ജൂബിലി ലോഗോ പ്രകാ ശനം നിർവ്വഹിച്ചു. എറവ് ഇടവക വികാരി റവ. ഫാ. റോയ് ജോസഫ് വടക്കൻ സെമിനാർ വഹിച്ചു. ഉച്ചയ്ക്കുശേഷം നടന്ന പൊതുസമ്മേള നത്തിന് പ്രസിഡണ്ട് ബ്ര. ജോസ് ജെ. മഞ്ഞളി പറഞ്ഞു. പ്ലാറ്റിനം ജൂബി ലിയുടെ ഭാഗമായി നടത്തുവാനുദ്ദേശിക്കുന്ന 75 ഭവനങ്ങളുടെ നിർമ്മാണ പദ്ധതി വിശദീകരിച്ചു. സെക്രട്ടറി ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത് എമിര റ്റസ് മാർ ജേക്കബ് തൂങ്കുഴി പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും, ജൂബിലി- ഭവന-ശില ആശീർവ്വാദവും, ജൂബിലേറിയൻമാർക്ക് മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. നാഷ്ണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. എസ്. ജൂഡ് മംഗൾരാജ് അദ്ധ്യക്ഷ പ്രസംഗം നടത്തി. പ്ലാറ്റിനം ജൂബിലി പ്രവർത്തനങ്ങൾക്കായി സ്ഥലം ദാനമായിത്തന്ന ശ്രീ. ജോസ് അരിക്കാട്ടി ലിന്റെ പക്കൽ നിന്നും വസ്തുവിന്റെ പ്രമാണം സ്വീകരിച്ചു. സംഭാവന കൂപ്പൺ വിതരണോദ്ഘാടനവും നടത്തി. റവ. ഫാ. ജിക്സൺ താഴത്ത്

അനുഗ്രഹപ്രഭാഷണം നിർവ്വഹിച്ചു. സി. ഡോ. ബീന ജോസ് (പ്രിൻസിപ്പാൾ – വിമല കോളേജ്), ഇരിഞ്ഞാലക്കുട സി.സി. പ്രസിഡന്റ് ബ്ര. ടി.എൽ ജോർജ്ജ്, ഇടവക ട്രസ്റ്റി ശ്രീ. വർഗ്ഗീസ് പെരുമാട്ടിൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.എ. ഷിബു യോഗത്തിന് നന്ദിയർപ്പിച്ചു.

**വാഴ്ത്തപ്പെട്ട സി. റോസിലി റെന്റുവിന്റെ തിരുനാളും, വനിതാ ദിനാചരണവും**

നവംബർ 9ന് എടക്കളത്തൂർ നിർമ്മല സദൻ ആശ്രമത്തിൽ വെച്ച് അവിടത്തെ അന്തേവാസികളുമായി ആചരിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ജോസ് ജെ. മഞ്ഞളി അദ്ധ്യക്ഷത വഹിച്ച യോഗം മദർ സുപ്പീരിയർ സി. എൽസി ഇല്ലിക്കൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സി. റീന ജെയിംസ്, സെക്രട്ടറി ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി, എടക്കളത്തൂർ കോൺഫറൻസ് പ്രസിഡന്റ് ബ്ര. ഡേവീസ് വാഴപ്പിള്ളി, വനിതാ കൺവീനർ സി. ഷീല റാഫേൽ, സി. ജെമ്മ വിൻസെന്റ്, സി. ജിജി ജോസ് എന്നിവർ സംസാരിച്ചു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

## പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ അഞ്ചാം യോഗം റിപ്പോർട്ട്

18–ാമത് പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാം യോഗം 2022 നവംബർ 12 ശനി ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കൂടി. ഉച്ചകഴിഞ്ഞ് 1:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. ശ്രീമതി ദിവ്യ ജോബിൻ നയിച്ച പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് സി. ബി. സി. ഐ. പ്രസിഡന്റായി ചുമതല ഏറ്റെടുത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ആശംസകൾ നേരുകയും ബൊക്കെ നൽകി അനുമോദിക്കുകയും ചെയ്തു. ശേഷം ജോ. സെക്രട്ടറി ശ്രീ. എൻ. പി. ജാക്സൺ റിപ്പോർട്ട് അവതരിപ്പിക്കു

കയും യോഗം അത് പാസ്സാക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി
ഫാ. ഡൊമിനിക് തലക്കോടൻ ആമുഖപ്രഭാഷണം നടത്തി.

"സീറോ മലബാർ സമുദായത്തിന്റെ സാമൂഹിക-സാമ്പത്തി
കസ്ഥിതി" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. സാജൻ മാറോക്കി
ക്ലാസ്സ് നയിച്ചു. തുടർന്ന് ചർച്ചകൾ നടന്നു. വികാരി ജനറാൾ ഫാ. ജോസ്
കോനിക്കര അറിയിപ്പുകൾ നൽകി. അതിരൂപത കോർപ്പറേറ്റ് എജുക്കേ
ഷൻ ഏജൻസിയുടെ ഉപദേശകസമിതിയിലേക്ക് പാസ്റ്ററൽ കൗൺസി
ലിൽ നിന്ന് ശ്രീ. പി. ഡി. വിൻസെന്റിനെ തെരഞ്ഞടുത്തു. സോഷ്യൽ
ആക്ഷന്റെ കമ്മറ്റിയിലേക്ക് പാസ്റ്ററൽ കൗൺസിലിൽ നിന്നുള്ള ശ്രീ.
സി. ജെ. ജെയിംസ്, ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, ശ്രീ. ജോജു മഞ്ഞി
ല, ശ്രീ. റോണി അഗസ്റ്റ്യൻ, ശ്രീ. ഷിമ്മി വറീത്, ഡോ. ഡെയ്സൻ
പാണേങ്ങാടൻ, ശ്രീമതി എലിസബത്ത് മാത്യു, ശ്രീമതി ബീന ജോഷി,
ശ്രീമതി ജിന്നി ജോയ്, ശ്രീമതി കരോളി ജോഷ്വാ എന്നിവരെയും തെര
ഞ്ഞെടുത്തു.

തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷപ്രസംഗം
നടത്തി. പുതിയതായി ഏറ്റെടുത്ത ഉത്തരവാദിത്വം ഏറ്റവും ഭംഗിയായി
നിർവഹിക്കുന്നതിന് അംഗങ്ങളുടെ പ്രാർത്ഥനാസഹായം അഭിവന്ദ്യപി
താവ് ആവശ്യപ്പെട്ടു. വർത്തമാനകാലഘട്ടത്തിൽ പറോക് പഠനറി
പ്പോർട്ടിന്റെ പ്രാധാന്യത്തെ അഭിവന്ദ്യപിതാവ് എടുത്തുപറഞ്ഞു. പാരിഷ്
ഫെസിലിറ്റേഷൻ സെന്റർ ഇടവകതലത്തിൽ ആരംഭിക്കേണ്ടതിന്റെ ആവ
ശ്യകതയും അദ്ദേഹം ചൂണ്ടികാട്ടി. അതിരൂപത പാസ്റ്ററൽ
കൗൺസിലിന്റെ അവാർഡ് ദിനം കൂടിയായതിനാൽ വിവിധ മേഖലക
ളിൽ അവാർഡിനർഹരായവരെ അഭിവന്ദ്യപിതാവ് പ്രത്യേകം അഭിന
ന്ദിച്ചു. ഒപ്പം മിഷൻ സണ്ടെ കളക്ഷനുകളിൽ സമ്മാനാർഹരായ ഇടവ
കകളെയും അഭിവന്ദ്യപിതാവ് അനുമോദിക്കുകയും സമ്മാനങ്ങൾ വിത
രണം ചെയ്യുകയും ചെയ്തു.

വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അംഗങ്ങൾക്ക് നന്ദി
പറഞ്ഞു. അഭിവന്ദ്യപിതാവിന്റെ സമാപാനാശീർവാദത്തോടെ വൈകിട്ട്
4:30ന് യോഗം സമാപിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി



# ക്രിസ്തുമസ്സ്
## ആശംസകൾ



തൃശ്ശൂർ അതിരൂപതയുടെ മദ്ധ്യസ്ഥയായ

## പരിശുദ്ധ അമലോത്ഭവമാതാവിന്റെ
## തിരുനാൾ മംഗളങ്ങൾ

**ഡിസംബർ 08**



2022 നവംബർ 18ന് ആശീർവദിക്കപ്പെട്ട
മനക്കൊടി സാവിയോ ഹോമിലെ ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.11.2022
**December- 2022**



CBCI
CATHOLIC BISHOPS' CONFERENCE OF INDIA

**ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (സിബിസിഐ) പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട**
**മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്**
**അതിരൂപത മക്കളുടെ പ്രാർത്ഥനാശംസകൾ**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor